പ്രസ്താവനശേഖരം



Reg: No. M. 2689.
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൨൦ | പേജ് ൧൨

കൊല്ലം ൧൯൪൫ അക്ടോബർ ൨൨-ാംനു
൧൧൨൧ തുലാം ൬-ാംനു തിങ്കളാഴ്ച

ലക്കം ൧൫ | ഒററപ്രതി അണ ൧

# സമരവും സമാധാനവും

### ബോറിസ് ഇസക്കോവ്

രണ്ടാംലോകമഹായുദ്ധം സമാപിച്ചു രണ്ടു സംവത്സരം കഴിഞ്ഞിരിക്കുന്നു. രാജ്യതന്ത്രജ്ഞന്മാർ രണ്ടുസംവത്സരങ്ങൾക്കുമുമ്പു അവരുടെ ഉയർന്ന പ്രസംഗമണ്ഡപങ്ങളിൽ നിന്നുകൊണ്ടു പ്രഖ്യാപനംചെയ്തതു അന്നു അവസാനിച്ച യുദ്ധം ലോകത്തിലെ അവസാനയുദ്ധമാണെന്നും ശാശ്വതമായ സമാധാനത്തിന്റെ ഒരുയുഗമാണു് ആരംഭിച്ചിരിക്കുന്നതെന്നുമാണു്. നിർഭാഗ്യവശാൽ അവരുടെ പ്രവചനങ്ങളും യാഥാർത്ഥ്യങ്ങളുമായി പൊരുത്തമില്ലാതെയാണു് വന്നുതീർന്നിരിക്കുന്നതു്. ഭൂഗോളം സമാധാനത്തിന്റെ ഒരു പന്ഥാവിലായിത്തീർന്നുകഴിഞ്ഞിട്ടില്ല. ലോകത്തിൽ പലഭാഗങ്ങളിലും പീരങ്കികൾ ഇന്നും ഗർജ്ജിച്ചുകൊണ്ടിരിക്കുന്നു. ബോംബുകൾ പൊട്ടിത്തകർന്നുകൊണ്ടിരിക്കുന്നു; മനുഷ്യരക്തം ചിന്തിയൊഴുകുന്നു. പലരാജ്യങ്ങളിലും സമരാഗ്നി ഇന്നും ജ്വലിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. ഇന്നും ഭയങ്കരാകൃതിയിൽ സമരം നടമാടുന്നു. അനേകകോടി ജനങ്ങൾ അധിവസിക്കുന്ന ഭൂവിഭാഗങ്ങൾ ഇന്നും സമരദേവന്റെ വിഹാരരംഗങ്ങളായി അവശേഷിക്കുന്നു.

വിസ്തൃതമായ ചീനരാജ്യം വൻപിച്ച ഒരു സമരത്തിന്റെ രംഗമാണു്. ഇരുഭാഗത്തും അണിനിരന്നിട്ടുള്ള സേനകളിൽ ലക്ഷക്കണക്കിനുള്ള ഭടന്മാർ ഉൾപ്പെടുന്നു. ആൾനഷ്ടങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നതും ലക്ഷക്കണക്കിനാണു്.

ചൈനയിലേതു ഒരു ആഭ്യന്തരസമരമാണെന്നാണു് പത്രവിവരണങ്ങൾ. എന്നാൽ ഒരുഭാഗത്തുള്ള സേനകൾ വിദേശായുധങ്ങൾ ധരിച്ചുവരും വിദേശീയരാൽ ശിക്ഷണം നൽകപ്പെട്ടവരും വിദേശയാനംകൊണ്ടു മോചിപ്പിക്കപ്പെട്ടവരുന്നവരുമാണു്. ജപ്പാനുമായുണ്ടായ സമരത്തിൽ കോമിൻടാങ് എന്ന പിന്തിരിപ്പൻപക്ഷത്തിന്റെ സൈന്യവിഭാഗത്തെ നഷ്ടംകൂടാതെ പരിരക്ഷിക്കുന്നതിനു അവർ ശ്രമിച്ചു. ശത്രുവുമായി വലിയ സംഘട്ടനങ്ങളുണ്ടാകാതെ അവർ അതു സൂക്ഷിച്ചു. അന്നു സൈന്യത്തെ സൂക്ഷിച്ചുസംരക്ഷിച്ചതിനു കോമിൻടാങ് നേതൃത്വത്തെ പ്രേരിപ്പിച്ച ചേതോവികാരം എന്തായിരുന്നുവെന്നു ഇന്നു നാം അറിയുന്നു. സ്വസഹോദരന്മാരുമായി നടക്കാനിരുന്ന യുദ്ധത്തിനുവേണ്ടി സേനകളെ കരുതിസൂക്ഷിക്കുകയായിരുന്നു അന്നു അവർ ചെയ്തതു്. പരക്ഷമുഷിച്ചതും അല്പപൂർവ്വമായ കോമിൻടാങ്ങിനു അധികനാൾ അമേരിക്കൻസഹായംകൂടാതെ ഒരുയുദ്ധം നടത്തുകയെന്നല്ല ജീവിക്കുന്നതിനുപോലും സാധിക്കുമായിരുന്നില്ല. കോമിടാങ് ഖജനാവുകൾ നിറഞ്ഞിരിക്കുന്നതു് അമേരിക്കയിൽനിന്നു പ്രവഹിക്കുന്ന ഡാളർകൊണ്ടുമാത്രമാണു്. ഇരുപതിൽപരം കോമിൻടാങ് ഡിവിഷൻ (സേനാവിഭാഗങ്ങൾ) അമേരിക്കൻ ആയുധസജ്ജീകരണങ്ങളോടുകൂടിയവയാണു്. അമേരിക്കൻസൈനികോദ്യോഗസ്ഥന്മാർ നാൻകിങ്ങിൽ സസുഖം വസിക്കുന്നു.

ചൈനയിലെ അന്തമില്ലാത്ത സമ്പത്തും വൈഭവങ്ങളും അതിവിപുലമായ കമ്പോളവും അമേരിക്കൻസാമ്രാജ്യമോഹികളെ ആകർഷിക്കുന്ന അയസ്കാന്തമാണു്; അവരുടെ ധനതൃഷ്ണയ്ക്കു മൂർച്ചകൂട്ടുന്നതിനുള്ള പ്രേരണകളാണു്. ചൈനയിലെ സമരാഗ്നിയ്ക്കുള്ള വിറകു അമേരിക്കയുടെ ഡാളർനയമാണു്.

ഇൻഡോനീഷ്യയേയും സമരജ്വാലകൾ ചുററിപ്പിടിച്ചിരിക്കുകയാണു്. ഡച്ചുസാമ്രാജ്യദ്രോഹികളുടെ ൧൨൦൦൦൦ വരുന്ന പട ഇൻഡോനീഷ്യൻറിപ്പബ്ലിക്കിനെ ചതിവായി ആക്രമിച്ചു. ജാവായിലെ യുദ്ധക്കളങ്ങളിൽനിന്നുള്ള ഔദ്യോഗികപത്രികകൾ ദിനംപ്രതി വർത്തമാനപ്പത്രങ്ങളിൽ പ്രസിദ്ധപ്പെട്ടുവരുന്നു. ഇൻഡോനീഷ്യൻയുദ്ധം മെസഞ്ചർ ... ക്രൂരതകൾ ... കാര്യപരിപാടിയിൽ ഉൾപ്പെട്ടതായിട്ടുണ്ടു്. ഈ "കളോനിയൽ" യുദ്ധത്തിൽ ഇൻഡോനീഷ്യ എതിരിടുന്നതു് ഡച്ചു സാമ്രാജ്യമോഹികളോടു മാത്രമല്ല. ഇൻഡോനീഷ്യൻ ഗ്രാമങ്ങൾ ചുട്ടു ചാമ്പലാക്കുന്നതിനു ബ്രിട്ടന്റെ "ജെററ് സ്പ്രാപ്പ്ൻഡു്" വിമാനങ്ങൾ ഉപയോഗിച്ചുവരുന്നുണ്ടു്. തലസ്ഥാനനഗരിയായ ജോഗ്ജകർട്ടയിലേയ്ക്കു തള്ളിക്കയറുന്നതിനു് നീങ്ങിവരുന്ന സേനകളുടെ പുരോഭാഗത്തു അമേരിക്കൻ "ഷെർമൻ" ടാങ്കുകളാണു കാണുന്നതു്. ഡച്ചുസേനയ്ക്കു വിഭവങ്ങൾ നൽകുന്നതു സിംഗപ്പൂരിൽനിന്നാണു്. ഇൻഡോനീഷ്യൻ പ്രശ്നത്തിനു ഐക്യരാഷ്ട്രസമിതി പരിഹാരമുണ്ടാക്കുന്നതിനു പ്രതിബന്ധമായി നിൽക്കുന്നതു് അമേരിക്കൻ നയതന്ത്രജ്ഞന്മാരാണെന്നാണു കാണുന്നതു്. ഇൻഡോനീഷ്യയിലെ വിശാലവും സമൃദ്ധവുമായ റബ്ബർ, കരിമ്പു് കൃഷിത്തോട്ടങ്ങളും എണ്ണഖനികളും തങ്ങളുടെ കൈവശത്തിൽനിന്നു പോകുന്നതിൽ ലോകത്തിലെ കുത്തകരാജ്യങ്ങൾക്കു വൈമനസ്യമാണുള്ളതു്. ഇൻഡോനീഷ്യൻ ജനങ്ങൾക്കെതിരായി സംഘടിതസമരം ചെയ്യുന്നതു ഡോളറും, സ്റ്റെർലിംഗും, ഗിൽഡറുമാണു്.

ഇൻഡോചൈനയിൽ ഫ്രഞ്ചുസൈന്യങ്ങളും വിയററ്നാം റിപ്പബ്ലിക്കുമായുള്ള സമരം നീണ്ടുവരികയാണു്. ഇൻഡോചൈനയിലെ യുദ്ധം അവസാനിക്കാറായി എന്നു ഇടയ്ക്കിടയ്ക്കു പാരീസ്സിൽനിന്നു പ്രഖ്യാപനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതോടുകൂടിത്തന്നെ സൈഗോണിൽനിന്നു് ഫ്രഞ്ചു സൈനികവകുപ്പു യുദ്ധവാർത്തകളും പ്രസിദ്ധപ്പെടുത്തിവരുന്നു. ഇരുഭാഗത്തും ഭീമമായ നഷ്ടം സംഭവിച്ചും വരുന്നു. ഫ്രഞ്ചുപ്ലാൻററന്മാർ ആർത്തിയോടെ അവരുടെ വസ്തുവകയിൽ മുറുകെപ്പിടിച്ചുകൊണ്ടിരിക്കുന്നു.

പാസിഫിക്കിലെ സമരരംഗങ്ങൾ മേൽ വിവരിച്ചവയാണു്. സമരാഗ്നി വ്യാപിച്ചിരിക്കുന്ന പസിഫിക്ക പ്രദേശങ്ങളിൽ യുണൈററഡ്സ്റ്റേററ്സിന്റെ സ്വാധീനശക്തിയാണു പ്രകടമാകുന്നതു്. അവിടത്തെ യുദ്ധങ്ങൾക്കു ഗൗരവതരമായ ഉത്തരവാദിത്വം യുണൈററഡ്സ്റ്റേററ്സ് വഹിക്കേണ്ടതാണു്.

പാസിഫിക്ക് തടത്തിന്റെ ഏറിയ ഭാഗവും കരസ്ഥമാക്കിയിരിക്കുന്ന വാൾസ്റ്റ്റീററ ധനകാര്യജ്ഞന്മാർ മെഡിറററേനിയനിലേയ്ക്കു തിരിഞ്ഞു. മദ്ധ്യപൂർവ്വദേശത്തെ എണ്ണയാണു് അങ്ങോട്ടു അവരെ ആകർഷിച്ചതു്. ഇവിടത്തെ എണ്ണ വളരെക്കാലമായി ന്യൂയോർക്കിലെ വാൾസ്റ്റ്റീററും ലണ്ടനിലെ സിററിയുമായി പങ്കുവച്ചു അനുഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു. ബ്രിട്ടീഷു ചങ്ങാളികൾക്കു ശക്തിക്ഷയം നേരിട്ടപ്പോൾ മദ്ധ്യപൂർവ്വദേശത്തെ എണ്ണ വീണ്ടും പങ്കുവച്ചു കരസ്ഥമാക്കുന്നതിനാണു് അമേരിക്കയുടെ ഇപ്പോഴത്തെ ഉദ്യമം. കിഴക്കെ മെഡിറററേനിയനിൽ കാലൂന്നിപ്പിടിക്കുന്നതിനുള്ള ദൃഢനിശ്ചയമാണു് അവർ ചെയ്തിരിക്കുന്നതു്.

മഹായുദ്ധകാലത്തു ഹിററ്ലർ ജർമ്മനിയുടെ ഇരയായിത്തീർന്നിരുന്ന ഗ്രീസ് സമാധാനകാലമായ ഇന്നു സർവ്വരാഷ്ട്രഎണ്ണഖനിമുതലാളിമാരുടെ ഇരയായി മാറിയിരിക്കുകയാണു്. ഗ്രീസിലെ ആംഗ്ലോ അമേരിക്കൻ ഇടപെടൽ പ്രസ്ഥാനം ഉൽഘാടനംചെയ്തതു ബ്രിട്ടൻതന്നെയാണു്. എന്നാൽ അവിടെ അവർ യുദ്ധം നടത്തുന്നതു് ഇന്നലെവരെ ഹിററ്ലറിന്റെ ഭസന്മാരായി വർത്തിച്ചുവന്ന ഫാസിസ്ററുകാരായ ഉപകരണക്കാരെ ഉപയോഗിച്ചാണു്. ഇപ്പോൾ ബ്രിട്ടനെ തൽസ്ഥാനത്തുനിന്നു മാററി അമേരിക്ക ആ കൃത്യം ഏറെറടുക്കുന്നതിനു സന്നദ്ധമായി വന്നിരിക്കുകയാണു്.

സാൾഡാറിസ്സ്—സെർവസ് കൂട്ടുകെട്ടിനെ സംരക്ഷിക്കുന്നതിനു അമേരിക്കൻ ആയുധങ്ങൾ സമുദ്രത്തിനപ്പുറം എത്തിക്കൊണ്ടിരിക്കുന്നു. ലാഭകരമായ വാണിജ്യം മോഹിച്ചു വെട്ടുക്കിളിപ്പററംപോലെ അമേരിക്കൻവ്യാപാരശാലകളുടെ പ്രതിനിധികൾ ദീർഘകാലമായി ക്ലേശങ്ങൾ അനുഭവിക്കുന്ന ഗ്രീക്കുകാരുടെയിടയിൽ ചാടിവീണു ആക്രമണം ആരംഭിച്ചിരിക്കുന്നു. ഗ്രീസിൽനിന്നു ബ്രിട്ടീഷുപട ഇതുവരെ പിൻവാങ്ങിക്കഴിഞ്ഞിട്ടില്ലെങ്കിലും അമേരിക്കൻപടകളെ അവിടെ അയയ്ക്കുന്നതിനു ഡാളർ രാജ്യതന്ത്രജ്ഞന്മാർ വെമ്പൽ കൂട്ടിക്കൊണ്ടിരിക്കുകയാണു ചെയ്യുന്നതു്.

വൻതരം കുത്തകകൾ പാലിക്കുന്ന രാഷ്ട്രങ്ങൾ ഇതരരാഷ്ട്രങ്ങളുടെ ഭാഗധേയം നിശ്ചയിക്കുമ്പോൾ സമാധാനമെന്നതില്ല, ഉണ്ടാകുകയുമില്ല. കുത്തകയുടെയും മുതലാളിത്വത്തിന്റെയും സാമ്പത്തികവും രാഷ്ട്രീയവുമായ ശക്തികൾ സമരത്തിനു അടിസ്ഥാനം ഇടുകയും സമരത്തെ പോഷിപ്പിക്കുകയുമാണു് ചെയ്തുവരുന്നതു്.

സോവിയററുയൂണിയനിലും പൂർവ്വയൂറോപ്പിലെ ജനാധിപത്യരാജ്യങ്ങളിലും ഉള്ള ജനങ്ങൾ സമരാനന്തരസംവിധാനവും സാമ്പത്തികവികസനവും സംബന്ധിച്ചുള്ള കൃത്യങ്ങളിൽ വ്യാപൃതരായിക്കഴിച്ചുവരികയാണു്. കവർച്ചക്കാരായ കുത്തകക്കാരില്ലാത്ത പ്രസ്തുത രാജ്യങ്ങൾ സമാധാനപരമായ ജോലികളിലാണു ശ്രദ്ധപതിപ്പിച്ചുവരുന്നതു്. ലോകസമാധാനത്തിനു ഉറപ്പുള്ള ഒരു അഭയസ്ഥാനം സോഷ്യലിസത്തിന്റെ നാടായ യു. എസ്. എസ്. ആർ. ആണു്. യുദ്ധകാലത്തു ഫാസിസത്തിനെതിരായുള്ള സമരത്തിന്റെ മുന്നണിയായിരുന്ന അതു്. ഇന്നു അതു സമാധാനത്തിന്റെ സംരക്ഷകനായി നിലകൊള്ളുന്നു.

ലോകത്തിന്റെ നേതൃത്വത്തെയും "അമേരിക്കൻശതാബ്ദ"ത്തെയുംപററി വാഷിംഗ്ടണിൽ സംസാരിച്ചു കേൾക്കുന്നുണ്ടു്. ഇത്തരം സംസാരങ്ങളുടെ സാരവ്യക്തമായ വ്യാഖ്യാനങ്ങളാണു പാസിഫിക്കിലെ യുദ്ധവും ഗ്രീസിൽ നടക്കുന്ന യുദ്ധവും. സമാധാനപ്രിയരായ രാഷ്ട്രങ്ങൾക്കു ആശ്വാസം നൽകുന്നവയല്ല ചൈനയിലും ഇൻഡോനീഷ്യയിലും ഗ്രീസിലും നാം ഇന്നു ദർശിക്കുന്ന മേൽ സൂചിപ്പിച്ച നേതൃത്വത്തിന്റെ ഉദാഹരണങ്ങൾ.

N V. S. U.

---

# ദീനരക്ഷകൻ

### പണ്ഡിതജിയെപ്പററി ഒരു മുസ്ലിം

ഉത്തരേന്ത്യയിലെ അഭയാർത്ഥികളുടെ ദുരിതനിവാരണത്തിൽ പണ്ഡിതനെഹ്രുവിനുള്ള വ്യഗ്രതയ്ക്കു ദൃഷ്ടാന്തമായ ഒരു ദൃഷ്ടാന്തം ബാംബേക്രാണിക്കിളിലെ ഒരു ലേഖകൻ എടുത്തു കാട്ടിയിരിക്കുന്നു. ലീഗുകക്ഷിക്കാരനായ ഒരു മുസ്ലീമിന്റെ അനുഭവം അദ്ദേഹം സന്തോഷാശ്രുക്കൾ വാർത്തുകൊണ്ടു പണ്ഡിതജിയെ മുക്തകണ്ഠം വാഴ്ത്തിക്കൊണ്ടും പറഞ്ഞതാണു് ഇതു്. ഡില്ലിയിലെ ലഹളയ്ക്കിടയിൽ ഈ മുസ്ലീമിനു് അദ്ദേഹത്തിന്റെ ഭാര്യയും സന്താനങ്ങളും നഷ്ടപ്പെട്ടു. വളരെനാളായി അവരെപ്പററി യാതൊരു വിവരവും ലഭിക്കായ്കയാൽ അവർ വധിക്കപ്പെട്ടു എന്നു അദ്ദേഹം ഒടുവിൽ തീരുമാനിച്ചു. നഗരത്തിൽ പരിചയമുള്ളവരോടെല്ലാം അദ്ദേഹം കത്തുകളയച്ചു നോക്കിയെങ്കിലും ഒരു മറുപടിയും ലഭിച്ചില്ല. ഡെപ്യൂട്ടികമ്മീഷണർ ചീഫ്കമ്മീഷണർ തുടങ്ങിയ ഉദ്യോഗസ്ഥന്മാർക്കും പോലീസ് വകുപ്പിലേയ്ക്കും എഴുതിയിട്ടും സ്വകുടുംബത്തെപ്പററി ഒരു വിവരവും കിട്ടിയില്ല. ഭഗ്നാശനായി അദ്ദേഹം ഒടുവിൽ പണ്ഡിതനെഹ്രുവിനു സ്വകാര്യനിലയിൽ ഒരു കത്തയച്ചു. ഏതാനും ദിവസങ്ങൾക്കകം മറുപടി ലഭിച്ചു. "നിങ്ങളുടെ നിസ്സഹായാവസ്ഥയിൽ ഖേദിക്കുന്നു, നിങ്ങളുടെ കുടുംബത്തെ തിരഞ്ഞുപിടിച്ചു വിവരം തരുന്നതിനു കഴിവുള്ളതെല്ലാം ചെയ്യുന്നതാണു്" എന്നു. മൂന്നുദിവസംകഴിഞ്ഞു ഡില്ലിയിലെ എമർജൻസിക്കമ്മിററിയുടെ ഒരു കത്തു കിട്ടി:-"ബഹുമാനപ്പെട്ട പണ്ഡിതനെഹ്രുവിന്റെ നിർദ്ദേശപ്രകാരം നിങ്ങളുടെ കുടുംബത്തെപ്പററി അന്വേഷണം നടത്തിയതിന്റെ ഫലമായി അവർ ഒരു അഭയാർത്ഥികേന്ദ്രത്തിൽ സസുഖം ജീവിച്ചിരിക്കുന്നതായി കണ്ടുപിടിക്കാൻ കഴിഞ്ഞു." എന്നാണു് അതിന്റെ ചുരുക്കം.

നിറഞ്ഞ കണ്ണുകളോടുകൂടി ഈ വിവരം പറഞ്ഞിട്ടു അദ്ദേഹം തുടർന്നു:—"ഏതാനും വർഷങ്ങൾക്കു മുമ്പു ഞാൻ ഒരു മതഭ്രാന്തനായ മുസ്ലീംലീഗുകാരനായിരുന്നു. ഗാന്ധിയെയും നെഹ്രുവിനെയും ഇസ്ലാമിന്റെ ശത്രുക്കളെന്നു കരുതി ഞാൻ വെറുത്തിരുന്നു! എന്നാൽ ഇന്നു അവർ ഞങ്ങളുടെ യഥാർത്ഥബന്ധുക്കളും രക്ഷിതാക്കളുമാണെന്നു ഞാൻ കാണുന്നു.!! പാകിസ്ഥാൻവാദക്കാരെപ്പററി അദ്ദേഹം അനന്തരം പറഞ്ഞ വാക്കുകൾ പ്രസിദ്ധപ്പെടുത്താവുന്നതല്ല.

സ്നേഹവും നീതിയും രക്ഷയുടെ രണ്ടാറിടത്തും ഇതുപോലെ മുൻപില്ലാതെ സഫലമായി പ്രയോഗത്തിൽ വരുത്തിക്കൊണ്ടു് നെഹ്രുവും ഗാന്ധിയും സ്ഥിതിഗതികളെ അഭിമുഖീകരിച്ചിട്ടു് കൊടുംവർഗ്ഗീയവാദികളായ മുസ്ലീങ്ങളെപ്പോലും പരിവർത്തനംചെയ്യുകയാണോ! പണ്ഡിതജി ഇന്ത്യയുടെയല്ല, ഓരോ ഇന്ത്യക്കാരന്റെയും രക്ഷകനാണോ! ആശ്വാസകേന്ദ്രമാണെന്നു പറയുന്നതു് അതിശയോക്തിയല്ല സത്യംമാത്രമാണു്.

—:—

# പരിവർത്തനങ്ങൾ

പാലപ്പള്ളിൽ പരമേശ്വരൻപിള്ള ബി. എ.

മനുഷ്യൻ പ്രകൃത്യാ സ്വകാര്യപരതന്ത്രനാണ്. വീട്ടിലെ അസ്വാസ്ഥത അയാളെ വിഷമിപ്പിക്കുമ്പോൾ നാട്ടുവിപ്ലവങ്ങളിലോ, മററുരാജ്യകലാപങ്ങളിലോ അയാളുടെ സഹായഹസ്തമോ ദയാദൃഷ്ടിയോ എത്തിയില്ല എന്നുവരാം. പക്ഷെ അതിനയാളെ പഴിക്കാനൊന്നുമില്ല. തന്റെ വീട് തീകത്തുമ്പോൾ അയൽപക്കത്തെ കാരണവരുടെ അനാരോഗ്യാവസ്ഥ അന്വേഷിക്കാതിരുന്നതു് സ്വാർത്ഥമാണെന്നു് ആദർശവാദികൾ അപലപിക്കാമെങ്കിലും അതു് ഒരു പ്രായോഗികസിദ്ധാന്തമല്ല. അതുകൊണ്ടുതന്നെയാണു നമ്മുടെ രാജ്യത്തെ അനാശാസ്യനിലകളെപ്പററി നാം വേദനകൊണ്ടിരിക്കെ അഖിലഭാരതസ്വാതന്ത്ര്യദിനാചരണ മഹോത്സവങ്ങളിൽ നാം പങ്കെടുത്തപ്പോൾ ഒരു നേരിയ നിരാശ നമ്മിൽ തങ്ങിനിന്നതു്. ഇന്ത്യയിൽ പരിവർത്തനം അതിന്റെ പ്രകാശരശ്മികൾ വാരിവിതറുമ്പോൾ പ്രകാരാന്തരേണയെങ്കിലും, അന്ധകാരതിമിരം അഹങ്കാരനർത്തനംചെയ്യുന്ന നാട്ടുരാജ്യങ്ങളിൽ ആ ജ്യോതിർപ്രവാഹത്തിന്റെ അംശം പാഞ്ഞെത്താതിരിക്കുകയില്ല. യൂറോപ്പിലെ വിപ്ലവസിദ്ധാന്തങ്ങൾ ഇവിടങ്ങളിൽ വേരൂന്നുന്നതിനുവന്ന കാലദൈർഘ്യം നമുക്കു വിസ്മരിച്ചുകൂടല്ലോ? ഈ പരിവർത്തനജലപ്രളയത്തിൽ നാം വെറും പൊങ്ങുതടികളെപ്പോലെ, ഒഴുക്കിനു വിധേയരായി ഏതോ ഒരു ലക്ഷ്യത്തിലേയ്ക്കു ആനയിയ്ക്കപ്പെട്ടുകൊണ്ടിരിക്കയാണ്. ഈ സ്ഥിതിവ്യത്യാസം എങ്ങിനെയുണ്ടായി എന്നു നമ്മിൽ അധികം ആരും ആരായുന്നില്ല. വിപ്ലവം എന്നു കേൾക്കുമ്പോൾ പരിഭ്രമിക്കുന്ന യാഥാസ്ഥിതികത്വം പ്രഭാതത്തിലെ മൂടൽമഞ്ഞുപോലെ ദ്രവിച്ചലിഞ്ഞു പോകുന്നു. ജനതാമദ്ധ്യത്തിൽ വിപ്ലവങ്ങൾ സൃഷ്ടിക്കുന്ന ആശയങ്ങൾ അങ്കുരിച്ചു തുടങ്ങി. ആ ശക്തിസ്ഫുരണങ്ങളുടെ പൂമൊട്ടുകൾ തീക്കട്ടകൾപോലെ ജ്വലിച്ചുകൊണ്ടിരിക്കയാണ്. അവ എത്രയെത്ര നവീനാദ്ധ്യായങ്ങൾ മനുഷ്യചരിത്രത്തിൽ സൃഷ്ടിച്ചു കഴിഞ്ഞു. ഈ മാസ്മരവിദ്യയോട്—ഈ യാന്ത്രികവിദ്യുച്ഛക്തിയോട്—നമുക്കു് വളരെ അടുത്തു പെരുമാറാൻ സന്ദർഭം കിട്ടിയതുകൊണ്ടു് അതിനോടു് നമുണ്ടായിരുന്ന ഭയം ഇന്നു ഇല്ലാതായി.

പരിവർത്തനം ഒരു ജീവൽശക്തിയാണ്. സകല ജീവരാശികളിലും അതു് അനുനിമിഷം സ്ഥിതിവ്യത്യാസം വരുത്തിക്കൊണ്ടിരിക്കുന്നു. പ്രകൃതിയുടെ പരിവർത്തന കൃത്യങ്ങൾ ശാസ്ത്രകാരന്മാരുടെ കണ്ണാടികളിൽക്കൂടിയാണ് നാം കണ്ടറിയുന്നതു്. അത്രയ്ക്കു് ജീവാന്ധന്മാരാണ് നാം. അതുപോലെതന്നെ മനുഷ്യൻ നടത്തുന്ന സാമൂഹ്യവിപ്ലവങ്ങൾ സമുദായത്തേയും രാഷ്ട്രത്തേയും കീഴ്മേൽ മറിക്കുമ്പോഴേ നാട്ടിൽ ഒരു വ്യത്യാസം വന്നുവെന്നു് നമ്മിൽ പലരും അറിയുന്നുള്ളു. ഡൽഹിയിൽ സാമ്രാജ്യങ്ങൾ ഉദിക്കുകയും അസ്തമിക്കയും ചെയ്തിരുന്ന വിവരം, നിത്യദാരിദ്ര്യപ്രശ്നത്തിൽ കുഴഞ്ഞുകഴിഞ്ഞ കൃഷിക്കാരൻ അറിഞ്ഞിരുന്നില്ല. എന്തെന്നാൽ കേന്ദ്രത്തിലെ പരിവർത്തനം അവന്റെ നിലയെ വ്യത്യാസപ്പെടുത്തിയില്ല. ലോകത്തിന്റെ ഭൂതകാലചരിത്രാദ്ധ്യായങ്ങൾ വിപ്ലവാത്മകമായ മഹാസംഭവങ്ങളാൽ നിറയ്ക്കപ്പെട്ടിട്ടുണ്ട്. വർത്തമാനകാലത്തു് നമ്മുടെ ചുററും ഉണ്ടായിക്കൊണ്ടിരിക്കുന്ന വ്യതിയാനങ്ങൾ, നാം അതിന്റെ അംശങ്ങളായിത്തീരുന്നതുകൊണ്ടു് അറിയാതെ പോകുന്നു. ജലജന്തുക്കൾ സമുദ്രത്തിന്റെ ഭീകരത എന്തറിയാനാണ്. പരിവർത്തനങ്ങൾക്കു രൂപം കൊടുക്കുന്നതു് കാലമാണ്. മാർക്സിന്റെ സിദ്ധാന്തങ്ങൾ ലെനിന്റെ കർമ്മകുശലതയാൽ റഷ്യയിൽ ഉടലെടുക്കാൻ കാലം എത്ര വേണ്ടിവന്നു? ലോക്ക്, വാൾട്ടയർ, റൂസോ എന്നിവരുടെ രാഷ്ട്രമീമാംസാതത്വങ്ങൾ യൂറോപ്പിലെ രാജ്യങ്ങളിൽ പരിവർത്തനങ്ങൾ വരുത്തിച്ചേർക്കാൻ കാലം വേണമായിരുന്നല്ലോ. ഒന്നോ രണ്ടോ ആളുകളിൽനിന്നും ജനിക്കുന്ന ഈ ശക്തിപ്രവാഹം ഈ ആശയവിനിയമനം—ജനതാമദ്ധ്യത്തിൽ സ്ഥാനംപിടിച്ചുകഴിഞ്ഞാൽ വിപ്ലവത്തിന്റെ പടനിലം തയ്യാറാവും. എല്ലാ സാമൂഹ്യവിപ്ലവങ്ങളുടേയും ആഹാരം ചിരംജീവികളായിത്തീരുന്ന ചിന്തകന്മാരുടെ ആശയങ്ങളാണ്. അവ മനുഷ്യഹൃദയങ്ങളിൽക്കൂടി കടന്നു് ജനസഞ്ചയത്തെ പരിവർത്തനത്തിനു വിധേയരാക്കുന്നു. അവയുടെ പൂർണ്ണരൂപം വിപ്ലവം നടക്കുന്ന വർത്തമാനകാലത്തു് നമുക്കു കാണ്മാൻ കഴിയുകയില്ല. മൂശയിൽ ഉരുക്കിയൊഴിച്ച ലോഹം തണുത്തുകഴിയുമ്പോഴല്ലേ നാം പദാർത്ഥങ്ങളുടെ ആകൃതിയും സ്വഭാവവും അറിയുന്നുള്ളു. കാലം ഇങ്ങനെ എത്രയെത്ര പരിവർത്തനചിത്രങ്ങളാണു നമ്മുടെമുമ്പിൽ കാഴ്ചവച്ചിരിക്കുന്നതു്.

തൂലികയും വാളും വിപ്ലവസമ്രാട്ടിന്റെ രണ്ടു വലിയ ആർജ്ജവശക്തികളാണ്. ഇവയിൽ ഏതാണ് ശ്രേഷ്ഠം എന്നു ചോദിച്ചാൽ അതു തീർച്ചയായും തൂലികയാണെന്നു നമുക്കു് പറയാൻ സാധിക്കും. എന്തുകൊണ്ടെന്നാൽ ആളുകളെക്കൊണ്ടു് വാളെടുപ്പിക്കാനുള്ള ശക്തി തൂലികയിലാണ് സ്ഥിതിചെയ്യുന്നതു്. തൂലികയിൽ നിന്നുവന്ന തത്വങ്ങൾ മനുഷ്യമനസ്സിൽ വിപ്ലവം നടത്തുന്നു. അതിനു കാലപരിധി ഇല്ല. വാളോ, ഭയചകിതരായ ജനങ്ങളെ നിർബ്ബന്ധിച്ചു അതിന്റെ ശക്തിക്കധീനരാക്കുന്നു. യുക്തിയും ന്യായവും തൂലികയുടെ കളിത്തോഴികളാണ്; വാളിനോ, രുദ്രന്റെ സംഹാരതാണ്ഡവം മാത്രം, ഒന്നു് ആന്തരീകശക്തിയാണെങ്കിൽ മററതു് ബാഹ്യംമാത്രമാണ്. പക്ഷെ രണ്ടും സാധിക്കുന്നതു് പരിവർത്തനവും. ശരീരം വാളിനു കീഴടങ്ങുമെങ്കിലും മനസ്സിനെ അതിനു വിധേയമാക്കാനുള്ള ശക്തിയില്ലല്ലോ. വാൾ വിപ്ലവാശയങ്ങളുടെ പല ആയുധങ്ങളിൽ ഒന്നുമാത്രമാണ്. ചിന്തകന്മാരുടെ സന്താനങ്ങളാണ് ആശയങ്ങൾ. അവ ജനതാമദ്ധ്യത്തിൽ പടർന്നു പന്തലിച്ച മഹാവൃക്ഷങ്ങളാണ് വിപ്ലവങ്ങൾ.

പരിവർത്തനം, ചിലപ്പോൾ ഒരു പെരുമ്പാമ്പിന്റെ സാവധാനഗതിയോടും, മററുചിലപ്പോൾ, ഇരുകരകളും ഇടിച്ചിളക്കി കലങ്ങിമറിഞ്ഞു കുതിക്കുന്ന പമ്പാപ്രവാഹംപോലെ അതിശീഘ്രതയിലും മുന്നോട്ടു പായുന്നു. സമുദായത്തിലെന്നപോലെ രാഷ്ട്രത്തിലും ഇവ്വിധ വിപ്ലവങ്ങൾ വരുത്തിവെയ്ക്കുന്ന വ്യത്യാസങ്ങൾ, എന്തെല്ലാമാണെന്നു് നാം ഓരോരുത്തരും ഒന്നു ചിന്തിച്ചുനോക്കേണ്ടതാണ്. ജനകീയഭരണസിദ്ധാന്തം പാശ്ചാത്യരാജ്യങ്ങളിൽ നടപ്പിൽ വന്നിട്ടു് ശതാബ്ദങ്ങൾ പലതുകഴിഞ്ഞു. ഈ പ്രജായത്തഭരണസിദ്ധാന്തം ഭാരതത്തിൽ പുനഃസ്ഥാപിക്കുന്നതിനു് ഇനിയും നാം എത്രനാൾ പണിപ്പെടേണ്ടിയിരിക്കുന്നു. ഈ പുതിയ സിദ്ധാന്തം വേരൂന്നിയുറയ്ക്കുന്നതിനുള്ള പശ്ചാത്തലം ഇനിയും നാം സൃഷ്ടിച്ചുകഴിഞ്ഞിട്ടില്ല. വർഗ്ഗീയസംഘടനകൾ നശിപ്പിച്ചു്, സാമ്പത്തികതത്വങ്ങളെ ആധാരമാക്കിയുള്ള സംഘങ്ങൾ ഇനിയും ഇവിടെ ഉണ്ടാകേണ്ടിയിരിക്കുന്നു. ബ്രിട്ടീഷ്മഹാശക്തി പിൻവാങ്ങിയപ്പോഴേയ്ക്കും, ശിവന്റെ ജടയിൽനിന്നും ചാടിയിറങ്ങിയ പൈശാചികകബന്ധങ്ങളെപ്പോലെ നാം നമ്മുടെ ചുററും ചോരപ്പുഴകൾ സൃഷ്ടിക്കുന്നു. ബ്രിട്ടീഷിൻഡ്യയിൽ നടക്കുന്ന കിരാതനടനം നമ്മെ ലോകരുടെ മുമ്പിൽ നിവർന്നുനിൽക്കാൻ സമ്മതിക്കുന്നില്ല. ഇപ്പോഴും, നമ്മുടെ നാട്ടുരാജ്യങ്ങളിൽ നടക്കുന്ന ജനകീയമർദ്ദനം ഒട്ടും കുറഞ്ഞിട്ടില്ല. കാലത്തിന്റെ ഗതിവിഗതികൾ അറിയാതെ, പരിചയംകൊണ്ടു് വെള്ളക്കാരനെക്കാണുമ്പോൾ ആസനം ഇളകിപ്പോകുന്ന നാട്ടുരാജാക്കന്മാർ ഇന്നും ഇന്ത്യയിലുണ്ട്. ബ്രിട്ടീഷ്സിംഹാസനത്തിന്റെ പൊടിതുടയ്ക്കാൻ പണിപ്പെട്ടിരുന്ന രത്നകിരീടങ്ങൾക്കു്, ഇന്നു് ജനങ്ങൾ അവക്കു സമ്പാദിച്ചുകൊടുത്ത സ്വാതന്ത്ര്യംമൂലം, നട്ടെല്ലു് നിവർന്നു ഇരിക്കാൻ സാധിച്ചു. അപ്പോഴും പഴയ ദിവാസ്വപ്നങ്ങൾ അവർ കണ്ടുകൊണ്ടിരിയ്ക്കയാണ്. സൂര്യനിൽനിന്നും ഊർന്നിറങ്ങിയെന്നു കരുതുന്ന ഈ പൊൻകതിരുകൾ പുകഞ്ഞടങ്ങിയ ൧൮-ാം ശതകത്തിലെ ചില രാജ്യാവകാശസിദ്ധാന്തങ്ങളും മുറുകിപ്പിടിച്ചു ഇന്നും മദാന്ധന്മാരായി കഴിയുന്നുണ്ടു്. ഇന്നലെവരെയില്ലാതിരുന്ന ഈ സാമ്രാട്ടുപദവി ഇന്നിവക്കു് എവിടുന്നുണ്ടായി? കാലത്തെ അതിജീവിച്ചുകഴിയുന്ന ഈ സിംഹാസനങ്ങൾ, കാഴ്ചബംഗ്ലാവുകളിൽ സൂക്ഷിക്കേണ്ടവയാണെന്നു് പണ്ഡിററ് നെഹ്റു പലപ്രാവശ്യവും പ്രസ്താവിച്ചിട്ടുണ്ടു്. ഒരു മഹായജ്ഞത്തിൽ ആഹുതിചെയ്യാനുള്ള ചന്ദനക്കമ്പുകളായി നാം ഇവരെ കരുതിയാൽ മതി. ഉഗ്രമായ ഈ പ്രചണ്ഡവാതത്തിൽ ദ്രവിച്ചു് പഴകിനിൽക്കുന്ന ഈ ശുഷ്കവൃക്ഷങ്ങൾ നിലംപതിക്കുകയേ നിവൃത്തിയുള്ളു. ജനാഭിലാഷമറിഞ്ഞു് ജീവിക്കുന്നവർ ഈ സമത്വം സ്ഥാപിക്കുന്ന ജലപ്രളയത്തിൽ രക്ഷപ്പെട്ടുവെന്നും വരാം. അല്ലെങ്കിൽ വിപ്ലവത്തിനു് എതിരായിനിന്ന യൂറോപ്പിലെ മഹാരാജാക്കന്മാർ ഇന്നെവിടെയാണെന്നുള്ള ചോദ്യത്തിനു് ഇവർ ഉത്തരംപറയട്ടെ!

നമ്മെ പ്രത്യേകം പ്രത്യേകമായി അകററിനിർത്തിയിരുന്ന സാമുദായികഭിത്തികൾ ഈ നവോത്ഥാനത്തിൽ നിലംപതിച്ചുകൊണ്ടിരിയ്ക്കയാണ്. സന്മാർഗ്ഗജീവിതത്തിന്റെ മാനദണ്ഡങ്ങളും മാറിക്കഴിഞ്ഞിരിക്കുന്നു. അസമത്വങ്ങൾ അകലുന്നതോടെ സ്ത്രീയ്ക്കും പുരുഷനും നിർദ്ദേശിച്ചിരുന്ന ഭിന്നനീതിനിയമങ്ങൾ ഒന്നായിച്ചേരുന്നു. ശ്വേതകേതുവിന്റെ കാലംമുതൽക്കു് സ്ത്രീകൾക്കു് ഒരു ഭൂഷണമായി വച്ചിരുന്ന പാതിവ്രത്യംപോലും, അവ പുരുഷന്റെ സ്വാർത്ഥതയുടെ വകതിരിവില്ലായ്മയാണെന്നു് യുക്തിപൂർവം ധിക്കരിച്ചുംകൊണ്ടു് സ്ത്രീകൾ അതാ സാമുദായികാനീതി മറകൾ കീറിപ്പൊളിച്ചു് പൌരസ്വാതന്ത്ര്യം കരഗതമാക്കുന്നു. മുതലാളിത്വത്തിന്റെ അസ്ഥിവാരങ്ങളിൽ കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾ കരിമരുന്നു പ്രയോഗം നടത്തുകയാണ്. ഉറങ്ങിക്കിടന്ന ഭാരതീയജനത ഉണർന്നുകഴിഞ്ഞു. പരമ്പരാഗതമായ സംസ്കാരത്തോടു് പാശ്ചാത്യസിദ്ധാന്തങ്ങൾ നമ്മിൽ ഒട്ടിപ്പിടിച്ചു നിൽക്കുന്ന ഒരു സന്ദർഭമാണിതു്. വിജ്ഞാനഭണ്ഡാഗാരം ആരുടേയും സ്വകാര്യസ്വത്തല്ല. ഒരു നവയുഗം ഉദയംചെയ്തു കഴിഞ്ഞതിനാൽ, വ്യഥിതരും മർദ്ദിതരും ആയിരുന്നവർ ഇനിമുതൽ അതല്ലാതായിത്തീരും.

രാജ്യത്തിലും സമുദായത്തിലും എന്നപോലെ ഈ പരിവർത്തനത്തിന്റെ പ്രതിഛായകൾ നമ്മുടെ സാഹിത്യത്തിലും പ്രതിബിംബിച്ചു തുടങ്ങി. 'കല കലയ്ക്കുവേണ്ടി' യെന്ന വാദം 'കല മനുഷ്യനുവേണ്ടി' യെന്നു സിദ്ധാന്തിച്ചുവരുന്നു. അപരനെ ചൂഷണംചെയ്തു്, മണിമാളികയിൽ മദിരാപാനംചെയ്തു ശയിക്കുന്ന മുതലാളിയെ പാടിയുറക്കിയിരുന്ന സാഹിതീദേവി, ഇന്നു് അവിടംവിട്ടിറങ്ങി, ദരിദ്രനേയും രോഗിയേയും മററു് അസമത്വമനുഭവിക്കുന്നവരേയും സഹതാപപൂർവം തലോടി താലോലിക്കാൻ ഒരുമ്പെടുന്നു. അവശരിൽ ലുപ്തമായിരുന്ന പ്രജ്ഞാശക്തി ഇന്നു് വളർന്നുവന്നിട്ടുണ്ടു്. അവരുടെ പൌരാവകാശബോധം അവർക്കു് ഓർമ്മ വന്നുതുടങ്ങി.

പരിവർത്തനങ്ങളുടെ ആദിമഘട്ടങ്ങളിലെല്ലാംതന്നെ ആദർശസിദ്ധാന്തങ്ങൾ അപ്പാടെ ഉടലെടുത്തു എന്നുവരില്ല. യുദ്ധം കഴിഞ്ഞാലുടൻ സമാധാനസംസ്ഥാപനത്തിനു അല്പസമയംകൂടിയേ കഴിയൂ. പുതിയ ജീവൻ ഉദയംചെയ്യുന്ന ഒരു സന്ധ്യയാണിതു്. അപ്പോഴത്തെ രജനിയുടെ വേദന ആരും അറിയുന്നില്ല. ആ യാതനകൾ അത്ര നീണ്ടുനിൽക്കുകയും ഇല്ല. ഇന്നു് നമ്മേ വലയംചെയ്യുന്ന വല്ലായ്കകളും, അതുപോലെ ക്ഷയിച്ചടങ്ങി ലോകസമാധാനതയിൽ ലയിക്കും. ഓരോ പുതിയ രാഷ്ട്രത്തിന്റെയും ഓരോ ധർമ്മസിദ്ധാന്തങ്ങളുടേയും ആഗമനാവസരങ്ങളിലെല്ലാം ഇത്തരം യാതനാസന്ധികൾ സാധാരണയാണ്. അല്പം കഴിഞ്ഞാൽ നിതാന്തസുന്ദരമായ നമ്മുടെ ഭാവനാസാമ്രാജ്യം ഒരു പരമാർത്ഥമായി രൂപാന്തരപ്പെടും. സമത്വസാഹോദര്യബന്ധങ്ങൾ വിഭ്രാന്തിമേഖലകളിൽനിന്നും ഭൂമിയിലേയ്ക്കിറങ്ങുന്ന കനകരശ്മികളായിത്തീരും. പക്ഷെ ഈ പരിവർത്തനം, അതിന്റെ ഉദ്ദിഷ്ടഫലപ്രാപ്തിയിലെത്തണമെങ്കിൽ നാം ആദർശങ്ങൾ വിട്ടു് അധഃപതിക്കാതിരിക്കണം. കിരാതത്വത്തിൽനിന്നും നമ്മെ മനുഷ്യത്വത്തിലേയ്ക്കുയർത്തിയ പരമമായ ആത്മസത്യങ്ങൾ ഈ ആപൽസന്ധിയിലും നമുക്കു് വഴിതെളിച്ചുതരട്ടെ!

—o—

ചെറുകഥ

# *'പ്രേമബന്ധം'

ആർ. നീലകണ്ഠപ്പിള്ള, ആലുവാ കാളേജ്

'യജ്ഞേശ്വരൻ' ഏതാനും വർഷങ്ങൾക്കുമുൻപു ധനവാനായിരുന്നു. അദ്ദേഹം കുലീനതയുടെ പ്രത്യക്ഷരൂപമാണ്. തന്റെ പുരാതനവും ജീർണ്ണവുമായ ഭവനം വെടിഞ്ഞു യജ്ഞേശ്വരൻ പുൽമേഞ്ഞ ഒരു കുടിലിൽ താമസിക്കയാണ്. പുരാതനഭവനം, തവള, നരച്ചീറ്, പാമ്പ് തുടങ്ങിയവയുടെ കരുണയ്ക്കുവേണ്ടി വിട്ടുകൊടുത്തു. ആർഷമായ ഗീതയുടെ ഒരു പ്രതിയാണു തനിക്കു ശേഷിച്ച ഇന്നത്തെ സ്വത്ത്. കൂടാതെ ഒരുമപ്പെൺകൊടിയും.

നീണ്ട പതിനൊന്നു സംവത്സരങ്ങൾക്കുമുൻപ് ഒരു സംഭവമുണ്ടായി; അദ്ദേഹത്തിനൊരു മകൾ ജനിച്ചു. 'കമല'യെന്നു പേരിട്ടു. ആ പേരിൽ പിതാവിന്റെ പ്രത്യാശകൾ പുഞ്ചിരി തൂകി; ആ പേരിൽ അദ്ദേഹം അതിരറ്റു വിശ്വസിച്ചു. അസ്ഥിരമായ ഭാഗ്യദേവതയെ സ്വായത്തമാക്കുവാൻ അതൊരുപാധിയായി അദ്ദേഹത്തിനു തോന്നി. ഭാഗ്യദേവതയുണ്ടോ വശഗയാകുന്നു! എന്നാൽ അവൾ ആകൃഷ്ടങ്ങളായ ചില സചേതനമുദ്രകൾ ആ കുമാരിയുടെ മുഖകമലങ്ങളിൽ നിക്ഷേപിച്ചിരുന്നു. അവൾ സുഗുണയും സുതന്വുമായിരുന്നു.

പുത്രിയുടെ വിവാഹം; തന്റെ ഇന്നത്തെ നില; ഇവയാണ് ഇന്നു പിതാവിനെ അലട്ടുന്ന മഹാപ്രശ്നങ്ങൾ. സമീപസ്ഥനായ ഒരു നല്ല യുവാവിനു മകളെ വിവാഹം ചെയ്തുകൊടുക്കുവാൻ 'യജ്ഞേശ്വരൻ' ഉറച്ചു. മാതൃവിഹീനയായ കമല ചിറകററ കപോതിയെപ്പോലെ പരവശയാണ്. പിതാവിന്റെ അമ്മാവിയുണ്ടു കമലയുടെ ധാത്രിയാണ്. അവൾ കമലയ്ക്കുവേണ്ടി പറഞ്ഞു, 'അതവൾക്കിഷ്ടമല്ലെന്ന്.' ധനോൽകൃഷ്ടനായ ഒരു വരനെയാണ് ആ അമ്മ തന്റെ കൊച്ചുമകൾക്കായി തെരഞ്ഞത്.

വളർത്തമ്മയുടെ പ്രേരണാശക്തി യജ്ഞേശ്വരനെ അസ്വസ്ഥനാക്കി. അദ്ദേഹം വരനെത്തിരക്കി തന്റെ ശാന്തസുന്ദരമായ ഗ്രാമം വിട്ടുപോയി. 'രാജഷാഹി'യിൽ എത്തി. പരിചിതനായ ഒരു വക്കീലിന്റെ ഭവനത്തിൽ അന്നു വിശ്രമിച്ചു.

സെമിന്ദാർ, 'സുന്ദർചൗദരി' ഈ നിയമജ്ഞന്റെ ഒരു മിത്രമാണ്. അദ്ദേഹത്തിന്റെ ഏകപുത്രൻ 'വിഭൂതി' കാളേജിൽ വായിക്കുന്നു; വക്കീലിന്റെ സംരക്ഷണയിൽ. വിഭൂതി, കമലയെ കണ്ടിരിക്കയില്ല; എന്തോ? സ്നേഹത്തിന്റെ രഹസ്യചേഷ്ടിതങ്ങൾ ആർക്കറിയാം! യജ്ഞേശ്വരന്റെ ശേമുഷിക്കതീതമാണു സ്നേഹത്തിന്റെ കലാപരമായ തന്ത്രങ്ങൾ; വിഭൂതി തന്റെ നിലയ്ക്കുപരിയുമാണ്. അതുകൊണ്ടു ദുർഗ്ഗതിക്കാരനായ പിതാവ് അപ്രാപ്യങ്ങളായ ആഗ്രഹങ്ങളെ വളർത്തി വലുമിടുവാൻ തുനിഞ്ഞില്ല.

കമലയ്ക്ക് ഒരു വരനെ ലഭിച്ചു; വക്കീലിന്റെ സ്വാധീനശക്തിയിൽനിന്നു. ധനവാനാണ്; പഠിപ്പില്ല. ഭൂനികുതിയിനത്തിൽ ഒരു നല്ല തുക കൊടുക്കേണ്ട ആളാണ്. പക്ഷെ ഹൃദയമെന്നൊന്നുണ്ടെന്നു അദ്ദേഹം കേട്ടിട്ടില്ലത്രേ!

വരന്റെ വീട്ടുകാർ ഒരുദിവസം യജ്ഞേശ്വരന്റെ വസതിയിൽ വന്നു. 'വീടുകാണുവാൻ' മാത്രമല്ല 'നിശ്ചയിപ്പിനു'കൂടിയാണ്. അതിഥികളെ യജ്ഞേശ്വരൻ വേണ്ടവിധത്തിൽ സൽക്കരിച്ചു.

അല്പസമയത്തിനുള്ളിൽ വിഭൂതിയും അവിടെ വന്നു. യഥാവിധി സ്വീകരിക്കപ്പെട്ടു. സംഭവങ്ങളുടെ വികസനം അയാൾ ഗ്രഹിച്ചു. വിരുന്നുട്ടാൻ യജ്ഞേശ്വരൻ വിഭൂതിയെ ക്ഷണിച്ചു. അയാൾക്കു വിശപ്പില്ല; വിശപ്പു തോന്നിയുമില്ല. തന്നിമിത്തം സവിനയം ആ സൽക്കാരത്തെ നിരസിച്ചു. പെട്ടെന്നുതന്നെ വിഭൂതി സ്വഭവനത്തിൽ പോയി.

സെമിന്ദാർ സംശയാലുവായി, കുപിതനായി. വക്കീലിൽ ശകുനിത്വം ആരോപിച്ചു. മകന്റെ കരുണക്കേടിനു നിമിത്തം വക്കീലാണെന്നു ശഠിച്ചു. നിരപരാധിയായ വക്കീൽ വല്ലാതെ വിഷമിച്ചു. താൻ തെരഞ്ഞുകൊടുത്ത യുവാവുമായി കമലയുടെ വിവാഹം പെട്ടെന്നു നടത്താൻ വെമ്പൽകൂട്ടി. വിഭൂതിയെ ഒരു ദിവസം അരികിൽ വിളിച്ചുപദേശിച്ചു.

'കുഞ്ഞേ നീ പഠിത്തത്തിൽ ദത്തശ്രദ്ധനായിരിക്കുക, മനസ്സിനെ വെറുതെ അലട്ടാതെ.''

'ഉം' വിഭൂതി സമ്മതിച്ചു. എന്നാൽ അവന്റെ തീരുമാനം അടികൊണ്ട താണ പന്തുപോലെ കുതിച്ചുയർന്നു:

വിവാഹച്ചടങ്ങുകൾ ഒന്നൊന്നായി മുറയ്ക്ക് ഒരുക്കിത്തുടങ്ങി. ഇതിനിടയിൽ വിഭൂതി, യജ്ഞേശ്വരന്റെ കുടിലിൽ ആകസ്മികമായി വന്നു. നിസ്സ്വനായ ആ വൃദ്ധപിതാവും അതിഥിസല്ക്കാരത്തിനു മാർഗ്ഗമില്ലാതെ വിഷമിപ്പിച്ചു. എങ്ങനെ സ്വീകരിക്കണമെന്ന് അദ്ദേഹത്തിനു അറിഞ്ഞില്ല.

കുളിച്ചിട്ടു വരുവാൻ വിഭൂതിയോടപേക്ഷിച്ചു, വിഭൂതി ഒരുയർന്ന ശിലാതലത്തിൽ ഇരുന്നു. ദേഹമാകെ എണ്ണതേച്ചു തിരുമ്മി. കോമളവും, സുകുമാരവും സുദൃഢവുമായ യുവശരീരം. നീണ്ടുനിവർന്ന വിരിമാറിൽ ഒരുവരി കറുത്തേറിയ രോമാളി വിടർന്ന താമരയിൽ വരിവണ്ടിൻ ചാർത്തുപോലെ ലസിക്കുന്നുണ്ട്.

കമലയുടെ വളർത്തമ്മ മറിഞ്ഞുനിന്നൊന്നുനോക്കി. കമലയുടെ വരനായി വരണേ എന്നവൾ പ്രാർത്ഥിച്ചു. രഹസ്യമായി യജ്ഞേശ്വരനോടു മന്ത്രിച്ചു. 'നമ്മുടെ കമലയെ ഇവനെക്കൊണ്ട്—'

യജ്ഞേശ്വരൻ സ്തബ്ധനായി നിന്നുപോയി. ശരീരം കോരിത്തരിച്ചു. നയനങ്ങൾ വിടർന്നു വികസിച്ചു. മൗനമായി പറഞ്ഞു. "അതു സാദ്ധ്യമാണോ".

എന്താ സാദ്ധ്യമല്ലാത്തത്. നിങ്ങളുടെ യത്നംപോലിരിക്കും'' പരിചയത്തിന്റെയും പഴമയുടെയും പ്രവചനമായിരുന്നു അത്.

വെണ്ണയും തൈരും വരുത്തി മധുരപലഹാരങ്ങൾ പലവിധത്തിൽ സജ്ജമാക്കി. സ്നാനാശനങ്ങൾക്കുശേഷം വിഭൂതി സഹജമായ ലജ്ജയോടുകൂടി തന്റെ ഇംഗിതം യജ്ഞേശ്വരനെ ധരിപ്പിച്ചു. കമലയുടെ പിതാവിനു ആനന്ദംകൊണ്ടു കണ്ണുകാണാൻ കഴിഞ്ഞില്ല. അദ്ദേഹത്തിനു പരിഭ്രമം തോന്നി. ഒട്ടും അമാന്തിക്കാതെ ശുഭവാർത്ത അകത്തറിയിച്ചു. 'എല്ലാം ഭേഷായി; നിങ്ങൾ ശാന്തനായിരിക്കണം' വളർത്തമ്മ തുടർന്നു 'കമലയ്ക്കു അമ്പരപ്പൊന്നുമില്ല; അവൾക്കിതെല്ലാം അറിയാം'. വാടിത്തുടിക്കുന്ന ഹൃദയത്തോടുകൂടി യജ്ഞേശ്വരൻ വിഭൂതിയുടെ കൈക്കുപിടിച്ചുകൊണ്ടുപറഞ്ഞു. 'മകനെ, വിചാരിച്ചിട്ടുവേണം പറയാൻ, ഒരുപ്രകാരത്തിലും ഞാൻ നഷ്ടപ്പെടുന്നില്ല'.

വിവാഹം നിശ്ചയിച്ചുകഴിഞ്ഞു. തന്റെ പ്രിയപിതാവിന്റെ അനുമതിവാങ്ങാൻ വിഭൂതി തീരുമാനിച്ചു.

സെമിന്ദാർ ഒരു പ്രാചീനനാണ്, നിരക്ഷരനുമാണ്. എന്നാൽ തന്റെ മകനെ ഉററുസ്നേഹിച്ചിരുന്നു. മഹത്തായ സങ്കല്പങ്ങൾ സ്വപുത്രനിൽ നിക്ഷേപിച്ചിരുന്നു. മകന്റെ താല്പര്യങ്ങൾ അറിഞ്ഞു. ഒരു നിർദ്ധന ബാലികയെ തന്റെ ഓമനപ്പുത്രൻ ജീവിതസഖിയായി സ്വീകരിക്കുന്നതു് ഓർക്കാൻ അദ്ദേഹത്തിന്റെ ഹൃദയം ദുർബ്ബലമായി ഭവിച്ചു. അമർഷവും വാത്സല്യവും തമ്മിൽ ഒരു പോരുനടന്നു. കോപത്തെ നിശമനം ചെയ്തുകൊണ്ടു പിതാവു മൗനമായി മുൻപിൽനിന്ന പുത്രനോടുപറഞ്ഞു. 'ഞാൻ പണത്തെ ആഗ്രഹിക്കുന്നു വെന്നു നീ ശങ്കിക്കരുതു്. എന്റെ ചിത്തവൃത്തി അത്രയ്ക്കു താണതല്ല. പണത്തിനുവേണ്ടി നിന്നെ ഞാൻ വിലപ്പെടുകയില്ല. കുലീനമായ ഒരു വംശത്തിൽ നിന്നു് ഒരു പെൺകുട്ടിയെ നീ സ്വീകരിക്കണമെന്നാണെന്റെ ആഗ്രഹം.'

യജ്ഞേശ്വരന്റെ കുലമഹിമ വിഭൂതി സ്വപിതാവിനെ വർണ്ണിച്ചുകേൾപ്പിച്ചു. ഇന്നത്തെ അവരുടെ നിർദ്ധനാവസ്ഥയും. പിതാവു പുത്രവാത്സല്യത്തിന്റെ ദാസനായി.

കാര്യങ്ങൾ എല്ലാം സ്വച്ഛമായി. വിവാഹം എവിടെവച്ചു ആഘോഷിക്കണമെന്നു തീരുമാനിച്ചില്ല. സെമിന്ദാർ തന്റെ പുത്രന്റെ വിവാഹം അനുയോജ്യമായി സംഡംബരം നടത്തുന്നതിനാഗ്രഹിച്ചു. അതിനു തന്റെ മണിമേട. പുല്ലുമേഞ്ഞ യജ്ഞേശ്വരന്റെ കുടിലെവിടെ! ഇതു കമലയുടെ വളർത്തമ്മയ്ക്കു ഇഷ്ടമായില്ല; അവൾ വാവിട്ടുകരഞ്ഞു പറഞ്ഞു. നമ്മളും ധനമഹിമയുള്ളവരായിരുന്നു. കാലക്കേടുകൊണ്ടു ഇന്നു് പണക്കാരല്ല. എന്റെ കുഞ്ഞിന്റെ കല്യാണം ചെററപ്പുരയായാലും ശരി ഇവിടെവച്ചുവേണം'.

യജ്ഞേശ്വരൻ വിഷമിച്ചു. വിഭൂതിയുടെ സ്വാധീനം മൂലം കമലയുടെ പുല്ലുകുടിലിൽവച്ചുതന്നെ നടത്തുവാൻ തീരുമാനിച്ചു.

സെമിന്ദാർക്കു അതു അരോചകമായിത്തോന്നി. യജ്ഞേശ്വരനെ മര്യാദ പഠിപ്പിക്കാൻ അയാൾ ഒരുങ്ങി. ഒരു ചെറിയ സേനാവിഭാഗം വരുന്ന ആളുകൾ പുറപ്പെടാൻ തീർച്ചയാക്കി. ഇക്കാര്യത്തിൽ പിതാവു പുത്രനെ ആശ്രയിച്ചില്ല.

യജ്ഞേശ്വരൻ തന്റെ കഴിവുകൾക്കതീതമായ ഒരുക്കങ്ങൾ ചെയ്തു. പന്തൽ ഒരെണ്ണം തയ്യാർചെയ്തു, വെണ്ണയും തൈരും വാങ്ങാൻ ആളുകളെ അയച്ചു. പഞ്ചസാരയും പാലും കൊണ്ടുവരാൻ വേറെ ചിലരെയും നിയോഗിച്ചു.

എന്തോ? വിധിയുടെ വിപ്രതിപത്തിയോ. രണ്ടുദിവസംമുൻപെ കാലാവസ്ഥ പെട്ടെന്നു മാറിക്കഴിഞ്ഞു. കാർമേഘപടലങ്ങൾ ആനക്കൂട്ടികൾപോലെ ആകാശക്കാററിൽ ആർത്തടിച്ചു തുടങ്ങി. ഘോരമായ പേമാരി, കൊടുങ്കാററ്. ദുർദ്ദിനം! ദുർദ്ദിനം! കാൽശതാബ്ദത്തിനകം ഇത്തരമൊരുകാലം ആരും കണ്ടുകാണുകയില്ല.

സെമിന്ദാർ പല്ലക്കുകളും ആനകളും കാളക്കുട്ടി തയ്യാർചെയ്തു സ്റ്റേഷനിൽ നിറുത്തിയിരുന്നു. യജ്ഞേശ്വരൻ ഏതാനും കാളവണ്ടികൾ അയൽപ്രദേശത്തിൽനിന്നും ശേഖരിച്ചു. എന്നാൽ മഴക്കാലമായതുകൊണ്ടു വണ്ടിക്കാർ വൈമുഖ്യം പ്രകടിപ്പിച്ചുതുടങ്ങി. എന്നാൽ നാണ്യങ്ങളുടെ പുഞ്ചിരിയിൽ അവർ മയങ്ങിപ്പോയി. കാളവണ്ടിയിൽ സഞ്ചരിക്കേണ്ടതായിവന്നു കൂടിയ വരപക്ഷക്കാർ ലഹളകൂട്ടിത്തുടങ്ങി.

ഗ്രാമപ്രദേശങ്ങളിലെ റോഡുകളിൽ മഴവെള്ളം തങ്ങിത്തങ്ങിനിന്നിരുന്നു. ചെളിയിൽപൂണ്ട മത്തേഭന്മാരുടെ കാലുകൾ അനായാസേന വീണ്ടെടുക്കാൻ അവയ്ക്കു കഴിഞ്ഞില്ല. വണ്ടികളുടെ ആരക്കാലുവരെ ചെളിക്കുഴിയിൽ ആണ്ടുപോയി. കാളകൾ വലിക്കാൻ പാടില്ലാതെ കണ്ണുമിഴിച്ചു നാക്കു നീട്ടിത്തുടങ്ങി. മഴ വീണ്ടും ധാരമുറിയാതെ തുടർന്നുകൊണ്ടിരുന്നു. എല്ലാവരും നനഞ്ഞു കുഴഞ്ഞു. 'ഇതിനൊക്കെ കാരണക്കാരൻ യജ്ഞേശ്വരനാണ്.' ആളുകൾ പിറുപിറുത്തുതുടങ്ങി.

മഴ കൂട്ടാക്കാതെ ആ മംഗളകർമ്മത്തിനു ആളുകൾ വന്നുകൂടി. യജ്ഞേശ്വരൻ ഉഴറിത്തുടങ്ങി. ആളുകൾക്കെല്ലാവർക്കും ഇരിപ്പിടംകൊടുക്കുവാൻ അയാൾ വിഷമിച്ചു. സ്ഥലമില്ല. ഫാലദേശത്തു കൈകൾകൊണ്ടു അടിച്ച് അസ്വസ്ഥചിത്തനായ പിതാവു പറഞ്ഞു. 'ഉപദ്രവംതോന്നുണ്ടാവാം നിങ്ങൾക്കു ഉപദ്രവം ഞാൻ ഉണ്ടാക്കിവച്ചു.'

പന്തൽ ചോർന്നു ഒലിച്ചുതുടങ്ങി. ആളുകൾ ബഹളംകൂട്ടിത്തുടങ്ങി. പിതാവു വളരെ അമ്പരന്നു. ആരെ പഴിക്കുന്നു. എന്നാൽ ഗ്രാമീണർ യജ്ഞേശ്വരനെ സഹായിക്കാൻ വന്നുകൊണ്ടിരുന്നു. അതിഥികളെ യഥാവിധി സല്ക്കരിക്കാനുള്ള അവരുടെ വെമ്പലും, അനിയന്ത്രിതമായ സംസാരവും, മഴയുടെ ഉഗ്രമായ പതനശബ്ദവും—എല്ലാംകൂടി അവിടെ ഒരു നരകകോലാഹലമാണ്. ധനവാന്മാരായ അതിഥികളുടെ മുൻപിൽ ഗ്രാമീണർ കൂപ്പുകൈമൊട്ടുകളുമായി ദേവാർച്ചനയ്ക്കെന്നവിധം വണങ്ങിനിന്നു.

വരൻ വധുവിന്റെ അന്തർഗൃഹം ആനയിക്കപ്പെട്ടു. അക്ഷമരായ അതിഥികൾ ഭക്ഷണത്തിനു മുറവിളികൂട്ടി. കഴുത്തിൻ ചുററും ഒരു ചെറിയ കുറിയോണ്ടു ചുററിക്കൊണ്ടു വിവർണ്ണവദനനായി യജ്ഞേശ്വരൻ വന്നു. അദ്ദേഹം എന്തോ പറയുവാൻ ആഗ്രഹിച്ചു. എങ്ങനെ പറയും, പട്ടിണികിടന്ന ചെന്നായ്ക്കളെപ്പോലെ ഭക്ഷണത്തിനു വിളിതുടർന്നുകൊണ്ടിരുന്നു. ഗത്യന്തരമില്ലാതെ ആ പിതാവു പറഞ്ഞു. 'എന്റെ എളിയ കഴിവിനപ്പുറമായി ഞാൻ സംഭരിച്ചതു എല്ലാംതന്നെ വെള്ളം ഒഴുക്കിക്കൊണ്ടു പോയി.'.........

ആഹാരസാധനങ്ങൾ വെള്ളത്തിനുള്ളിലായി. അടുപ്പും പാത്രവും വെള്ളം കൊണ്ടുമൂടി. രഹസ്യമായി സൂക്ഷിച്ചിരുന്ന വെണ്ണയും മററും ചോർന്നുകൊണ്ടിരിക്കുന്ന കുടിലിൽ തൈലപ്രായമായി പരന്നുപോയി. ആ ഗ്രാമം വിഭവസമൃദ്ധമല്ല. ക്ഷണത്തിൽ ഒന്നും വരുത്തുന്നതിനു സാദ്ധ്യമല്ല.

സെമിന്ദാർ ഹൃദയംകൊണ്ടു പുഞ്ചിരിച്ചു. 'ഇത്രയും ആളുകളെ പട്ടിണി ഇടുന്നതിനു സാദ്ധ്യമല്ല. വേഗം എന്തെങ്കിലും വരുത്തണം.' അയാൾ ഉച്ചത്തിൽ പറഞ്ഞു. ഇതു കേട്ടപ്പോഴേക്കും ആളുകൾ കൂടുതൽ ക്ഷുഭിതരായി. ആൺവഴിക്കാർ ശഠിച്ചുതുടങ്ങി. 'ഞങ്ങൾ ഇതാ പോകുന്നു. ഇപ്പോൾ ട്രയിൻകിട്ടും. വീടുകളിൽചെന്നു സ്വന്തം അതിഥികളായിക്കൊള്ളാം.'

യജ്ഞേശ്വരൻ കൂപ്പുപാണിയായി പറഞ്ഞു. 'നിങ്ങളെ പട്ടിണി ഇടുവാൻ എനിക്കാഗ്രഹമില്ല. 'സിബ്ട്ടാല'യിലെ തൈരു് പ്രസിദ്ധമാണ്. അതു ഇവിടെ വേണ്ടുവോളമുണ്ട്. എന്റെ ഹൃദയത്തിലെ വേദന മനുഷ്യഹൃദയം കാണുവാൻ കഴിയുന്നവർക്കേ അറിയുകയുള്ളു.'

ഗ്രാമത്തിലെ പശുപാലർ തൈർ വേണ്ടുവോളം കൊണ്ടുവന്നിട്ടുണ്ട്. 'ഹേയ്', ഞങ്ങൾക്കു എല്ലാവർക്കും ഇഷ്ടംപോലെ തരുവാൻ തൈർ ഉണ്ടോ.' അതിഥിയിൽ ഒരാൾ കടന്നുചോദിച്ചു.

'സാധിക്കുമെന്നാണു വിശ്വാസം.' യജ്ഞേശ്വരൻ ശാന്തമായി മറുപടി പറഞ്ഞു.

'ശരി, എന്നാൽ കൊണ്ടുവരണം.'

അതിഥികൾ നിരന്നിരുന്നു. സെമിന്ദാർ ഈ വിനോദം കണ്ടുകൊണ്ടു ദൂരെമാറിനിന്നു. തൈർക്കുട്ടകൾ വിളമ്പിത്തുടങ്ങി. വിളമ്പിയക്ഷണത്തിൽ പാത്രങ്ങൾ ശൂന്യങ്ങളായി. വീണ്ടും ആവശ്യപ്പെട്ടുതുടങ്ങി.........

യജ്ഞേശ്വരന്റെ കണ്ണുകൾ രണ്ടും നിറഞ്ഞു ആ പാവപ്പെട്ടപിതാവ് എന്തുചെയ്യും.! സവിനീതം പറഞ്ഞു. 'നിങ്ങളുടെ പാരുഷ്യങ്ങൾ സഹിക്കാൻ ഈ പാവം അശക്തനാണ്। നിർദ്ധനനാണ്, നിസ്സഹായനാണ്'. 'നിങ്ങൾ ആ കുരുട്ടുപെണ്ണിന്റെ പിതാവാകാൻ പററിയ മനുഷ്യനാണ്. നിങ്ങൾ മഹാപരാധിയാണ്, അമ്പോ മനുഷ്യന്റെ മോഹം. ഞൊടിയിടയ്ക്കുള്ളിൽ ധനവാനാകണം. മകൾ നാകലോകറാണിയാവണം' ഒരുവൻ കയറിപ്പറഞ്ഞു.

യജ്ഞേശ്വരന്റെ ബന്ധുക്കൾക്കു അതു സഹിച്ചില്ല. 'നീ നിന്റെ മകളെ നിനക്കുചേർന്നവന്റെ കൂടെ അയച്ചിരുന്നെങ്കിൽ ഇതു കേൾക്കണമോ? മനുഷ്യന്റെ മരീചികാഭ്രമം!' അവർ കോപിച്ചു പഴിച്ചുതുടങ്ങി.

അന്തർഗൃഹത്തിൽ സ്ത്രീജനങ്ങൾ ദുർവിധിയെ ഓർത്തു സഹജമായ രീതിയിൽ കരയുന്നു. നിരാലംബയായ ഏണശാബികയെപ്പോലെ. കമലയും കരഞ്ഞുപോയി. കരുണാനിധിയായ പിതാവിന്റെ ദുഃഖം അവളെ ഉമിത്തീയിൽ നീററിത്തുടങ്ങി. ഞാൻ ജനിക്കാതിരുന്നെങ്കിൽ എന്നവൾ അറിയാതെ പറഞ്ഞുപോയി. തന്ത്രവതിയായ മാതാവു വിഭൂതിയോടു പറഞ്ഞു 'മകനെ, വന്നതോവന്നുപോയി, ഞങ്ങൾ ക്ഷമാപ്പുതരുക. ശേഷം കാര്യങ്ങൾ മംഗളമായിനടക്കട്ടെ.'

ഗ്രാമീണരായ പശുപാലരുടെ ഇടയിൽ ഒരു ഹാലിളക്കം. അവരുടെ സർവ്വസ്വമായ തൈർക്കുട്ടകൾ തറയിൽ ഇട്ടു ചവിട്ടിനശിപ്പിച്ചതിനുപകരം ചോദിക്കാൻ അവർ

(ശേഷം നാലാംപേജിൽ)

# സ്മരണസരണി

പി. അനന്തൻപിള്ള, എം. എ.

IX

കാവേരി'യിൽ കുളിച്ചു് 'മൂകാംബി'യിൽ ഭജിച്ചു 'ആലപ്പുഴെ, ഊണുകഴിച്ചു താമസിക്കുന്നവരായിരുന്നു വിദേശീയരായ ഞങ്ങളിൽ അധികംപേരും, 'കാവേരിയമ്മ'യുടെ ഹോട്ടലിനു തൊട്ടു തെക്കു സ്ഥിതിചെയ്യുന്ന കുളം, അതിന്റെ പടിഞ്ഞാറെതീരത്തുള്ള 'മൂകാംബി'ക്ഷേത്രം, വടക്കുവശത്തുള്ള 'ആലപ്പുഴക്കാരി'യുടെ ഹോട്ടൽ ഇത്രയും അറിയാത്തവർ അന്നു് ആ പട്ടണത്തിലും പരിസരങ്ങളിലും ഉണ്ടായിരുന്നോ എന്നു സംശയമാണു്.

വിദ്യാർത്ഥികളുടെ 'സപ്തവ്യസനങ്ങളിൽ ഞങ്ങളെ അത്യധികം പീഡിപ്പിച്ചിരുന്നതു് ആഹാരകാര്യംതന്നെയാണു്. കാവേരി ഹോട്ടലിൽ സുഖമായിരുന്നു. പക്ഷേ,

"മാസമൊന്നുതികയുന്നനേരമി-
ബ്ഭൂസുരാംഗനഭയം വളർത്തിടും".

പണത്തിനാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ഒരിക്കൽ, മാസം ഏകദേശം അവസാനിക്കാറായപ്പോൾ അത്താഴത്തിനു കാളൻ വിളമ്പിയതിൽ വററൽമുളകിന്റെകൂടെ ഒരു പാററയെക്കണ്ടു. ഹോട്ടൽ വിട്ടുപോകാൻ ഇതൊരു നല്ല കാരണമായിരുന്നു. പക്ഷേ ഞങ്ങൾ പോയ 'ആലപ്പുഴെ'ഹോട്ടലിൽ പാററമാത്രമല്ല, ചിലപ്പോൾ എലിയുംസാമ്പാറിൽ കാണാറുണ്ടെന്നു് ഒരതിഥി പറഞ്ഞറിഞ്ഞു. നായർഹോട്ടലിൽ അതു അപരിഹാര്യമായിരുന്നുവത്രെ! ആകയാൽ ഞങ്ങൾ കണ്ണുമടച്ചിരുന്നു് ഊണുകഴിക്കും. സാമ്പാറിൽ കഷണമുണ്ടോ എന്നു തപ്പിനോക്കാറുമില്ല.

മറെറാരു കഷ്ടപ്പാടു് വസ്ത്രധാരണക്ലേശമായിരുന്നു. ഉടുക്കാൻ ഒരു മുണ്ടുമാത്രംമതി. പക്ഷേ, അതു് അലക്കിക്കിട്ടണ്ടേ?

"വെളുത്തേടൻ വീട്ടിൽ കിടമുറകിടന്നേൻ പലദിനം" എന്നു് അന്നെഴുതിയ ഒരു പദ്യത്തിൽ കാണുന്നു. 'നാപിതൻ' വന്നില്ലെങ്കിൽ ദീക്ഷ വളർത്താമെന്നുവയ്ക്കാം. പ്രകൃതിയുടെ ദ്വിതീയാഹ്വാനം അനുസരിക്കുന്നതിനു് 'കാലത്തെഴുന്നേറ്റാൽമൈലൊന്നുപോണം' എന്നായാൽ പിന്നത്തെ സങ്കടം പറയേണ്ടതായിട്ടുണ്ടോ? മററുദുരിതങ്ങൾ ഇവിടെ വിസ്തരിക്കുന്നില്ല.

ക്ലാസിൽ വീണ്ടും ചേന്നാൽപീസുകൊടുക്കുന്നതെങ്ങനെ എന്നായിരുന്നു എന്റെ വിഷമപ്രശ്നം. നഷ്ടപ്പെട്ട വിദ്യാർത്ഥിവേതനം തിരിച്ചുവാങ്ങിക്കാൻ എന്താണു പണിയെന്നാലോചിച്ചുതുടങ്ങി. അന്നു ഹെഡ്മാസ്റ്ററന്മാർ പലരും മാറിമാറി വന്നുകൊണ്ടിരുന്നു. ഈശ്വരപിള്ളസ്സാറിന്റെ കാര്യം ഇതിനുമുമ്പൊരിക്കൽ പറഞ്ഞുവല്ലോ. ഒരു ഗോവിന്ദപ്പിള്ളസാറുണ്ടായിരുന്നു. ഇത്ര ശുചിയായിട്ടൊരാളെ കാണാൻ പ്രയാസമാണു്. മുണ്ടുതന്നെത്താനേ അലക്കിമടക്കിവയ്ക്കും. പല്ലുതേപ്പുകഴിഞ്ഞു് ആനക്കൊമ്പു നിറത്തിലുള്ളപല്ലുകൾവെളിയിൽകാട്ടുവാൻ ഇടയ്ക്കിടയ്ക്കു പുഞ്ചിരിയിടാറുണ്ടു്. ക്ഷയരോഗം അല്പം ബാധിച്ചിട്ടുണ്ടോ എന്നു സംശയം. ഒരുദിവസം വൈകിട്ട് വിദ്യാലയത്തിലെ സമ്മേളനത്തിനു വിളക്കുവേണ്ടിവന്നു. സ്വന്തം വിളക്കു കൊണ്ടുവരാൻ അദ്ദേഹം തന്നെപോയി. കൊണ്ടുവന്നു് തന്നത്താൻ തുടച്ചു് മണ്ണെണ്ണയൊഴിച്ചു കത്തിച്ചു തൂക്കി. ഒടുവിൽ പോയപ്പോൾ കൂടെക്കൊണ്ടുപോയി. ബാക്കി മണ്ണെണ്ണയും അതിലുണ്ടായിരുന്നിരിക്കണം. ഇങ്ങനെയുള്ള ഒരു ഹെഡ്മാസ്റ്ററുടെ കൈയിൽനിന്നും വേതനംവാങ്ങുന്നതെങ്ങനെ? എന്തായാലും ശിക്ഷണനടപടികൾ കൈക്കൊള്ളുന്നവരെ ക്ലാസിലിരിക്കാമെന്നു തീർച്ചപ്പെടുത്തി.

നായർസമുദായോത്തേജകനെന്നു പലരും പ്രഖ്യാപനം ചെയ്യത്തക്കവിധത്തിൽ തന്റെ ഔദ്യോഗികജീവിതാവസാനഘട്ടത്തിൽ ഒരു സമുദായപരിഷ്കാരിയായിത്തീർന്ന 'സി. കെ. പി' അന്നു വിദ്യാലയപരിശോധനയ്ക്കുവന്നു. അന്നത്തെ റേഞ്ച് ഇൻസ്പെക്റ്റർ അദ്ധ്യാപകലോകത്തിൽ ബഹുമാന്യനായിരുന്നതിനാൽ പരിശോധനാവസരം ഒരു പ്രത്യേക സംഭവമായിട്ടാണു ഗണിച്ചുവന്നതു്. അദ്ധ്യാപകന്മാരുടെ കുറവും കുററവും കണ്ടുമനസ്സിലാക്കി പരസ്യമായി അധിക്ഷേപിക്കുന്നതിനും, അവരെ തരംതാഴ്ത്തുന്നതിനും ചിലർ മനപ്പൂർവം ശ്രമിക്കാറുണ്ടു്. നാമമാത്രമായിരുന്ന കേന്ദ്രശക്തി തിരുവനന്തപുരത്തിരുന്നുകൊണ്ടു് ഇതൊക്കെ കണ്ടില്ലെന്നു ഭാവിക്കയായിരുന്നു പതിവു്. അതുകൊണ്ടു് ഡിവിഷൻഇൻസ്പെക്റ്റർ പരമാധികാരം സ്വയം അവലംബിച്ചിരുന്നു. ഉദ്യോഗത്തിനു വെളിയിൽ സമുദായസേവയ്ക്കും, ഗ്രാമപുനരുദ്ധാരണത്തിനോ അവർ ഒരുമ്പെട്ടതിൽ അത്ഭുതപ്പെടുവാനില്ല.

ഇൻസ്പെക്റ്റർ വരുന്നതറിഞ്ഞു് ഗോവിന്ദപ്പിള്ളസ്സാർ നേരത്തേ അഴകിയരാവണൻ ചമഞ്ഞു് സ്കൂളിൽ ഹാജരായി. മററു അദ്ധ്യാപകന്മാരും, വിദ്യാർത്ഥികളും അവരവരുടെ മോടിപിടിച്ച വേഷങ്ങളിൽ സന്നിഹിതരായി. ഞങ്ങൾക്കന്നു് ഉടുക്കുന്നമുണ്ടും ഒരു തോർത്തുമേ പതിവുള്ളു. കുബേരന്മാരുടെ കുട്ടികളാണെങ്കിൽ തോർത്തിനുപകരം, നേരിയതോ പാപ്പരുവേഷ്ടിയോ കാണും. അദ്ധ്യാപകന്മാർക്കു ദീർഘകഞ്ചുകം വിശേഷാവസരങ്ങളിൽ വേണം. അടിയിൽ ഷർട്ടുകാണുന്നതല്ല. എല്ലാംവർക്കും തലപ്പാവു നിർബന്ധമായിരുന്നു. ഹെഡ്മാസ്റ്റർ ആട്ടരോമംകൊണ്ടുണ്ടാക്കിയ തുണിയിൽ തച്ച 'ലാങ്കോട്ട്' സവിശേഷം ശോഭിച്ചു. തലപ്പാവുംകൂടി ആയപ്പോൾ വേഷം സമ്പൂർണ്ണമായി.

സി. കെ. പി വിദ്യാഭ്യാസലോകത്തിന്റെ ഭയം വർദ്ധിപ്പിക്കുന്ന ഒരുനാമരൂപമായിരുന്നു. കത്തോലിക്കപാതിരിമാരെപ്പോലെ മുണ്ഡനകർമ്മം നിർവ്വഹിച്ചു്, സ്വത ഏവയുള്ള കഷണ്ടി പാണ്ഡുരചന്ദ്രനെപ്പോലെ പ്രദർശിപ്പിച്ചു്, മുഖത്തിന്റെ ഇരുവശത്തും ഭംഗിയായി വെട്ടിഒതുക്കി വച്ചിരുന്ന കൃതാവുകളുടെ ഇടയ്ക്കുള്ള വിച്ഛേദത്താൽ ഒഴിഞ്ഞുമാറി തഴച്ചുവളർന്നു് ഒടുവിൽ വാർദ്ധക്യസഹജമായ ജരാനരബാധിക്കാൻ തുടങ്ങിയ മേൽമീശ വീര്യോത്തേജകമാംവിധത്തിൽ തലോടിക്കൊണ്ടു്, ഹസ്തനിക്ഷിപ്തമായ മലാക്കാച്ചൂരൽ ചുഴററി ഗംഭീരഭാവത്തിൽ, കടപടായമാനമായ പാദപ്പുടശബ്ദത്താൽ സഞ്ചാരമാർഗ്ഗം മുഖരീകൃതമാക്കി വന്നുകയറിയ ഇൻസ്പെക്റ്ററുടെ സാന്നിദ്ധ്യം വിദ്യാലയം മുഴുവൻ ഒരു നിശ്ശബ്ദതയ്ക്കു കാരണമാക്കിത്തീർത്തു.

അദ്ദേഹംനേരെ ഹെഡ്മാസ്റ്ററുടെ സ്വകാര്യമുറിയിലേക്കാണു പോയതു്. രണ്ടു വലിയ ഹാളിന്റെ നടുക്കുള്ള ഒരു ഇടനാഴിയായിരുന്നു അതു്. കിഴക്കോട്ടും പടിഞ്ഞാട്ടുമുള്ള അനവരത ഗതാഗതങ്ങളാൽ അവിടെ സ്വസ്ഥതയുണ്ടായിരുന്നില്ല.

—പിള്ളസ്സാറിന്റെ രസതന്ത്രപരീക്ഷണസാമഗ്രികളുടെ കലവറയും ഈ മുറിതന്നെ ആയിരുന്നു. വിയപ്പു വാർണിഷിട്ട ഒരു മാക്കസേരയും വലിയ ഒരു മാപ്പെട്ടിയും ആയിരുന്നു അവിടത്തെ സുഖസ്ഥിതിക്കുള്ള ഉപകരണങ്ങൾ. ഇൻസ്പെക്ടരുടെ സ്വീകരണം സംബന്ധിച്ചു് എവിടന്നോ കൊണ്ടുവന്ന ഒരു ചൂരൽക്കസേര അന്നവിടെ സ്ഥലം പിടിച്ചിട്ടുണ്ടു്. സി. കെ. പി. അതിലിരുന്നു. ഹെ—മാസ്റ്റർ നിന്നതേയുള്ളു. അവർ തമ്മിൽ പണ്ടുണ്ടായിട്ടുള്ള ബന്ധവും, അസ്വാരസ്യവും മററാർക്കും അറിഞ്ഞുകൂടാ. എന്തായാലും ഒരു മമതാഭാവമല്ല അന്നു കണ്ടതു്. ഇൻസ്പെക്ടർക്കു് ചെറുപ്പക്കാരായ ബിരുദധാരികളോടായിരുന്നു പ്രതിപത്തി. ഞങ്ങളുടെ ക്ലാസിൽ—മേനോൻ ചരിത്രം പഠിപ്പിച്ചുകൊണ്ടിരുന്നു. അടുത്തക്ലാസിൽ മറെറാരു മേനോൻ മുക്കിയുംമൂളിയും മലയാളം പഠിപ്പിച്ചിരുന്നു.

ഇൻസ്പെക്ടർ വളരെ ഉച്ചത്തിൽ—മേനോനെ വിളിച്ചു. രണ്ടു മേനോന്മാരുടേയും പേരൊന്നാകയാൽ രണ്ടുപേരും രാമബാണംപോലെ അടുത്തെത്തി. മുൻഷിമേനോനെ അല്ല വിളിച്ചതെന്നു പറഞ്ഞപ്പോൾ ആ പച്ചപ്പാവം പരിഭ്രമിച്ചു തിരികെപ്പോയി: പോകുന്നവഴി വാതൽപ്പടി തട്ടി ഉന്നതമായ തലപ്പാവു താഴെവീണുടഞ്ഞു് ഗരുഡൻവാസുകിയെ എന്നപോലെ ഗ്രഹിക്കേണ്ടിവന്നു. തല്ക്കാലത്തേക്കു ഇൻസ്പെക്ടർ 'ഉച്ചഭാഷിണി'യായതു നാദബ്രഹ്മത്തോടു നേരത്തെ യാത്രപറഞ്ഞു പിരിഞ്ഞിരുന്നമറേറ മേനവനുവേണ്ടിയാണെന്നു വായനക്കാർധരിക്കുമല്ലോ. ഹെ—മാസ്റ്ററെ ശകാരിക്കയാണെന്നാണു ഞങ്ങൾ ധരിച്ചതു്. ഒഴിഞ്ഞ കസേര ഒന്നേ ഉണ്ടായിരുന്നുള്ളു. ഹെ—മാസ്റ്റർ നില്ക്കുമ്പോൾ എങ്ങനെ ഇരിക്കും എന്നു വിചാരിച്ചു്—മേനോനും നിന്നതേയുള്ളു. ഒടുവിൽ എല്ലാവരുംകൂടി ഏററവും ഉയന്ന ക്ലാസായ ഞങ്ങളുടെ ആറാംഫാറത്തിലേക്കുവന്നു. ബാല്യമെന്നല്ല, കൌമാരവും അതിക്രമിച്ച അനേകംപേർ അന്നു ക്ലാസിലുണ്ടായിരുന്നു. വിശേഷിച്ചും ശിവഭിക്ഷുവേഷധാരിയായ ഒരു വൃദ്ധവിദ്യാർത്ഥി നെററിമുഴുവൻ ഭസ്മം പൂശിയിരിക്കുന്നതുകണ്ടു ഇൻസ്പെക്ടർ അയാളെ പിടികൂടി. 'ഭസ്മം പൂശിയിരിക്കുന്നതെന്തിനെന്നു ചോദ്യം. കണ്ണൻകുളങ്ങരെ ഉത്സവത്തിനു് വീഞ്ഞപ്പെട്ടിയിൽ കയറിനിന്നുകൊണ്ടു് അഹോരാത്രം മതപ്രസംഗംചെയ്യുന്ന ആളോടാണു് ചോദ്യം ചോദിച്ചതെന്നു ഇൻസ്പെക്ടർ ധരിച്ചില്ല. ഉടനെ പ്രസംഗം തുടങ്ങി. ബംഗാളികളുടെ 'ചാക്ഷുഷി' വിദ്യയിലെത്തിയപ്പോൾ 'നിർത്തണം' എന്നായി. 'ചാക്ഷുഷി! മണ്ണാങ്കട്ടി! കപടസ്സന്യാസിമാരെപ്പററി ഓരോ ഉപന്യാസമെഴുതി—മേനവനെ ഏല്പിക്കുവിൻ' എന്നു ഗർജ്ജിച്ചുകൊണ്ടു് ഇൻസ്പെക്ടർ ക്ലാസിൽനിന്നും പോയി.

ഈ പരിശോധനകഴിഞ്ഞു് അധികം താമസിയാതെ ഹെ—മാസ്റ്റർ മാറിപ്പോയി, തൽസ്ഥാനത്തു 'ഫ്രെൻറഗീത' എഴുതിയ മി: കുരുക്കൾ നിയമിതനായി. ഇദ്ദേഹത്തിന്റെ ദേശീയമനോഭാവവും, പത്രാധിപർ രാമകൃഷ്ണപിള്ളയുമായുള്ള കൂട്ടുകെട്ടും സി. കേ. പി-ക്കു സമ്മതമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടു് അവർതമ്മിൽ വലിയ മമതയിലാണു കഴിഞ്ഞുകൂടിയതു്. അടുത്തുതന്നെ ദിവാൻ വി. പി. മാധവരായരുടെ സന്ദർശനംപ്രമാണിച്ചു് ഇൻസ്പെക്ടർ വീണ്ടും വന്നു. 'ചാക്ഷുഷി' പ്രാസംഗികനെപ്പററി ഇതിനിടയ്ക്കു് പലതും അദ്ദേഹം ശ്ലാഘിച്ചു പറഞ്ഞു എന്നു മാത്രമല്ല, നായർ സമാജപ്രചരണപ്രാസംഗികനായി ഉള്ളുകൊണ്ടു നിശ്ചയിക്കയും ചെയ്തു. ഇനിയും ആവകവേലയ്ക്കു കൊള്ളാവുന്ന വിദ്യാർത്ഥികളുണ്ടോ എന്നന്വേഷിക്കുന്നതിനും കൂടിയാണു് ഹൈസ്കൂളുകളിൽ കൂടെക്കൂടെ എത്തിനോക്കുന്നതു്. ദിവാന്റെ ആഗമനം പ്രമാണിച്ചു സ്വാഗതപദ്യങ്ങളുണ്ടാക്കുവാൻ മി. കുരുക്കൾ എന്നെ നിയോഗിച്ചുകഴിഞ്ഞിരുന്നു.

പിന്നീടു ദിവാനും ഒരുമിച്ചാണു് അദ്ദേഹം വന്നതു്. അന്നൊരു ഉത്സവമായിരുന്നു എന്നു തന്നെ പറയാം. 'ഡർബാർ'' വേഷത്തിൽ അനേകം വലിയ ഉദ്യോഗസ്ഥന്മാരുടെ അകമ്പടിയോടുകൂടി പ്രൌഢഗംഭീരനെങ്കിലും സൌമ്യവദനനായ ദിവാൻജിയെ ഇൻസ്പെക്ടർ ഞങ്ങളുടെ ക്ലാസിലേക്കു് ആനയിച്ചപ്പോൾ ഞങ്ങൾക്കുണ്ടായ ഭക്തിബഹുമാനങ്ങൾ വർണ്ണിക്കാവുന്നതല്ല. എല്ലാവരും എണീററുനില്ക്കുമ്പോൾ ദിവാൻജിയെപ്പററി എഴുതിയ പദ്യങ്ങൾ ശ്രുതിമധുരമായ ഗാനാലാപത്തോടുകൂടി - പിള്ള ചൊല്ലിയതു് ആ മന്ത്രിസത്തമൻ സശ്രദ്ധംകേട്ടു അടുക്കൽനിന്ന ഇൻസ്പെക്ടരോടു് അർത്ഥം പറഞ്ഞുകൊടുക്കുവാൻ ആജ്ഞാപിച്ചു.

"വി. പി. മാധവരായർ തൻദരിശനം
കണ്ണിനു പുണ്യോദയം"

എന്നവസാനിക്കുന്ന ഓരോപദ്യവും ഗാനവാസനാവിശിഷ്ടനായ പിള്ളയുടെ സാമർത്ഥ്യത്താൽ ശബ്ദാർത്ഥാലങ്കാരചമൽക്കാരപൂർണ്ണമായി തോന്നി. അതിനുശേഷം 'സർവ്വേ നിഷ്ക്രാന്താഃ' എന്നു പറഞ്ഞു് ഈ രംഗം അവസാനിപ്പിക്കാം.

സി. കെ. പി. കഴിഞ്ഞ പരിശോധനയിൽ ഒരു മതപ്രാസംഗികനെ സ്വാധീനമാക്കിയതുപോലെ, ഇത്തവണത്തെ കവിയേയും ഗായകനേയും നായർസമാജപ്രചരണവേലയ്ക്കു നിയോഗിക്കുവാൻ മറന്നില്ല. ശ്ലോകമുണ്ടാക്കിയതിനും, ആയതു ചൊല്ലിയതിനും ശിക്ഷയായിട്ടാണത്രേ ഈ ജോലി ഞങ്ങൾക്കുതന്നതു്. ഇതൊരു നല്ല തരമാണെന്നു വിചാരിച്ചു് വിദ്യാർത്ഥി വേതനക്കാര്യം ഞാൻ അദ്ദേഹത്തെ ധരിപ്പിക്കയും സ്ക്രൂൾ 'രജിസ്റ്ററെടുത്തു് എന്റെ പേരിനെതിരായി' ഫ്രീസ്കൂളർ 'എന്നെഴുതുവാൻ അദ്ദേഹത്തിനു ദയവുണ്ടാകയും, ഇങ്ങനെ കളഞ്ഞുപോയ വേതനം തിരികെ കിട്ടുകയും ചെയ്തു.

പാശ്ചാത്യവിദ്യാലയവും, അദ്ധ്യാപകന്മാരും വിദ്യാർത്ഥികളും, എല്ലാം തുലഞ്ഞുപോയാൽ തനിക്കൊന്നുമില്ലെന്ന ഭാവത്തിൽ വർത്തിച്ച മി. കുരുക്കൾനിയമവിരുദ്ധമായ ഈ വേതനദാനത്തിൽ മൌനം അവലംബിച്ചതേയുള്ളു. 'സ്വദേശാഭിമാനി'യുടെ ദേശീയപ്രക്ഷോഭണ നാടകത്തിൽ സൂത്രധാരത്വം വഹിച്ചിരുന്ന അദ്ദേഹത്തിനു് രംഗത്തിറങ്ങി അഭിനയിക്കുവാൻ പിന്നെ വളരെക്കാലം വേണ്ടിവന്നില്ലെന്നു് വായനക്കാരിൽ ചിലരെങ്കിലും ഓർക്കുന്നുണ്ടായിരിക്കും. 'കുരുക്കളും കൂട്ടരുമൊത്തുകൂടി. കുരുക്കിറുക്കോരുവലയ്ക്കകത്തു' വീഴുകയാലാണു് രാമകൃഷ്ണപിള്ളയ്ക്കു് ആപത്തു പററിയതു് എന്നു പറഞ്ഞിരുന്ന യഥാസ്ഥിതികന്മാരും അന്നുണ്ടായിരുന്നു. എന്നാൽ സ്വമേധയാ പ്രവർത്തിക്കുന്നതിനുള്ള ധൈര്യം ആ ആദർശപത്രാധിപരെപ്പോലെ മററാർക്കും അന്നുണ്ടായിരുന്നില്ലെന്നു് അദ്ദേഹത്തിന്റെ ബദ്ധശത്രുക്കൾ പോലും സമ്മതിക്കുന്നതാണു്. സർ. പി. രാജഗോപാലാചാരിയുടെ ദിവാൻഭരണകാലത്തോളം മി. കുരുക്കൾ ഞെങ്ങി ഞെരുങ്ങിട്ടെങ്കിലും വിദ്യാഭ്യാസവകുപ്പിൽ കഴിച്ചുകൂട്ടി. ജോലിപോയിട്ടും, പ്രലോഭനങ്ങൾക്കു വശഗതനാകാതെ ജനസ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതി ഒടുവിൽ സ്നേഹിതന്റെ തിരോധാനത്തോടുകൂടി നിരാശപ്പെട്ടു വിരമിച്ചു. ഈ മനോഗതിയും, വിദ്യാലയശിക്ഷണവും രണ്ടും ഒരേസമയത്തു പരിപാലിക്കാവുന്നതല്ല. ശിക്ഷണസമർത്ഥനായ അടുത്ത ഹെഡ്മാസ്റ്റർ വന്നപ്പോൾ ഞാൻ പഴയപടി വേതനഹീനനായിത്തീർന്നു എങ്കിലും, അദ്ദേഹം കൈയിൽനിന്നും പീസുതരികയാൽ വിദ്യാലയം വിടേണ്ടിവന്നില്ല.

—o—

(മൂന്നാംപേജിൽനിന്നും തുടർച്ച)

സന്നദ്ധരായി. യജ്ഞേശ്വരൻ അവരെ തെല്ലു സമാശ്വസിപ്പിച്ചു.

കാർമേഘപടലത്തിനിടയിൽനിന്നും മിന്നൽച്ചാർത്തുപോലെ വിഭൂതി വെളിയിലേക്കു ചാടി ഇറങ്ങി 'എരുമാതിരി പെരുമാററമാണപ്പാ! ഇതു്.' സാഭിമാനം ചോദിച്ചു. തൈർ പാത്രം സ്വന്തംകൈയിൽ വാങ്ങിച്ചു. ആളുകളോടു നിരന്നിരിക്കാൻ അപേക്ഷിച്ചു. തൈർക്കട്ടകൾ വിളമ്പപ്പെട്ടു: 'ആരുതന്നെ എടുത്തുകളഞ്ഞാലും ശരി, ആ തൈർക്കട്ടകൾ ആയാളിന്റെ ഇലയിൽ എടുത്തുവച്ചുകൊടുക്കണം. പത്തുപാലരോടാജ്ഞാപിച്ചു.

ഒന്നുരണ്ടാളുകൾ സെമിന്ദാരെ തുറിച്ചുനോക്കി. എഴുന്നേല്ക്കുവാൻ ഭാവിച്ചു. 'അല്പംകൂടി ഇരിക്കണം. നേരം അതിക്രമിക്കുന്നു.' മകൻ അപേക്ഷിച്ചു. സെമിന്ദാർ ഇരുന്നു. തൈർക്കട്ടകൾ വീണ്ടും ഭംഗിയായി വിളമ്പപ്പെട്ടു.

* ടാഗോറിന്റെ ഒരു കഥയുടെ ഏകദേശവിവർത്തനം

—o—

ചിരിയുടെ പൂരം!

പഞ്ചുമേനവനും
കുഞ്ചിയമ്മയും

ഒന്നാംഭാഗം ൧ ക ൪ ണ.
രണ്ടാംഭാഗം ൧ ക.

ഹിന്ദി സ്വയംശിക്ഷക്

വില ൩. ൧. ണ. ൰.
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.




# ഉർവ്വശി

—o—

ഗ്രന്ഥകത്താ
ടി. ആർ. നായർ
മംഗളോദയം പ്രസ്സ്, തൃശ്ശൂർ
വില ൧൨-ണ.

സപർവ്വജനമണിഞ്ഞിടുന്ന മണിമാലയിൽ ഖചിതരത്നമായ, ഉവ്ശിയോ പുരന്ദരപുണ്യപുരവിലാസിനി പരമലാവണ്യവതിയായ, ടാഗോറിന്റെ ഉവ്ശിയോ അല്ല മി: ടി. ആർ. നായരുടെ ഉവ്ശി. കൊച്ചീമഹാരാജവംശത്തിൽ യൗവരാജ്യാഭിഷിക്തനായ് പരീക്ഷത്തു കഞ്ഞുണ്ണിത്തമ്പുരാന്റെ അന്തേവാസിതപത്തിൽ പുലന്നു, റാവ്സാഹിബ്ബ് കോമാട്ടിൽ അച്ചുതമേനോനവർകളിൽനിന്നു കഥാബീജം ഗ്രസിച്ച് കടത്തനാട്ട് എ. കെ. ശങ്കരവമ്മതമ്പുരാൻ ജാതകമ്മം കഴിച്ച് അങ്ങനെ രാജയോഗംപിറന്നതാണു ശ്രീ നായരുടെ ഉവ്ശി. ഉവ്ശിയുടെ ഈ ഉത്ഭവചരിത്രംതന്നെ ഗ്രന്ഥത്തെസംബന്ധിച്ചു നമുക്കു ധാരാളം മതിപ്പുണ്ടാക്കുന്നതാണല്ലോ. അവന്തിരാജധാനിയിലെ ഒരു മുറിയിൽ കാമപാലൻ ഉലാത്തിക്കൊണ്ടു പ്രവേശിക്കുന്നു എന്നു കേട്ടിട്ടുള്ളതുപോലെ ഈ അവന്തിരാജകുമാരിയും ഉലാത്തിക്കൊണ്ടുതന്നെ പ്രത്യക്ഷയാകുന്നു. കവി അവിടെവച്ചു നമ്മെ പരിചയപ്പെടുത്തുന്നു.

വിലയുടയവിതാനമേന്തുമാ
വിലതവരാത്ത വരാനയിങ്കലും
വിലസിതമണിമച്ചിനുള്ളിലും
വിലസിവിലാസിനി, വിശപമോ-
(ഹിനി

കേരളീയകവിലോകത്തിൽ വിരളമായിപ്പോയിരിക്കുന്ന സുരഭിലസുമശയ്യയുടെ സുഖം ഈ പ്രതിപാദനത്തിൽ നമുക്കനുഭവമാകുന്നു. വിശപമോഹിനി എന്ന പദംകൊണ്ടുതന്നെ കഥാനായികയുടെ സൗന്ദര്യാതിശയം. വ്യഞ്ജിക്കുമെന്നിരുന്നിട്ടും കവി തൃപ്തനാകാതെ സരസിജലോചന ലോകസുന്ദരിയാണെന്നു പറഞ്ഞുതരുന്നു. അതിലും അനല്പഭാവമായ അദ്ദേഹത്തിന്റെ അന്തഃകരണം തുടരുന്നു.

നളിനമിഴി തെളിഞ്ഞൊരമ്പിളി
പ്പൊളിനവനെററിമിളിന്ദകുന്തളം
ഒളിയൊഴുകിന തങ്കമേനിവെൺ
പുളിനനിതംബമിതൊക്കെമോഹനം

ഇതൊക്കെമോഹനവും ഇതരമൊക്കെനവരസവുമായിരിക്കുമോ. തെളിഞ്ഞൊരമ്പിളിപ്പൊളി നവനെററിയുടെ താഴെയുള്ള നളിനമിഴി എങ്ങനെ തുറന്നിരിക്കാനാണ്. വേണമെങ്കിൽ ഒരു പ്രക്രമഭംഗവുംദോഷാന്വേഷികൾക്കു ഈ പ്രയോഗത്തിൽകാണാം. കണ്ണ് നെററി, തലമുടി, നിതംബം എന്നിവയുടെ ഇടയ്ക്കു ഒരു തങ്കമേനിയുംകൂടെ

അവിടെയവളവന്തിയെന്നപേർ
ഭുവിപുകഴും പുരിയിങ്കലുവ്ശി

വേറെയുള്ള പുരികളിലൊക്കെ അവൾ മേനകയായിരിക്കുമോ. ഈ ഉവ്ശികാരണം.

നിശിതതരുണരടച്ചതില്ലകൺ

എന്നാണു കവി പറയുന്നതു്. അതുകൊണ്ടുമായില്ല.

വിലസിതമണിമാളികയ്ക്കുകീഴ്
നിലയരികേനടകൊൾകെതിങ്കളും
ജലദവ്യമണവീല ലജ്ജ, ത-
ജ്ജലവിലോചനതന്നദശനാൽ.

അവതാരികാകാരൻതമ്പുരാൻ കവിയെ, കൊച്ചുമിടുക്കൻ മിസ്റ്റർ ടി. ആർ. നായരെന്നു സർട്ടിഫിക്കെററചെയ്തിട്ടുള്ളതു ഈ ശ്ലോകം കണ്ടിട്ടുതന്നെയായിരിക്കണം.

ഒളികടലുകടഞ്ഞെടുത്തതൻ
തളിരുടലിൽ പ്രണയാകുലൻപുമാൻ
ഒളിവിൽമരുവിയെന്നറി — തി
ല്ലളികുലകോമളനീലകുന്തള

ഈവിധത്തിൽ സുവണ്ണങ്ങളെക്കൊണ്ടു ധാരാളം ദീപാളി കുളിക്കുന്നുണ്ടു്. അവന്തിരാജകുമാരിയായ ഈ ഉവ്ശിക്കു അനുരൂപനായ വരനെ കിട്ടാത്ത വിഷാദത്തിൽ പിതാവ് കഴിയുന്നു. അവളാകട്ടെ വഴിയേപോയ ഒരു യുവാവിനെക്കണ്ടു

മിഴിമൂനയിരുപേർകൾവേണ്ടതാം
വഴിയിൽവിതച്ചൊരു രോമഹർഷണം
കുഴിവിനൊടു മുളച്ചുകൊയ്യുവാ
നൊഴിവുകൾകാത്തു കഴിച്ചുനാളുകൾ

എന്ന രീതിയിൽ പോകുന്നു. ആ വിധത്തിൽ സ്മരനിഗാരരഹസ്യമോതുന്ന ഭാവപ്രഭാവത്തിനുള്ള സന്ദർഭത്തെ യഥാവിധി ഫലിപ്പിക്കാതെ കവി ആ രംഗത്തിൽനിന്നു കാലുമാറുന്നു. രണ്ടാംഖണ്ഡത്തിൽ നായകന്റെ കാമലേഖനവും, തോഴിയുടെ ഗ്ഗുണ്ദോഷവും, ഒടുവിൽ പിതൃക്രോധവും ആണ് അതിലെ വണ്ണ്യവസ്തുക്കൾ.

സുമാലതീസുസ്മിതദേവസുന്ദരി
സമാനസൗന്ദര്യമിയന്നനന്ദിനി

എന്നും മററും വെണ്മണിയുടെ ശവകുടീരത്തിലടിഞ്ഞുപോയിട്ടുള്ള രണ്ടു പാദം നീണ്ടുനിൽക്കുന്ന സംബോധനകൾ അദ്ദേഹം തോണ്ടിക്കൊണ്ടു വരുന്നു.

നിശാകരാനന്ദദസുന്ദരാനനൻ
വിശാലനീലോല്പലലോലലോചനൻ

എന്നിങ്ങനെ വള്ളത്തോളിന്റെ യൗവനകാലകവിതയുടെ പ്രതിധ്വനികളും ഇടയ്ക്കിടയ്ക്ക് ഇതിൽ കേൾക്കാം. അർത്ഥവൈചിത്ര്യത്തിലും ഭാവപ്രകാശത്തിലും കവി വലിയ ശ്രദ്ധ ഒന്നും പതിപ്പിക്കുന്നില്ല. അദ്ദേഹം ശബ്ദാലങ്കാരപ്രിയനാണ്, പ്രാസദീക്ഷകനാണ്. സപർഗ്ഗാനർഗ്ഗളനിർഗ്ഗളൽ സുരസരിൽ പാതപ്രവാഹപ്രഥ നേടണമെന്ന വ്യാമോഹമാണ് അദ്ദേഹത്തിൽ മുന്നിട്ടുനിൽക്കുന്നതു്, എന്നാൽ പല പാദങ്ങളിലും ഒടിച്ചു കുത്തിമെടഞ്ഞു പ്രാസമുണ്ടാക്കി അദ്ദേഹം പാടുപെടുന്നതു കാണുമ്പോൾ ശിവശിവ കവിതാരീതി വൈഷമ്യമായി നമുക്കു തോന്നിപ്പോകുമെന്നേയുള്ളു.

ഉവ്ശിയുടെ ആ ഹൃദയതസ്കരനെ വധിച്ചുകൊണ്ടു വരുവാനുള്ള രാജകല്പന പുറത്തായതോടുകൂടി പരിഭ്രാന്തചിത്തനായ കാമുകൻ അന്തഃപുരത്തിൽ കടന്നു സപപ്രണയിനയുടെ കയ്യിൽനിന്നു വിഷംവാങ്ങിക്കുടിച്ചു മരിക്കുന്നു. ഉവ്ശി പരിതാപഖിന്നയായി സപന്തവാളാൽ സപയം വെട്ടിമരിക്കുന്നു. കാമിനീകാമുകന്മാരുടെ വികാരോജ്വലമായ ഈ അന്ത്യരംഗത്തിലും കവി ശബ്ദകോലാഹലം കൂട്ടുകയല്ലാതെ വായനക്കാരനുണ്ടാകേണ്ട രസത്തെപ്പററി ഗണ്യമാക്കുന്നതേയില്ല. ഒരു തന്മയീഭാവസ്ഫുരണം അവിടെങ്ങും എത്തിനോക്കുന്നതേ ഇല്ല.

ഹാലാഹലത്തിനുടെ നീലിമപൂണ്ടു
(തങ്ക
ക്കോലായകോലമവലംബമടന്നു
(വീണു
ബാലാരുണപ്രഭപുരണ്ടൊളിപൂണ്ടൊ
(രിന്ദ്ര
നീലാചലം മുടിയിടഞ്ഞുപതിച്ച
(പോലെ

വിഷപാനംകൊണ്ടു മരിച്ചുവീഴുന്ന നായകന്റെ ചിത്രം അദ്ദേഹം വരച്ചുകാട്ടുന്നതിങ്ങനെയാണ്. തങ്കക്കോലായകോലമായ നായകനും, ഇന്ദ്രനീലാചലക്കൊടുമുടിക്കും തമ്മിലുള്ള സാധമ്മ്യം ചിന്തനീയമായിരിക്കുന്നു.

സാഹിത്യം ആനന്ദാത്മകമായിരിക്കണമെന്നുള്ള അഭിപ്രായമാണു മിസ്റ്റർ നായർക്കുള്ളതെന്നു അദ്ദേഹത്തിന്റെ ഈ കൃതി വിശദമാക്കുന്നു. ധാരാവാഹിതപവും ശയ്യാസുഖവും പദാത്ഥപ്രതിബോധവും, അലങ്കാരവൈദഗ്ദ്ധ്യവും അദ്ദേഹത്തിൽ ശിക്ഷണപ്രാഗല്ഭ്യത്തോടു കൂടിത്തന്നെ പ്രശോഭിക്കുന്നുണ്ട്. അതിനെ കാലാനുകൂലം വിനിയോഗിക്കുവാനുള്ള പരിശീലനത്തിനിടയിൽ ചില പാകപ്പിഴവുകൾ വന്നുപോയിട്ടുള്ളതു് നമുക്കു ക്ഷമിക്കയല്ലാതെ ഗത്യന്തരമില്ല. (സി. എം. പി.)

—o—

# അയ്യപ്പൻ

—•—

ഹൈന്ദവസംഘടനയുടെയും സനാതനധമ്മത്തിന്റെയും പ്രചരണാത്ഥം അയ്യപ്പസേവാസംഘത്തിൽനിന്നും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന ഈ ഉത്തമസഹജീവിക്കു സകല ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു. മഹാകവി വള്ളത്തോൾ ഇതിനു മംഗളാശംസചെയ്യുന്നു. വൈദ്യശാസ്ത്രനിപുണഃ ഗവേഷണതിലകൻ ഡാക്ടർ എൽ. എ. രവിവമ്മ, പി. ശേഷാദ്രിഅയ്യർ, പി. അനന്തൻപിള്ള തുടങ്ങിയ പ്രശസ്ത വ്യക്തികളുടെ ലേഖനസമ്പത്തുകൾ ഇതിന്റെ ഉള്ളടക്കത്തെ വിലപ്പെടുത്തുകയും, ഏ. ഗോപാലമേനോൻ എം. എ. ബി. കോ-മിന്റെ ആഭിമുഖ്യത്തിലുള്ള പത്രാധിപസമിതി ഇതിനെ ബലപ്പെടുത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ പത്രാധിപക്കുറിപ്പായിക്കാണുന്ന ഒരു ഭാഗത്തിൽ രാമസിംഹന്റെയും നരസിംഹന്റെയും അനുജന്റെ ഭാര്യയായ യുവതിയുടെയും ദേഹികൾ ഖഡ്ഗഭിന്നങ്ങളായ ദേഹങ്ങൾ വിട്ടു പരലോകം പ്രാപിച്ചുവെന്നു എഴുതിക്കാണുന്നതു് അത്യന്തവിചിത്രമായിട്ടുണ്ടെന്നു പറയാതെ തരമില്ല.

(സി. എം. പി)

—o—

## സല്ലക്ഷ്ഥാസാഗരം അഥവാ അത്താഴാനന്തരസല്ലാപം

വിവത്തകൻ, കെ. രാമൻമേനോൻ

വിശ്രമാവസരങ്ങളിൽ കുടുംബാംഗങ്ങളുമൊരുമിച്ചിരുന്നു വായിച്ചുരസിക്കുന്നതിനു പററിയ ഒരു ഗ്രന്ഥം.
ഒന്നാം ഭാഗം വില രൂ 1 ണ. 2.
2-ം 3-ം ഭാഗങ്ങൾ വില രൂ. 1 ണ. 2.
മാനേജർ, ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.

തയാറായിരിക്കുന്നു!

## "സി. വി. രാമൻപിള്ള"

പ്രൌഢോജ്ജ്വലവും സവിസ്തരവുമായ ഒരു ജീവചരിത്രം
ഗ്രന്ഥകത്താ:—പി. കെ. പരമേശ്വരൻനായർ ബി. ഏ.
മലയാളസാഹിത്യത്തിനു 'സാഹിത്യപഞ്ചാനന'കത്താവിന്റെ
മറെറാരു മഹാസംഭാവന
ഡമ്മി പേജ് 440. വില രൂപാ 4.
ശ്രീരാമവിലാസംബുക്ക്ഡിപ്പോ, തിരുവനന്തപുരം.

## ഉദ്ഘാടനം ഗാന്ധിജി നിർവ്വഹിക്കുകയില്ല

—o—

### ഏഷ്യൻലേബർ സമ്മേളനത്തിന്റെ

ന്യൂഡെൽഹി അം. ൨൮—പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിക്കണ്ടതുപോലെ ഏഷ്യൻലേബർസമ്മേളനത്തിന്റെ ഉൽഘാടനം താൻ നിർവ്വഹിക്കുന്നതല്ലെന്നു ഇന്നത്തെ പ്രാർത്ഥനാനന്തരയോഗത്തിൽ ഗാന്ധിജി പ്രസ്താവിച്ചു. മറ്റാക്കാര്യത്തിൽ ശ്രദ്ധിക്കാനെ തനിക്കു സമയമുള്ളു എന്ന്‌ അദ്ദേഹം പറഞ്ഞു. ഇന്നലെവരെ വധിച്ച പണക്കാരായിരുന്നവർ ഇന്നു അഭയാർത്ഥികളായി അലയേണ്ടി വന്നിട്ടുള്ളതിനെ സംബന്ധിച്ചു അദ്ദേഹം വ്യസനത്തോടെ പരാമർശിച്ചു.

—o—

## പവൻമിച്ചം

—o—

### പതിമൂന്നരക്കോടി പവൻ ഇന്ത്യ എടുത്തുകഴിഞ്ഞു

ലണ്ടൻ അക്ടോ. ൨൮—൧൯൪൭ ആഗസ്റ്റ് ൩൧-ാംനു-യ്ക്കകം സ്റ്റെർലിങ്ങ്പ്രദേശങ്ങൾ പവൻമിച്ചത്തിൽനിന്നു എടുത്തുകഴിഞ്ഞ ൨൩ കോടി പവനിൽ ഇന്ത്യ എടുത്തുകഴിഞ്ഞിട്ടുള്ള പതിമൂന്നരക്കോടി പവനുൾപ്പെടുന്നതായി ധനകാര്യമേധാവിയായ മി: ഡ്യൂഡാൾട്ടൻ പ്രസ്താവിച്ചിരിക്കുന്നു. ഈജിപ്റ്റും സുഡാനുംകൂടി നാലുകോടി പവനും സിലോൺ രണ്ടുകോടിയും ആസ്ത്രേലിയ രണ്ടരക്കോടി പവനും എഴുത്തുകഴിഞ്ഞിട്ടുള്ളതും ഇതിൽ ഉൾപ്പെടുന്നു. ൨൩ കോടി പവനിൽ ചെറിയ ഒരംശം മാത്രമെ ഡാളറായി രൂപാന്തരപ്പെടുത്തിയിട്ടുള്ളു. ഡാളർ ചിലവിനെപ്പറ്റിയുള്ള വിമർശനത്തിനു മറുപടിയായി മി: ഡ്യൂഡാൾട്ടൻ കാമൺസിൽ മേൽപ്പറഞ്ഞ വിവരങ്ങൾ നൽകുകയാണുണ്ടായത്. പ്രതിവാരം ബ്രിട്ടൻ ഏഴുകോടി ഡാളർവീതം നഷ്ടമായിക്കൊണ്ടിരിക്കയാണെന്നും സാമ്പത്തികവകുപ്പുമന്ത്രി സർ സ്റ്റാഫോർഡ് ക്രിപ്സ് ഇന്നലെ പ്രഖ്യാപിച്ച സാമ്പത്തികനടപടികൾ വിജയപൂർവം നടപ്പിലാക്കുന്നപക്ഷം അടുത്തവർഷാവസാനത്തോടെ ഈ പ്രതിവാരനഷ്ടം രണ്ടുകോടി ഡാളറായി കുറയ്ക്കുവാൻ സാധിക്കുമെന്നും മി: ഡാൾട്ടൻ പ്രസ്താവിച്ചു. വിലക്കയറ്റം തടയുവാൻ അടുത്ത ചില വാരങ്ങൾക്കകം ഒരു ടിഫൻസീവ്‌ ബഡ്ജറ്റ് അവതരിക്കുന്നതുമാണ്.

—o—

## ഇസങ്ങൾ തമ്മിൽ

—o—

### വ്യത്യാസങ്ങളെക്കാൾ അധികം സാമ്യങ്ങളാണുള്ളത്

ആലുവ തുലാം ൮—"കമ്മ്യൂണിസം, സോഷ്യലിസം, ഗാന്ധിയൻസോഷ്യലിസം എന്നീ ഇസങ്ങൾ തമ്മിൽ വ്യത്യാസങ്ങളെക്കാൾ അധികം സാമ്യങ്ങളാണുള്ളത്. അതുകൊണ്ടു അവ തമ്മിലുള്ള വ്യത്യാസങ്ങളെ എടുത്ത് പർവ്വതീകരിച്ചു കക്ഷിമത്സരങ്ങൾ വളർപ്പിക്കേണ്ട ആവശ്യം ഇപ്പോഴില്ല. ഇപ്പോൾ എല്ലാവരും സകലതും തിരുവിതാംകൂർ സ്റ്റേറ്റ്‌കോൺഗ്രസ്സിനെ സുശക്തമാക്കിത്തീർക്കാനാണ് ശ്രമിക്കേണ്ടത്. എന്തെന്നാൽ സ്റ്റേറ്റ്‌ കോൺഗ്രസ്സ് ഇവിടത്തെ പാവപ്പെട്ട ബഹുജനങ്ങൾക്കുവേണ്ടി ഇവിടെ നിലവിലിരുന്ന ഏകാധിപത്യത്തെ അവസാനിപ്പിക്കാൻ അക്ഷീണയത്നവും ത്യാഗവും ചെയ്തിട്ടുള്ള മഹത്തായ രാഷ്ട്രീയസംഘടനയാണ്" എന്നാണ് ഇന്നിവിടെ കൂടിയ സമ്മേളനത്തിൽവച്ചു ആലുവ യുവജനസമാജം സമുൽഘാടനം ചെയ്തുകൊണ്ടു അദ്ധ്യക്ഷൻ ശ്രീ. വി. ഗംഗാധരൻനായർ പ്രസ്താവിച്ചത്. ശ്രീ പത്മനാഭൻനായർ സ്വാഗതംപറഞ്ഞു. കെ. വി. നായർ, വരിക്കാട്ടു ഗോപിനാഥൻനായർ, മേനോൻ, മിസിസ്സ് സുഭദ്ര എന്നിവർ ഓരോ പ്രസംഗം ചെയ്തു. മി. ഗോപാലൻനായർ കൃതജ്ഞത പ്രകാശിപ്പിച്ചു.

(ദ. ലേ.)

—o—

# ജയിലുകൾ ആശുപത്രികൾ പോലെയായിരിക്കണം

## തടവുകാരെ മാതൃകാപൗരന്മാരാക്കിത്തീർക്കുവാൻ

### ജയിലിലെ പ്രാർത്ഥനായോഗത്തിൽ മഹാത്മജിയുടെ പ്രസംഗം

(എ. പി. ഐ.)

ന്യൂഡെൽഹി, അ: ൨൭—"ഞാൻ അഞ്ചു ചോദിച്ചു; അഞ്ഞൂറു കിട്ടി, ചിലപ്പോൾ ഇങ്ങനെ ഉണ്ടാകുന്നു" എന്നാണു ഡെൽഹിയിലെ ഡെപ്യൂട്ടി കമ്മീഷണർ മി: രന്ധവ ഇന്നു വൈകുന്നേരം പ്രാർത്ഥനാസമയത്തു സെൻട്രൽജയിലിൽവച്ചു മഹാത്മാഗാന്ധിക്കു അഞ്ഞൂറുരൂപയുടെ ഒരു ചെക്കു സംഭാവനചെയ്തപ്പോൾ ഗാന്ധിജി പ്രസ്താവിച്ചത്. മഹാത്മജിയുടെ ഒരു ഛായാപടത്തിൽ അദ്ദേഹം കയ്യൊപ്പിട്ടുകൊടുക്കണമെന്നു മി: രന്ധവ ആവശ്യപ്പെട്ടപ്പോൾ അതിനു വിരോധമില്ലെന്നും, എന്നാൽ ൫ രൂപ അതിനു വിലയാണെന്നും ഗാന്ധിജി മറുപടി പറഞ്ഞു ഉടൻതന്നെ മി: രന്ധവ ൫൦൦ രൂപായുടെ ഒരു ചെക്കു നൽകുകയുണ്ടായി. പ്രാർത്ഥനാനന്തരം മഹാത്മജി ജയിൽകാര്യമെഴുതിൽ ഒരു മണിക്കൂർ ചെലവഴിച്ചു. തടവുകാരുടെ... മൂവായിരം തടവുകാരുടെ സാന്നിദ്ധ്യത്തിൽ അവർക്കുവേണ്ടി ഇന്നു ഡെൽഹി സെൻട്രൽ ജയിലിൽ വച്ചു ഗാന്ധിജി ഒരു പ്രാർത്ഥനായോഗം നടത്തി. പ്രാർത്ഥനയ്ക്കുശേഷം തടവുകാരുടെയിടയ്ക്കു ഇങ്ങനെയൊരു പ്രാർത്ഥനായോഗം നടത്തുവാനുള്ള ക്ഷണം ലഭിച്ചപ്പോൾ തനിക്കു അത്യധികം സന്തോഷമുണ്ടായെന്നു ഗാന്ധിജി പ്രസ്താവിച്ചു. താൻ തന്നെ ഒരു പഴയ തടവുകാരനാണെന്നു ഗാന്ധിജി പറഞ്ഞു. നീഗ്രോ തടവുകാരുടെ കൂടെ ദക്ഷിണാഫ്രിക്കയിൽവച്ചു അദ്ദേഹം നയിച്ച ജയിൽ ജീവിതത്തെ പരാമർശിച്ചുകൊണ്ടു ഇന്ത്യയിൽ തങ്ങളുടെ സ്വാതന്ത്ര്യസമരം ഏറ്റവും മഹത്തായ ഒന്നായിരുന്നുവെന്നു അദ്ദേഹം പ്രസ്താവിച്ചു. തൽഫലമായി രാഷ്ട്രീയതടവുകാരെന്നും അരാഷ്ട്രീയതടവുകാരെന്നും ഒരു വ്യത്യാസമുണ്ടായെന്നുമാത്രമല്ല രാഷ്ട്രീയതടവുകാരുടെ ഇടയിൽതന്നെ എ. ബി. സി. എന്നീ തരംതിരിവുകളുണ്ടാവുകയുംചെയ്തു. ഇതുപോലെയുള്ള വ്യത്യാസങ്ങളിൽ അദ്ദേഹം വിശ്വസിക്കുന്നില്ല. എല്ലാ മനുഷ്യരും വലുതോ ചെറുതോ ആയ കുറ്റങ്ങൾ ചെയ്യുന്നു. ചിലരെ പിടിച്ചു ജയിലിൽ അടയ്ക്കുന്നു. ചിലർ തടങ്കലിൽപെടാതെ രക്ഷപ്പെടുന്നു. തന്റെ കീഴിലുള്ള തടവുകാരെക്കാൾ കുറ്റക്കൂടിയ വലിയ ഒരു കുറ്റവാളി ജയിലധികാരി തന്നെയാണെന്നു പലപ്പോഴും ഇന്ത്യൻജയിലുകളുടെ ജയിലധികാരി തന്നോടു പറഞ്ഞിട്ടുണ്ടെന്നു അദ്ദേഹം പ്രസ്താവിച്ചു.

സ്വതന്ത്ര്യഇന്ത്യയിലെ ജയിലുകൾ എങ്ങിനെയുള്ളവയായിരിക്കണം? കുറ്റക്കാരെ രോഗികളെപ്പോലെ ചികിത്സിക്കേണ്ടതാണെന്നും അതുപോലെയുള്ള രോഗികളെ ചികിത്സിച്ചു ഭേദപ്പെടുത്താനുള്ള ആശുപത്രികളായിരിക്കണം ജയിലുകളെന്നും മഹാത്മജിക്കു വളരെക്കാലമായി അഭിപ്രായമുള്ളതാണ്. ആരുംതന്നെ രസത്തിനുവേണ്ടി കുറ്റം ചെയ്യാറില്ല. രോഗം ബാധിച്ച ഒരു മനഃസ്സിന്റെ ലക്ഷണമാണത്. ഇങ്ങനെയുള്ള രോഗങ്ങളുടെ കാരണങ്ങൾ എന്തെല്ലാമെന്നന്വേഷിച്ചു അവയെ ഉന്മൂലനം ചെയ്യണം. ജയിലുകൾ ആശുപത്രികളാകുമ്പോൾ അവയ്ക്കു കൊട്ടാരംപോലെയുള്ള കെട്ടിടങ്ങളാവശ്യമില്ല. ഒരു രാജ്യത്തിനും ആ ചെലവു വഹിക്കുവാനും സാദ്ധ്യമാകയില്ല. ഇന്ത്യയെപ്പോലെയുള്ള ഒരു പാവപ്പെട്ട രാജ്യത്തിനു അതു് ഒട്ടും സാദ്ധ്യവുമല്ല. എന്നാൽ ജയിലധികാരികളുടെ മനോഭാവം ആശുപത്രികളിലെ ഡാക്ടറന്മാരുടേതുപോലെയുള്ളതായിരിക്കണം. തടവുകാരുടെ പരാതികൾ എന്തെല്ലാമായിരുന്നാലും അവ അന്വേഷിച്ചു മാംവിധം അധികൃതന്മാർ അവ ബോധ്യപ്പെടുത്തി പരിഹാരം ഉളവാക്കാൻ... വാക്ഷണീഭവിപ്പിക്കണം. തങ്ങളുടെ 'ചെറിയ സമുദായ'ത്തിനിടയ്ക്കു അവർ മാതൃകാപൗരന്മാരെപ്പോലെ പെരുമാറണം. ജയിലിൽനിന്നു വെളിയ്ക്കു വരുമ്പോൾ അകത്തു കയറിയതിനേക്കാൾ അവർ നല്ല മനുഷ്യരായിരിക്കണം. ഗാന്ധിജി എല്ലാ മുസ്ലീംതടവുകാർക്കും ഈദ്മുബാറക്ക് ആശംസിക്കയും എല്ലാ അമുസ്ലീംതടവുകാരും അവരുടെ മുസ്ലീംസഖാക്കളായ തടവുകാർക്കും ഈദ് ആശംസിക്കണമെന്നുപദേശിക്കയും ചെയ്തു.

—o—

## പുതിയ കൊച്ചീ മന്ത്രിസഭ

—o—

### രണ്ടു ദിവസത്തിനകം രൂപീകൃതമാകും

എറണാകുളം, അ: ൨൭—ഈയിടെ രാജിവച്ച കൊച്ചീമന്ത്രിസഭയിലെ ആഭ്യന്തരകാര്യമന്ത്രിയായ മി: ടി. കെ. നായരോട് ഒരു മന്ത്രിസഭ രൂപീകരിക്കാൻ ആവശ്യപ്പെട്ടതനുസരിച്ചു് അദ്ദേഹം മഹാരാജാവിനു സമർപ്പിക്കുവാൻ മന്ത്രി സഭാംഗങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നു. അടുത്ത രണ്ടുദിവസത്തിനകം മന്ത്രിസഭ ഉദ്യോഗമേല്ക്കുമെന്നുള്ളതിനു സൂചനയുണ്ട്.

(എ-പി)

—o—

## പകുതി ലോകം മിക്കതും പട്ടിണിയിൽ

ലേക് സക്സസ് അ: ൨൮ അഖില ലോക ശിശുക്കൾക്കു വേണ്ടിയുള്ള സംഘടനയുടെ ഉപദേശകസമിതിയുടെ അദ്ധ്യക്ഷനായ മി: ചെസ്റ്റർബൌൾസ് ഒരു പ്രസ് കോൺഫറൻസിൽ പ്രസ്താവിച്ചതു ലോകത്തിലെ ജനങ്ങളിൽ പകുതിപ്പേരും മിക്കവാറും പട്ടിണിക്കാരാണെന്നാണ്. ഇതിൽ ൪൦ ശതമാനം കുട്ടികളാണ്. ൩ കോടി ശിശുക്കൾ യൂറോപ്പിലും ൧൪ കോടി വിദൂരപൂർവദേശത്തും അപകടകരമാംവിധം പട്ടിണിക്കു വിധേയരായിട്ടുണ്ട്. യൂറോപ്പിലുള്ള ൪൫ ലക്ഷം കുഞ്ഞുങ്ങൾ രോഗബാധിതരാണെന്നും അദ്ദേഹം കണക്കാക്കിയിരിക്കുന്നു.

(റായിട്ടർ)

—o—

# ഐ.ജിയെപിരിച്ചുവിടണം

—o—

## ശ്രീ: കുമ്പളത്തിന്റെ പ്രമേയം

മുഖത്തല തുലാം ൯—ഇന്നിവിടെയുള്ള ക്ഷേത്രമൈതാനത്തുവച്ചു് വൻപിച്ച ഒരു സ്റ്റേറ്റ്‌കോൺഗ്രസ്സ് മഹായോഗം ശ്രീ. കെ. ബാലകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഇവിടെ സ്വരക്തമായ ഒരു ഗവർമ്മെന്റ രൂപീകരിക്കാൻ സ്റ്റേറ്റ്‌കോൺഗ്രസ്സിനു കഴിയത്തക്കവിധം അടുത്ത തിരഞ്ഞെടുപ്പിൽ എല്ലാ തൊഴിലാളിസഖാക്കളും കർഷകരും സ്റ്റേറ്റ്‌കോൺഗ്രസ്സിനെ സഹായിക്കണമെന്നു് മി. ബാലകൃഷ്ണൻ ഉൽബോധിപ്പിച്ചു. മിസ് ആനിമസ്ക്രീൻ, വി. ഗംഗാധരൻനായർ, മി. ജലാലുദ്ദീൻ, കുമ്പളത്തു ശങ്കുപ്പിള്ള എന്നിവർ പ്രസംഗിക്കുകയുണ്ടായി. ഇപ്പോഴത്തെ ഐ. ജി.യെ പിരിച്ചുവിടണമെന്നൊരു പ്രമേയം ശ്രീ. കുമ്പളം അവതരിപ്പിക്കുകയും മി. ജലാലുദ്ദീൻ പിൻതാങ്ങുകയും ചെയ്തു. ഐകകണ്ഠ്യേന ആ പ്രമേയം പാസ്സായി. മി. കെ. പി. രാഘവൻപിള്ള കൃതജ്ഞതാപ്രസംഗവും മി. പി. ആർ. ഗോപാലപിള്ള സ്വാഗതപ്രസംഗവും നടത്തി.

(ദ. ലേ)

—o—

## ജൂനഗാഡ്നവാബ് കറാച്ചിയിലേക്കു പലായനം‌ചെയ്തു?

രാജ്കോട്ട അക്ടോ. ൨൭—ജൂനഗാഡ്നവാബ് ബീഗങ്ങളും അടുത്ത അവകാശികളുമൊരുമിച്ചു് ഇന്നു വിമാനമാർഗ്ഗം കറാച്ചിയിലേക്കു പുറപ്പെട്ടിരിക്കുന്നതായി ഇവിടെ അറിയുന്നു. ഇതിനു് ഇവിടെ സ്ഥിരീകരണമുണ്ടായിട്ടില്ലെങ്കിലും നവാബ് അങ്ങോട്ടേയ്ക്കു മാറുവാനുള്ള സാദ്ധ്യത അഭിജ്ഞകേന്ദ്രങ്ങൾ ഒഴിവാക്കുന്നില്ല.

താൽക്കാലിക ജൂനഗാഡ് ഗവർമ്മെന്റ് അവിടെ കൂടുതൽ സ്ഥലങ്ങൾ തുടർന്നു കൈവശപ്പെടുത്തിയിരിക്കുന്നു. ശനിയാഴ്ച അർദ്ധരാത്രിവരെ അമരപുരത്തിനു ചുറ്റുമുള്ള ൧൪ ഗ്രാമങ്ങൾ പിടിച്ചതായും ഇന്നു ഉച്ചയ്ക്കു മുൻപുതന്നെ ഏഴു ഗ്രാമങ്ങൾകൂടി പിടിക്കുമെന്നാശിക്കുന്നതായും താൽക്കാലിക ഗവ: വക്താവു പ്രസ്താവിച്ചു.

—o—

## മി: ജിന്നാ ലാഹുറിലേക്കു്

കറാച്ചി, അ: ൨൭—പകിസ്ഥാൻ ഗവർണ്ണർജനറൽ മി: ജിന്നാ ഫാത്തിമജിന്നായോടൊരുമിച്ചു് ലാഹൂറിലേക്കു പോയിരിക്കുന്നു.

# കാഷ്മീർ ആക്രമണത്തെപ്പററി ഡെപ്യൂട്ടിമന്ത്രി

## മി. വി. പി. മേനോൻ കാഷ്മീരിലേക്കു്

ന്യൂഡെൽഹി, അം. ൨൭—ഇപ്പോൾ ഇവിടെ എത്തിയിട്ടുള്ള കാഷ്മീർ ഡെപ്യൂട്ടി പ്രധാനമന്ത്രി മി. ആർ. ബി. ബട്ടാ ഇന്നു ഒരു പ്രസ്താവനയിൽ ഇപ്രകാരം പറയുന്നു:—അക്ടോബർ ൨൨-ാംനു- മാൻസെഹ്റ-റാവൽകോട്ട പ്രദേശത്തുനിന്നു ഉദ്ദേശം ആയിരത്തോളം ട്രക്കുകളിലായി അവധാനിലിരിക്കുന്നവരും എന്തുംചെയ്യാൻ മടിക്കാത്തവരുമായ പകിസ്ഥാൻ ഭടന്മാരടങ്ങിയ ഒരു കൂട്ടം ആഫ്രീഡികൾ ആധുനികആയുധങ്ങളോടുകൂടി കാഷ്മീരിൽ പ്രവേശിച്ചു. ഈ അക്രമികൾ അമുസ്ലിങ്ങളുടെമേൽ തീവയ്പു്, കൊള്ളിവെയ്പു്, കൊല, ബലാത്സംഗം മുതലായവ നടത്തുകയുണ്ടായി. ഇപ്പോൾ ലഭിച്ച വിവരങ്ങളിൽനിന്നു സ്ഥിതിഗതികൾ നിയന്ത്രണാധീനമാണെന്നറിയുന്നു. രാജ്യത്തു ഭരണം സാധാരണനിലയിലെന്നപോലെ നടക്കുന്നു. ഗ്രാമമഹോത്സവം ആരംഭിക്കപ്പെടുകയും സകല വർഗ്ഗക്കാരും അതിൽ പങ്കെടുക്കുകയുംചെയ്തു.

### മി. വി. പി. മേനോൻ കാഷ്മീരിലേക്കു്

സ്റ്റേററ്‌വകുപ്പുമന്ത്രിയായ മി. വി. പി. മേനോൻ പട്ടാളം മുതലായവ നൽകുന്ന കാര്യത്തെപ്പററി അധികൃതന്മാരുമായി ആലോചിക്കുന്നതിനു ഇന്നു കാഷ്മീരിലേക്കു പോയിരിക്കുന്നു.

### കാഷ്മീർപ്രധാനമന്ത്രി കറാച്ചിസന്ദർശിക്കും

കറാച്ചി, അക്ടോബർ ൨൭—കാഷ്മീർ പ്രധാനമന്ത്രിയായ മി: മെഹർചന്ദ് മഹാജൻ സമീപഭാവിയിൽ കറാച്ചിയിൽ ഒരു ഔദ്യോഗികസന്ദർശനം നടത്തുവാനിടയുണ്ടെന്നു എ. പി. ഐ. അറിയുന്നു.

—o—

# മദ്ധ്യപൗരസ്ത്യ രാജ്യങ്ങൾ

—o—

## ഒരു രക്ഷാസംഘടന രൂപീകരിക്കും?

ബാഗ്ദാദ്, അ: ൨൪—അറബി രാഷ്ട്രങ്ങൾ, ടർക്കി, പേർഷ്യ, അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, ഇന്ത്യ എന്നീ രാഷ്ട്രങ്ങളുടെ ഒരു സംഘടന സൃഷ്ടിക്കാൻ ഇവിടെ രാഷ്ട്രീയവൃത്തങ്ങളിൽ ആലോചനകൾ നടക്കുന്നു. മദ്ധ്യപൂർവ്വപ്രദേശങ്ങളെയും മുസ്ലീംരാഷ്ട്രങ്ങളെയും ശത്രുക്കളിൽനിന്നു രക്ഷിക്കുകയാണ് ഈ സംഘടനയുടെ ഉദ്ദേശം.

ഐക്യരാഷ്ട്രസംഘടനയിൽ പാലസ്റ്റൈൻ വിഭജനത്തെ റഷ്യ അനുകൂലിച്ചതോടുകൂടി കഴിഞ്ഞ ഏഴുകൊല്ലക്കാലമായി റഷ്യൻ പ്രതിപുരുഷന്മാർ ഈ രാഷ്ട്രങ്ങളിൽ കെട്ടിപ്പടുത്ത മൈത്രിയെല്ലാം ഐക്യരാഷ്ട്രസംബ്ലിയിൽ ആ അഭിപ്രായം പ്രകടിപ്പിക്കാൻ റഷ്യക്കുവേണ്ടി വന്ന ഒരു മണിക്കൂർ സമയംകൊണ്ടു തകർന്നിരിക്കുന്നുവെന്നാണ് ചില നിരീക്ഷകന്മാർ അഭിപ്രായപ്പെടുന്നത്. (റായിട്ടർ)

—o—

## അമേരിക്കയിലെ റഷ്യൻ പ്രതിനിധി

വാഷിംഗ്ടൺ, അ: ൨൪—എം. നോവിക്കാവിനു പകരം അമേരിക്കയിലെ റഷ്യൻ അംബാസഡറായി എം. അലക്സാണ്ടർ സെമിനിവിച്ച് പാന്യൂഷ്കിനെ നിയമിച്ചിരിക്കുന്നു. ഇദ്ദേഹം ൧൯൪൪-ൽ ചൈനയിലെ റഷ്യൻ അംബാസഡറായിരുന്നു. (റായിട്ടർ)

—o—

## ലേബർസമ്മേളനം

ന്യൂഡൽഹി അ: ൨൫—സാർവ്വലൗകിക തൊഴിലാളിസംഘടനയുടെ റീജിയനൽ കാൺഫറൻസ് നാളെ സമ്മേളിക്കുന്നതാണ്. ഇതിൽ പ്രതിനിധികളും, നിരീക്ഷകരും ആയി ൨൫ പേർ സംബന്ധിക്കുന്നതാണ്. ഗവർമ്മെൻറുകളുടേയും, മുതലാളിമാരുടേയും തൊഴിലാളികളുടേയും പ്രതിനിധികൾ ഇതിൽ ഉൾപ്പെടും. നാളത്തെ പ്രാരംഭസമ്മേളനത്തിൽ പണ്ഡിതനെഹ്റു പ്രസംഗിക്കുന്നതാണ്. ലേബർമന്ത്രി മി. ജഗജീവൻറാം ആദ്ധ്യക്ഷം വഹിക്കും. (എ. പി)


# ടാക്കീസ്

കൊല്ലം എസ്. എം. പി. പാലസ്സിൽ

മഹത്തായ രണ്ടാംവാരം

**ഏകാംബരവാണൻ**

എന്ന പുതിയ ചിത്രം

കൊല്ലം ലക്ഷ്മിടാക്കീസിൽ

രഞ്ജൻ ബി. എ. വസുന്ധരാദേവി കൃഷ്ണൻ, മധുരം അഭിനയിച്ച

**മങ്കമ്മാശപഥം**

കരുനാഗപ്പള്ളി ശ്രീവിദ്യാധിരാജ് ടാക്കീസിൽ

സുപ്രസിദ്ധ പ്രഭാത് ഫിലിം കമ്പനിക്കാരുടെ ഉന്നത തമിഴ് ചിത്രം,

**സീതാകല്യാണം**

മാസ്റ്റർ രാജൻ, മിസ്സ് ജയം മുതലായവരഭിനയിച്ചതു്

ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ

ബാററ് ലിംഗ് മണി, എം. ആർ. സുന്ദരി നടിച്ച

**തായ്നാട്**

നവീന തമിഴ്ചിത്രം


# കാഷ്മീർ അതിർത്തി സംഭവങ്ങൾ

## ആക്രമണം നടത്തിയവരുടെ കൂട്ടത്തിൽ പകിസ്ഥാൻ ഭടന്മാരുമുൾപ്പെടുന്നു

ന്യൂഡൽഹി, അക്ടോ: ൨൫—കാഷ്മീർ ലേയ്ക്കു കടന്ന സായുധസംഘങ്ങളുടെ കൂട്ടത്തിൽ അവധിയിലിരിക്കുന്ന പാകിസ്ഥാൻ ഭടന്മാരുമുൾപ്പെട്ടതായും രണ്ടായിരത്തോളം വരുന്ന ലഹളക്കാരെ പിടികൂടുവാൻ കാഷ്മീർ ഗവ: നടപടി കൈക്കൊണ്ടിരിക്കുന്നതായും റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

കാഷ്മീർ—പകിസ്ഥാൻ അതിർത്തിയിലെ സിയാൽക്കോട്ട് ഡിസ്ട്രിക്ടിലുള്ള നാലു ഗ്രാമങ്ങൾ അക്രമികൾ കത്തിയെരിച്ചതായും അറുനൂറോളം വരുന്ന ഒരു അമുസ്ലീം ജനസമൂഹം അക്ടോബർ ൨൩-ന് ചഗ്ഗ് എന്ന ഗ്രാമം ആക്രമിച്ചു രണ്ടു മുസ്ലീങ്ങളെ വധിച്ചതായും സൈനിക പട്ടാളം എത്തിയ അവസരത്തിൽ ഇവർ പിരിഞ്ഞുപോയതായും പശ്ചിമ പഞ്ചാബ് ഗവ: പുറപ്പെടുവിച്ച ഒരു പ്രസ്നോട്ടിൽ പറയുന്നു. ഈ അസ്വാസ്ഥ്യങ്ങൾ നിമിത്തം കാഷ്മീർ സ്റ്റേറ്റിൽനിന്നു സിയാൽക്കോട്ടിലേയ്ക്കു നിരവധി മുസ്ലീം അഭയാർത്ഥികൾ വന്നുകൊണ്ടിരിക്കുന്നു.

—o—

## നവരാത്രി വിദ്വത്സദസ്സ്

—o—

### തിരുമേനിമാരുടെ സാന്നിദ്ധ്യം

തിരു: അക്ടോ:—൨൫—൧൯൪൭ അക്ടോബർ ൧൫-ാംനു-മുതൽ ൨൨-ാംനു-വരെ തിരുവനന്തപുരം കോട്ടയ്ക്കകത്തു കൊട്ടാരത്തിൽവച്ചു പതിവനുസരിച്ചു നവരാത്രി വിദ്വത്സദസ്സു കൂടി. യൂണിവേഴ്സിററികാളേജിലെ മീമാംസകരത്നമീമാംസാശിരോമണി പ്രഫസർ വി. എ. രാമസ്വാമിശാസ്ത്രി സഭാദ്ധ്യക്ഷനായിരുന്നു. സ്ഥലത്തെ അറുപതു പണ്ഡിതന്മാർ സദസ്സിൽ സന്നിഹിതരാകുകയും ശാസ്ത്രീയമായ വാക്യാർത്ഥചർച്ചകളിൽ പങ്കുകൊള്ളുകയും ചെയ്തു. പണക്കിഴികൂടാതെ സർവ്വകലാശാലാകയ്യെഴുത്തു ഗ്രന്ഥാലയത്തെ കടിംഗ്രസൂപ്രണ്ടു വ്യാകരണമഹോപാദ്ധ്യായ കെ. ശിവരാമകൃഷ്ണശാസ്ത്രിക്കും തിരുവനന്തപുരം സംസ്കൃതകാളേജ് വേദാന്തപണ്ഡിതർ വേദാന്തശിരോമണി സാഹിത്യശിരോമണി വി. എസ്. വി. ഗുരുസ്വാമിശാസ്ത്രിക്കും സ്വർണ്ണമെഡലും ലഭിച്ചു. മററു പണ്ഡിതന്മാർക്കെല്ലാം പണക്കിഴി നൽകപ്പെട്ടു. ൭-ാംദിവസം മഹാരാജാവുതിരുമേനിയും മഹാറാണിതിരുമേനിയും ഇളയരാജാതിരുമേനിയും സദസ്സിൽ സന്നിഹിതരായി. അന്നേദിവസം വാക്യാർത്ഥചർച്ചാവസരത്തിൽ ദിവാൻ രാജ്യസേവാപ്രവീണ പി. ജി. നാരായണനുണ്ണിത്താനും സന്നിഹിതരായിരുന്നു. (എ—പി)

—o—

## അഭയാർത്ഥികളെ വിമാനമാർഗ്ഗം മാററുന്നു

കറാച്ചി അ. ൨൫—പകിസ്ഥാനിൽനിന്നു ഇന്ത്യയിലേക്കും ഇന്ത്യയിൽനിന്നു പകിസ്ഥാനിലേക്കും വിമാനമാർഗ്ഗം അഭയാർത്ഥികളെ മാററം ചെയ്യുന്ന ജോലി അവിശ്രമം തുടർന്നുകൊണ്ടേയിരിക്കുന്നു. ൧൫൦൦൦-ലേറെ വിമാനയാത്ര ഇതിനുവേണ്ടിവന്നിട്ടുണ്ട്. അങ്ങോട്ടുമിങ്ങോട്ടുംകൂടി ൩൨൦൦൦-പേരെ കടത്തിക്കൊണ്ടുപോയിട്ടുമുണ്ട്.

൨൧-ബി ഒ എ സി വിമാനങ്ങൾ ഇപ്പോൾതന്നെ ഇതുസംബന്ധിച്ചു ഇന്ത്യയിൽ വന്നുചേർന്നിട്ടുണ്ട്. ഒരു മാസത്തിനുള്ളിൽ ജോലി പൂർത്തിയാക്കാൻ സാധിക്കുമാറ് കൂടുതൽ വിമാനങ്ങൾ ഉടനെ എത്തുമെന്നും പ്രതീക്ഷിക്കുന്നു. (എ. പി.)

—o—

## അഫ്ഗാൻ രാജാവിനെ കാണുന്നു

പെഷവാർ അ: ൨൪—കായിദെ അസംമിന്റെ പ്രത്യേകപ്രതിനിധിയായ നവാബ് സാദാസീദ്ദുള്ളാഖാൻ അക്ടോബർ ൨൨-ാംനു- അഫ്ഗാനിസ്ഥാനിലെ സാഹർഷാരാജാവിനെ സന്ദർശിച്ചു സംഭാഷണം നടത്തിയിരിക്കുന്നു.

—o—

## ൧൨ ജൂനഗാഡ് ഗ്രാമങ്ങൾ

—o—

### ഇന്ത്യൻയൂണിയനിൽ ചേരുന്നു

രാജക്കോട്ട്, അ: ൨൫ -താല്ക്കാലിക ജൂനഗാഡ് ഗവർമ്മെൻറ് കൈവശപ്പെടുത്തിയ ൧൨ ജൂനഗാഡ് ഗ്രാമങ്ങളിലെ ജനങ്ങൾ ഒരു പൊതുയോഗം വിളിച്ചുകൂട്ടുകയും തങ്ങളുടെ ഗ്രാമങ്ങൾ ഇന്ത്യൻയൂണിയനിൽ ചേർന്നതായും പ്രസ്താവിക്കുകയും ചെയ്തു. തദനന്തരം തങ്ങൾക്കു സംരക്ഷണവും സഹായങ്ങളും നൽകണമെന്നു ഈ യോഗം ഇന്ത്യാഗവർമ്മെൻറിനോടഭ്യർത്ഥിക്കുകയുമുണ്ടായി.

## ൧൧ ലക്ഷം താമസമുറപ്പിച്ചു

—o—

സിംല, അ: ൨൪—പൂർവ്വപഞ്ചാബിൽ ഇതുവരെ പതിനൊന്നുലക്ഷം ഹിന്ദുക്കളും സിക്കുകാരും വീണ്ടും താമസമുറപ്പിച്ചിരിക്കുന്നുവെന്ന് അവിടത്തെ പ്രധാനമന്ത്രി ഡാ: ഗോപീചന്ദഭാർഗ്ഗവ പ്രസ്താവിച്ചിരിക്കുന്നു.

വിധവകൾക്കും അനാഥശിശുക്കൾക്കും ഒരു ഗൃഹം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നതായും അദ്ദേഹം പ്രസ്താവിച്ചു.

—o—

# മി. ജിന്നാക്കു മറുപടി

—o—

## ദ്വിരാഷ്ട്രവാദത്തെപ്പററി അലിസഹീർ

ന്യൂഡൽഹി അ: ൨൫—മി. ജിന്നായുടെ ഈയിടെ ആവർത്തിക്കപ്പെട്ട ദ്വിരാഷ്ട്രവാദത്തെപ്പററി ഷെറാനിലെ ഇന്ത്യൻ അംബാസഡറായ സയ്യദ് അലിസഹീർ ഇന്ത്യയിൽ മി. ജിന്നായുടെ ദ്വിരാഷ്ട്രസമ്പ്രദായത്തിൽനിന്നുണ്ടായ ആപത്തുകൾ മി. ജിന്നാ ഇനിയും ശരിക്ക് മനസ്സിലാക്കിയിട്ടില്ലെന്നാണ് ഇതിൽനിന്നു മനസ്സിലാക്കേണ്ടതെന്നു പ്രസ്താവിച്ചിരിക്കുന്നു. ഇന്ത്യൻ യൂണിയനിലെ ഹിന്ദുക്കളിൽ ഒരു വലിയ വിഭാഗം, മുസ്ലീംകൾ മറൊരു നേഷനിൽപെട്ടവരാണെന്നു പറഞ്ഞു അവരെ പുറത്താക്കണമെന്ന് ആവശ്യപ്പെടുന്നു എന്ന് അദ്ദേഹം മി. ജിന്നായുടെ പ്രസ്താവനയുടെ അനിഷ്ടഭാഗം ചൂണ്ടിക്കാട്ടി. (എ. പി)

—o—

## മൗണ്ട്ബാററൻപ്രഭ്വി ഗാന്ധിജിയെ കണ്ടു

ന്യൂഡൽഹി, അ: ൨൫—മൗണ്ട്ബാററൻപ്രഭ്വി ബിർലാഹൗസിൽ ചെന്നു മഹാത്മജിയെ കാണുകയും അരമണിക്കൂർ അദ്ദേഹവുമൊന്നിച്ചു കഴിയുകയും ചെയ്തിരിക്കുന്നു. (എ-പി)

—o—

## ഇൻഡോനീഷ്യൻ തർക്കം

—o—

### അന്വേഷണക്കമ്മീഷനുമായി ഇൻഡോനീഷ്യ സഹകരിക്കും

ബററേവിയ, അ: ൨൪—ഐക്യരാഷ്ട്ര സംഘടന നിയമിച്ച മൂന്നു രാഷ്ട്രങ്ങളുടെ പ്രതിനിധികളടങ്ങിയ ഇൻഡോനീഷ്യൻ അന്വേഷണക്കമ്മീഷനിലെ ആസ്ത്രേലിയൻപ്രതിനിധി മി. ജസ്റ്റിസ് കർബിസ്ലി ഇൻഡോനേഷ്യൻ റിപ്പബ്ളിക്കൻ ഗവർമ്മെൻറ് അയച്ച ഒരു സന്ദേശത്തിൽ നടത്തുന്ന ആലോചനകളുടെ പ്രാരംഭഘട്ടങ്ങൾ റിപ്പബ്ളിക്ക് സഹകരിക്കാൻ തയ്യാറാണെന്നു പ്രസ്താവിച്ചിരിക്കുന്നു. (റായിട്ടർ)

—o—

# ദ്വിരാഷ്ട്രവാദത്തെപ്പററി മൗലാനാ ആസാദ്

## ഇന്നത്തെ ഇന്ത്യയിലെ വ്യസനകരമായ സംഭവങ്ങൾക്ക് അതു് ഉത്തരവാദം വഹിക്കുന്നു

ന്യൂഡൽഹി, അ. ൨൫—വെള്ളിയാഴ്ച ജമ്മാ മസ്ജിദിൽ നടന്ന പ്രാർത്ഥനയ്ക്കുശേഷം മൌലാനാ അബ്ദുൾകലാം ആസാദ് ചെയ്ത ഒരു പ്രസംഗത്തിൽ, നവംബർ രണ്ടാംവാരത്തിൽ ഒരു അഖിലേന്ത്യാ മുസ്ലിംനേതാക്കളുടെ സമ്മേളനം വിളിച്ചുകൂട്ടാൻ താൻ തീരുമാനിച്ചിരിക്കുന്നതായി പ്രസ്താവിച്ചു. ഈ സമ്മേളനം ഇന്ത്യൻയൂണിയനിലെ മുസ്ലിങ്ങളുടെ ഭാവി പ്രവർത്തനപരിപാടി ആലോചനകൾക്കുശേഷം തയ്യാറാക്കുന്നതാണ്. പിന്നീട് ഡിസംബർ മാസത്തിൽ വിളിച്ചുകൂട്ടുന്ന, കൂടുതൽ പ്രാതിനിധ്യമുള്ള മുസ്ലിങ്ങളുടെ ഒരു സമ്മേളനത്തിൽ ഈ പരിപാടി സ്വീകരണാർത്ഥം സമർപ്പിക്കപ്പെടുന്നതാണ്.

ദ്വിരാഷ്ട്രവാദത്തെ മൗലാനാ ആസാദ് നിശിതമായി വിമർശിക്കുകയും, ഇന്നു ഈ രാജ്യത്തിലുണ്ടായ വ്യസനകരമായ നിലയ്ക്കു ദ്വിരാഷ്ട്രസിദ്ധാന്തമാണ് കാരണം എന്നു പ്രസ്താവിക്കുകയുമുണ്ടായി. (എ—പി)

—o—

## ട്രൂമാന്റെ താക്കീതു്

വാഷിംഗ്ടൺ, അ: ൨൫—പ്രസിഡൻറ് ട്രൂമാൻ ഇന്നലെ രാത്രി അമേരിക്കൻജനങ്ങളോടായി ചെയ്ത പ്രക്ഷേപണത്തിൽ പ്രസ്താവിച്ചതു് രാജ്യത്തു നിലവിലിരിക്കുന്ന വിലക്കയററത്തേയും, മറുരാജ്യങ്ങളിലെ വിശപ്പിനേയും തണുപ്പിനേയും ഒഴിവാക്കുവാൻ കാൺഗ്രസ്സ് നടപടികൾ കൈക്കൊള്ളാത്തപക്ഷം ആഭ്യന്തരമായ അഭിവൃദ്ധിയും ലോകസമാധാനവും അത്യന്തം അപകടത്തിലാകുമെന്നാണ്.

ഫ്രാൻസിലെയും ഇററലിയിലേയും അടിയന്തരാവസ്ഥയാണ് കാൺഗ്രസ്സിൻെറ ഒരു പ്രത്യേകസമ്മേളനം കൂട്ടുവാൻ തന്നെ പ്രേരിപ്പിച്ചതെന്നദ്ദേഹം പറഞ്ഞു. ഈ രാജ്യങ്ങളിലെ സാമ്പത്തികസ്ഥിതി തകരുകയും, ഏകാധിപത്യസമ്പ്രദായത്തിന് ഈ രാജ്യങ്ങൾ കീഴ്വണങ്ങിക്കൊടുക്കേണ്ടിവരികയും ചെയ്യുകയാണെങ്കിൽ, ലോകസമാധാനത്തെ പുനഃപ്രവേശനം ചെയ്യുവാൻ നമുക്കോ അവർക്കോ സാദ്ധ്യമാവുകയില്ലഎന്നും അദ്ദേഹം പറഞ്ഞു. (റായിട്ടർ)

"മിക്കിമൗസ്" കാർട്ടൂണുകൾ നമ്മെള്ളാം കണ്ടിട്ടുണ്ട്. കേവലം മഷിയിൽനിന്നും ജന്മം പ്രാപിച്ച, ഈ 'സിനിമാതാരങ്ങൾ' അനേകലക്ഷം ആളുകളെ രസിപ്പിച്ചുവരുന്നു. കാർട്ടൂൺ സിനിമ കാണാൻ, നമുക്ക്, ഒരു പ്രത്യേക ഉത്സാഹംതന്നെയാണ്. എങ്കിലും, കാർട്ടൂൺ സിനിമയുടെ ആവിർഭാവത്തെപ്പററി, നമ്മിൽ പലരും ചിന്തിച്ചു കാണുകയില്ല. സിനിമയുടെ ചരിത്രത്തിൽ, അത്യന്തം രസാവഹമായ ഒരു അദ്ധ്യായമാണത്.

ഇംഗ്ലണ്ടിലെ കുറേ ചിത്രകാരന്മാർക്കാണ്, ആദ്യമായി ഈ ആശയം തോന്നിയത്. അവർ പ്രവർത്തിച്ചു തുടങ്ങി. ആ ആരംഭകാലത്ത്, ഓരോ ചിത്രകാരനും ഓരോ 'പ്രൊഡ്യൂസർ' കൂടിയായിരുന്നു. ആയിരക്കണക്കിന്, മോഡലുകൾ ഉണ്ടാക്കപ്പെട്ടു. കാർഡുബോർഡിൽ ചിത്രം വരച്ച് ചായംകൊടുത്തു വെട്ടിയെടുത്ത് നൂലുകൊണ്ടു ബന്ധിക്കപ്പെട്ടശേഷമാണ് ഒരു മോഡൽ രൂപമെടുക്കുകയായി. ഓരോ തവണ ക്യാമറ ഉപയോഗിക്കുമ്പോഴും, മോഡലുകൾ ഒരിഞ്ചിന്റെ നൂറിലൊരംശം ചലിപ്പിക്കുക പതിവായിരുന്നു. എങ്കിൽ മാത്രമല്ലേ, ഫിലിം പ്രദർശിപ്പിക്കുമ്പോൾ, അതൊരു ചലച്ചിത്രമായിരിക്കയുള്ളൂ? ൭൦ അടി നീളമുള്ള ഒരു ചെറിയ ഫിലിം നിർമ്മിക്കുവാൻ, ഇത്തരത്തിൽ ൮൦൦൦൦ ചലനങ്ങൾ ഉണ്ടാക്കേണ്ടിയിരുന്നു. ബ്രിട്ടനിലെ 'മെക്കാൻ കാർട്ടൂൺ കോമഡി'കളാണ്, ഇത്തരത്തിലുള്ള കാർട്ടൂൺ ഫിലിമുകൾ, ആദ്യമായി, ഒരു നല്ല തോതിൽ പ്രചരിപ്പിച്ചു തുടങ്ങിയത്.

ഹോളിവുഡ് വെറുതെയിരുന്നില്ല. ൧൯൧൮-ൽ പൊടുന്നനവെ, ഒരു രസികൻ കാർട്ടൂൺ സിനിമയുമായി, അവർ പുറത്തുവന്നു. 'മട്ട് ആൻറ് ജെഫ്' എന്നായിരുന്നു, ആ ചിത്രത്തിന്റെ പേര്. ആ ചിത്രം, ഒരു പുതിയരീതി സ്വീകരിച്ചിരുന്നു. ആരെയും പൊട്ടിച്ചിരിപ്പിക്കുന്ന പടങ്ങളും, ഫലിതവും അതിലുൾക്കൊണ്ടിരുന്നു. 'മട്ട് ആൻഡ് ജെഫ്'ന് വമ്പിച്ച പ്രചാരമുണ്ടായി. 'മെക്കാൻ കാർട്ടൂൺകോമഡി'കളുടെ ചിത്രങ്ങൾ വിസ്മരിക്കപ്പെട്ടു. അന്നുമുതൽ ഇംഗ്ലണ്ടിൽ കാർട്ടൂൺസിനിമകൾ ഉണ്ടായിട്ടില്ല. കാർട്ടൂൺ സിനിമാവ്യവസായത്തിലെ നേതൃത്വം, ഹോളിവുഡ് കരസ്ഥമാക്കി. ഇക്കാലത്തു തന്നെയും, മേത്തരം കാർട്ടൂൺ സിനിമകൾ, ഹോളിവുഡ്ഡിൽ നിന്നാണ് വരുന്നത്.

ഹോളിവുഡ്ഡുകാരുടെ വിജയരഹസ്യം, മറൊന്നുമായിരുന്നില്ല, അവർ 'മെക്കാൻ കോമഡികാർട്ടൂൺ'കാരുടെ രീതികൾ പഠിച്ച്, ഉചിതമായ പരിഷ്കാരങ്ങൾ സ്വീകരിച്ചു... അമേരിക്കൻ ഹാസ്യമാസികകളിൽ ജോലിചെയ്തുവന്ന അനേകം ചിത്രകാരന്മാർ സ്റ്റുഡിയോകളിലേക്കു ആകർഷിക്കപ്പെട്ടു. ഈ പ്രാരംഭകന്മാർ ഉത്സാഹത്തോടെ പ്രവർത്തിച്ചു. "ഈസപ്പുകഥകൾ" രൂപമെടുത്തു. പട്ടികളും, ആമകളും, സിംഹങ്ങളും, നിർഭയം വെള്ളിത്തിരയിൽ വിഹരിച്ചുതുടങ്ങി. ഈ കാർട്ടൂൺ സിനിമകളിൽ, മനുഷ്യകഥാപാത്രങ്ങൾ ചുരുക്കമായിരുന്നു. മൃഗങ്ങൾക്കെല്ലാം, ഏറാവും രസകരമായ രൂപങ്ങൾ, ഹാസ്യചിത്രകാരന്മാർ നൽകി.

യുദ്ധമവസാനിച്ചു. ഹോളിവുഡിലെ കാർട്ടൂൺ സിനിമാസ്റ്റുഡിയോകൾ, ദ്രുതഗതിയിൽ പ്രവർത്തിച്ചുതുടങ്ങിയിരുന്നു. 'ബ്രേ പിക്ടോഗ്രാഫ് കമ്പനി' എന്നൊരു കൂട്ടർ, വളരെ നല്ല കാർട്ടൂൺ സിനിമകൾ പുറത്തിറക്കി. 'മഷിക്കുപ്പിയിൽനിന്നും' എന്ന പേരിൽ തുടർച്ചയായി അവർ കുറെ ചിത്രങ്ങൾ നിർമ്മിച്ചു. ഒരു ചിത്രകാരൻ മഷിക്കുപ്പിയിൽ പേന മുക്കുന്നു, ഒരു തുള്ളി മഷി കടലാസിൽ പതിയുന്നു. എന്നാൽ, ആ ഒരു തുള്ളി മഷി ചിത്രകാരന്റെ പിടിയിൽനിന്നും വഴുതിപ്പോകയാണ്. അതു് ഓടിപ്പോയിട്ടു നടന്നു്, വ്യക്തമായ ഒരു രൂപം പ്രാപിക്കുന്നു. പലപ്പോഴും ഒരു കൊച്ചുകുട്ടിയുടെയോ വന്യമൃഗത്തിന്റെയോ രൂപമാവാം മഷിത്തുള്ളി സ്വീകരിക്കുന്നതു്. തുടർന്നു്, ആ കഥാപാത്രത്തിന്റെ ധീരകൃത്യങ്ങൾ ചിത്രീകരിക്കപ്പെടുന്നു. അവസാനത്തിൽ, ചിത്രകാരന്റെ കൈവശമുള്ള ബ്ലോട്ടിംഗ് പേപ്പറിൽ, ആ കഥാപാത്രം—ആ ഒരുതുള്ളി മഷി—'ചരമം' പ്രാപിക്കുന്നു.

# കാർട്ടൂൺ സിനിമ

മലയാററൂർ രാമകൃഷ്ണൻ ബി. എസ്സ്‌സി.

'മഷിക്കുപ്പിയിൽനിന്നും' എന്ന കാർട്ടൂൺ സിനിമകൾ, ഈ സമ്പ്രദായരൂപമാണ സ്വീകരിച്ചുവന്നതു്.

൧൯൧൯-ൽ ഒരു പുതിയ 'കാർട്ടൂൺ താരം' ഉത്ഭവിച്ചു. ലോകമെങ്ങും ഈ താരത്തിനു ഹാർദ്ദമായ സ്വീകരണം ലഭിച്ചു. 'ഫെലിക്സ് ദി ക്യാററ്' എന്നായിരുന്നു താരത്തിന്റെ നാമധേയം. 'ഫെലിക്സി'ന്റെ വികൃതികൾ എല്ലാവരെയും ആനന്ദിപ്പിച്ചു. ഫെലിക്സ്! എല്ലാവരുടെ ചുണ്ടുകളിലും, ആ പേരു് തത്തിനിന്നു. ഫെലിക്സിന്റെ ചിത്രം, എല്ലാം വർത്തമാനപ്പത്രങ്ങളും പ്രസിദ്ധംചെയ്തു. ഒരു മനുഷ്യതാരത്തിനും നേടാൻ കഴിയാത്ത വിജയമാണു് ഫെലിക്സ് നേടിയതു്.

അനുകരണങ്ങളുണ്ടായി; മററു ജന്തുക്കളെ കഥാപാത്രങ്ങളായി സ്വീകരിച്ചു്, പലരും കാർട്ടൂൺസിനിമകൾ നിർമ്മിച്ചു. എന്നാൽ ഫെലിക്സിന്റെ വിജയം അവയ്ക്കൊന്നും ലഭിച്ചില്ല.

കാർട്ടൂൺസിനിമയുടെ നിർമ്മാണരീതിതന്നെ മാറി. 'മെക്കാൻകോമഡി' ചിത്രകാരന്മാരുടെ, കൂട്ടിക്കെട്ടിയ മോഡലുകൾ അപ്രത്യക്ഷങ്ങളായി. പരസ്പരം, അല്പാല്പംമാത്രം വ്യത്യാസമുള്ള നിരവധി ചിത്രങ്ങൾ വരച്ചു്, അവയെ ഫിലിംചെയ്യുകയായിരുന്നു, പുതിയ മാർഗ്ഗം. നിരവധി ചിത്രങ്ങൾ ഉപയോഗിച്ചുവന്നതുമൂലം, കാർട്ടൂണിന്റെ ചലനം കൂടുതൽ സ്വാഭാവികമായിത്തീർന്നു.

ആയിടെക്കെല്ലാക്കാലത്തേക്ക് ഫെലിക്സും 'ക്രേസി ക്യാററ്' എന്ന മറൊരു കഥാപാത്രവും കാർട്ടൂൺസിനിമാലോകത്തു്, എതിരില്ലാതെ ശോഭിച്ചു. ഈ കാലത്തിനിടയിൽ (൧൯൨൮, ൧൯൨൯) ചിക്കാഗോയിലെ ഒരു ന്യൂസ് പേപ്പർ കാർട്ടൂണിസ്റ്റായിരുന്ന ഒരു ചെറുപ്പക്കാരൻ, ആ ജോലി ഉപേക്ഷിച്ചു്, തുച്ഛമായ അഞ്ചുറു ഡോളറുമായി ഹോളിവുഡ്ഡിൽ എത്തിച്ചേർന്നു. കാർട്ടൂൺസിനിമകൾ നിർമ്മിച്ചു് പ്രശസ്തനും ധനികനും ആകണമെന്നായിരുന്നു അയാളുടെ ഉദ്ദേശം. അയാൾക്കു് പല വിഷമങ്ങൾ നേരിടേണ്ടിവന്നു; വളരെയേറെ ദൈന്യം അനുഭവിക്കേണ്ടിവന്നു. എങ്കിലും ശുഭപ്രതീക്ഷയോടെ, ധൈര്യം മുന്നോട്ടുപോയി ഒരിക്കലും നിരുത്സാഹനാകാത്ത ആ യുവാവു്, ലോകത്തെ മുഴുവൻ ആകർഷിക്കുന്ന ഒരു കാർട്ടൂൺ സിനിമ നിർമ്മിക്കുമെന്നു് പ്രതിജ്ഞചെയ്തു. 'യൂണിവേഴ്സൽ' കമ്പനിക്കാർ അയാൾക്കു് ജോലികൊടുത്തു. 'ഓസ്‌വാൾഡ് ദി റാബിററ്' എന്ന കാർട്ടൂൺ സിനിമ, അയാൾ നിർമ്മിച്ചു, എന്നാൽ അതു് അത്രതന്നെ പ്രതിഭാസമ്പന്നമായിരുന്നില്ല. ആ യുവാവാണു് 'വാൾട്ട് ഡിസ്നി'.

ഒരാളുടെ ജീവിതം ലോകത്തെ മുഴുവൻ അത്ഭുതപ്പെടുത്തിയ ഒരു സംഭവമുണ്ടായി. സംസാരിക്കുന്ന ചലച്ചിത്രങ്ങൾ വന്നുചേർന്നു. ഒരു വമ്പിച്ച കോളിളക്കം തന്നെയുണ്ടായി. ആ ബഹളത്തിനിടയിൽ, വാൾട്ട് ഡിസ്നിയ്ക്കു് ഒരു ആശയം ലഭിച്ചു. സംസാരിക്കുന്ന ഒരു കാർട്ടൂൺതാരത്തെ നിർമ്മിക്കണമെന്നു്, ഡിസ്നി തീരുമാനിച്ചു. സ്വവർഗ്ഗത്തിലുള്ള ഒരു പെണ്ണിനെ പ്രേമിക്കുന്ന വല്ലാത്തതരത്തിൽ വേഷംധരിച്ച, കുഴപ്പക്കാരനായ ഒരു മൃഗത്തെ ഡിസ്നി സൃഷ്ടിച്ചു; അതിന്നു് മനുഷ്യന്റെ സംഭാഷണശക്തിയും നൽകി. ഡിസ്നി കണ്ടുപിടിച്ച മൃഗം, ഒരു ചുണ്ടെലിയായിരുന്നു!!

'യൂണിവേഴ്സൽ' കമ്പനി ഡയറക്ടറന്മാരുടെ മുമ്പിൽ, മറെറാട്ട് ഡിസ്നി, വമ്പിച്ച പദ്ധതികൾ സമർപ്പിച്ചു. എന്നാൽ, ഡിസ്നയുടെ ആശയം അവർക്കു് ലാഭകരമായി തോന്നിയില്ല. അനാവശ്യച്ചിലവുണ്ടാകുമെന്നു് അവർ ഭയന്നു. ഡിസ്നിയുടെ ആശയം പ്രായോഗികമാക്കുവാൻ സ്ഥിരശമ്പളം കൊടുത്തു് അനേകം ചിത്രകാരന്മാരെ നിയമിക്കേണ്ടിവരുമെന്നു അവർ മനസ്സിലാക്കി. പോരെങ്കിൽ, വിലപിടിച്ച യന്ത്രങ്ങളും വേണം! 'സാദ്ധ്യമല്ല.' ഡിസ്നിയോടു് അവർ തീർത്തുപറഞ്ഞു.

പക്ഷെ, ഡിസ്നിയ്ക്കു അറിയാമായിരുന്നു, ലോകരുടെ ഹൃദയം കവരുന്ന ഒരു കാർട്ടൂൺ താരത്തെയാണു്, താൻ ഭാവനചെയ്യുന്നതെന്നു്... 'മിക്കി ദി മൗസ്'... യൂണിവേഴ്സൽകമ്പനി വെടിഞ്ഞിട്ടു്, കൈവശമുള്ള അവസാനത്തെ പെനിപോലും ചിലവാക്കി, ആ ചെറുപ്പക്കാരൻ പ്രവൃത്തിയാരംഭിച്ചു.

'മിക്കിമൗസ്' ജനിച്ചു. ഇന്നു അവനു ൧൯ വയസ്സായി. ഇന്നും, ആളുകൾക്കു 'മിക്കി'യെ വലിയ കാര്യമാണു്. തൻ സ്വപ്നം കണ്ടതിലേറെ വിജയം ഡിസ്നിയ്ക്കുണ്ടായി. എന്നാൽ, വിജയം ഡിസ്നിയെ അഹങ്കാരിയാക്കിയില്ല. സ്വന്തം സ്റ്റുഡിയോയിലെ, ശമ്പളക്കാരായ ചിത്രകാരന്മാരൊപ്പമിരുന്നു ഡിസ്നിയും വേലയെടുക്കുന്നു. ആത്മാർത്ഥമായ പരിശ്രമവും, ജന്മനായുള്ള പ്രതിഭയുമാണു്, 'മിക്കിമൗസ്' 'സില്ലിസിംഫണി' എന്നീ കാർട്ടൂൺസിനിമകളിൽ നാം കാണുന്നതു് എന്നു പറയേണ്ടതുണ്ടു്. മററു പലരും കളമൊരുക്കിയശേഷമാണു്, ഡിസ്നി മുന്നോട്ടുവന്നതു്. മററുള്ളവരുടെ രീതികൾ പരിഷ്കരിക്കുക മാത്രമാണു്, ഡിസ്നി ചെയ്തതു്. എന്നാൽ, ഒരു കാര്യം സമ്മതിച്ചേ തീരു. ഡിസ്നിയുടെ കാർട്ടൂണുകളിലെ ഫലിതവും ഹാസ്യരസവും അനുപമമാണു്.

അമ്പതോ, അറുപതോ, എക്സ്പർട്ടുകൾ ഒത്തുചേർന്നു പ്രവർത്തിച്ചാൽ മാത്രമേ, ഇന്നു ഒരു ഡിസ്നികാർട്ടൂൺസിനിമ പൂർത്തിയാകയുള്ളു. 'ടെക്നികളർകാർട്ടൂൺ' ആണെങ്കിൽ, നൂറോളം അസിസ്റ്റന്റന്മാർ ആവശ്യമുണ്ടു്.

അടുത്തകാലത്തു് 'ത്രി കാബല്ലറോസ്' എന്നൊരു കാർട്ടൂൺസിനിമ, ഡിസ്നി നിർമ്മിക്കയുണ്ടായി. അതിൽ, കാർട്ടൂൺതാരങ്ങളേയും, യഥാർത്ഥമനുഷ്യതാരങ്ങളേയും ഡിസ്നി കൂട്ടിയിണക്കിയിരിക്കുന്നു. സുന്ദരിമാരായ മദാമ്മകളോടു ചേർന്നു്, ഈ കാർട്ടൂൺതാരങ്ങൾ നൃത്തം ചെയ്യുന്നതു കണ്ടാൽ ആരും ചിരിച്ചു പോകും.

ഒരു 'മിക്കിമൗസ്' കാർട്ടൂൺ സിനിമ നിർമ്മിക്കുന്നതെങ്ങനെയെന്നു ചുരുക്കത്തിൽ പറയാം.

ആദ്യമായി, ഡിസ്നിയും അയാളുടെ സഹപ്രവർത്തകരും (Ideas-men) ചേർന്നു് ഒരു 'കഥാസമ്മേളനം' (Story Conference) നടത്തുന്നു. കഥ തീരുമാനിച്ച ശേഷം, ഓരോ 'സീക്വൻസി'നെയും വിവിധ സീനുകളായി പങ്കിടുന്നു. ഈ സീനുകൾ ചിത്രകാരന്മാർ വീതിച്ചെടുക്കുന്നു. ഓരോ ചിത്രകാരനും, ഓരോ പ്രത്യേകസീൻ ആയിരിക്കും വരയ്ക്കുക.

പേപ്പറും പെൻസിലുമുപയോഗിച്ചു്, ആർട്ടിസ്റ്റുകൾ ചിത്രങ്ങൾ വരയ്ക്കുന്നു. ഈ ചിത്രങ്ങൾ 'പകർപ്പുകാരന്റെ' കയ്യിലേക്കാണു് പോകുന്നതു്. അയാൾ ഈ ചിത്രങ്ങളെ സെലുലോയിഡ് ഷീററുകളിൽ മഷിവച്ചു പകർത്തിയെടുക്കുന്നു. പെയിൻറിങ്ങ് ഡിപ്പാർട്ടുമെന്റിലെ ജോലിക്കാർ, ഈ സെലുലോയിഡ് ചിത്രങ്ങൾക്കു്, നിറങ്ങൾകൊടുക്കുന്നു. അടുത്തതായി, ഈ സെലുലോയിഡ് ചിത്രങ്ങൾ, 'ക്യാമറാമാന്റെ' പക്കലെത്തുന്നു. ഓരോ ചിത്രവും, ഓരോ തവണവീതം ഛായാഗ്രഹണംചെയ്യപ്പെടുന്നു. ഒരു മേശയ്ക്കുമുകളിൽ, ക്യാമറാ തലകീഴെ ഉറപ്പിച്ചിരിക്കുകയാണു്. സെലുലോയിഡ് ഷീററിൽ, ശക്തിയേറിയ പ്രകാശം വീഴുന്നുണ്ടു്. അങ്ങനെ, സെലുലോയിഡ് ഷീററുകളുടെ ഒരു വലിയ ഘോഷയാത്ര ക്യാമറായ്ക്കടിയിൽക്കൂടി കടന്നുപോകുന്നു. ഒററയിരുപ്പിനു് ൭൦൦൦-മുതൽ ൧൧൦൦൦-വരെ ചിത്രങ്ങൾ, ഛായാഗ്രഹണംചെയ്തിട്ടാവാം, ക്യാമറാമാൻ വിശ്രമത്തിനുപോകുന്നതു്. മുഷിപ്പൻജോലിയാണിതു്.

സ്റ്റുഡിയോ ഓർക്കസ്ട്രാ ഈ സമയത്തു ഒരു സമ്മേളനം കൂടിയിരിക്കയാണു. ഡിസ്നിയുടെ നിർദ്ദേശങ്ങളനുസരിച്ചു്, അവർ പാട്ടുകളും, ട്യൂണുകളും, ശബ്ദങ്ങളും നിശ്ചയിക്കുന്നു. ഏത്രയോതവണ, റിഹേഴ്സലുകൾ നടക്കേണ്ടതുണ്ടു്. ഫിലിമിനൊത്തു വേണമല്ലോ, ശബ്ദവും സഞ്ചരിക്കാൻ.

ഏററവും കുഴപ്പംപിടിച്ച ഒരു ജോലി, മിച്ചമിരിക്കുന്നതേയുള്ളു; ശബ്ദവും ഫിലിമും തമ്മിൽ പൊരുത്തമുണ്ടാക്കണം. (Synchronization) വളരെ ശ്രദ്ധയോടെ ഇതും ചെയ്തുകഴിഞ്ഞാൽ, ഒരു "മിക്കിമൗസ് കാർട്ടൂൺ" സിനിമ തയാറായിക്കഴിഞ്ഞു!

പരിശ്രമം, ആത്മവിശ്വാസം, ധൈര്യം, ഉത്സാഹം എന്നീ ഗുണങ്ങളുള്ള ചിത്രകാരന്മാരാണു് കാർട്ടൂൺസിനിമയ്ക്കു ജന്മംകൊടുത്തതു്. അവർക്കു് അഭിമാനിക്കാൻ ന്യായമായ അവകാശമുണ്ടു്. ഓർത്തുനോക്കു, മഷിയിൽനിന്നും സിനിമാതാരങ്ങൾ ഉത്ഭവിക്കുന്നതു് എത്രയും രസാവഹമല്ലേ?

—o—

## ചൈനയിലെ നാണയപ്പെരുപ്പം

—o—

ഷാംഗ്ഹെ—ചൈനയിലെ നാണയപ്പെരുപ്പത്തെ പ്പററി വില്യം സി. ചേയററി എന്ന ലേഖകൻ ഇപ്രകാരം എഴുതിക്കാണുന്നു:

ഇതാണു നാണയപ്പെരുപ്പം. നിങ്ങൾക്കു നാണയങ്ങൾ ൮ ഇഞ്ചു നീളത്തിലുള്ള ൧൦൦൦ ഡോളർ നോട്ടുകൾ കെട്ടികെട്ടിയാണു കിട്ടുന്നതു്. അതായതു് ഒരു കെട്ട് ൫൦൦൦൦ ഡോളർ. ആരും അതു് എണ്ണിനോക്കാറില്ല.

രാവിലെ നിങ്ങൾ പത്രത്തിനു കൊടുക്കുന്ന വില ൮൦൦൦ ഡോളർ. ഒരുകപ്പു കാപ്പിയ്ക്കു ൮൦൦൦ ഡോളർ. രാവിലെ ആഹാരത്തിനു ൮൪൦൦൦ ഡോളർ. ആഫീസ ലേക്കു വണ്ടിക്കൂലി ൩൦൦൦ ഡോളർ. വൈകുന്നേരത്തെ ലഘുഭക്ഷണത്തിനു ൩൪൦൦൦ ഡോളർ വിലയാകും. ഒരുപാക്കററ സിഗററിനു് ൩൦൦൦ ഡോളറും ഒരു "കോക്കടെയിലിനു" ൩൩൦൦൦ ഡോളറുമാകും. എന്റെ സ്നേഹിതൻ യുവാൻമിങ്ങ്ചിൻ മൂന്നുമുറിയുള്ള ഒരു ഗൃഹത്തിന്നു് പ്രതിമാസം ൧,൦൦,൦൦൦ ഡോളർ വാടകകൊടുക്കുന്നു. കെട്ടിടത്തിന്റെ താക്കോൽ കരസ്ഥമാക്കുന്നതിന്നു് അയാൾ ൧൦,൦൦൦,൦൦൦ ഡോളർ കോഴകൊടുത്തതു കടംവാങ്ങിയാണു്. അതിനു പത്തുശതമാനം പലിശയുംകൂടി ഗൃഹവാടക മാസം ൮,൦൦,൦൦൦ ഡോളർ അയാൾക്കു ചിലവുണ്ടു്. ഇൻഫർമേഷൻമന്ത്രിയുടെ ഷാംഗ്ഹായി ആഫീസിലെ അസിസ്റ്റൻറഡയറക്ടറായ അദ്ദേഹത്തിനു മാസം ൫,൦൦,൦൦൦ ഡോളർ ശമ്പളമാണു്. ഒരമേരിക്കൻ ഗവൺമെൻറാഫീസിൽ ജോലിചെയ്യുന്ന അദ്ദേഹത്തിന്റെ ഭാര്യയ്ക്കു് ൮൦൦൦൦൦ ഡോളർ കിട്ടുന്നു. അങ്ങിനെയാണു് അവർ കഴിക്കുന്നതു്......ചൈനീസുനാണയം ആർക്കും ആവശ്യമില്ല. നാളെ അതിന്റെ വില ഇന്നത്തേതിൽ പകുതിയാകാം. അതുകൊണ്ടു് അതു് എങ്ങിനെയെങ്കിലും ചിലവാക്കുകയാണു ചെയ്യുന്നതു്. അതു വീണ്ടും നാണയപ്പെരുപ്പം വർദ്ധിപ്പിക്കുന്നു...ഒരു അമേരിക്കൻ ഡോളറിനു് ഔദ്യോഗികമായി നിശ്ചയിക്കപ്പെട്ടിട്ടുള്ള വില ൧൨൦൦൦ ചൈനീസ് ഡോളറാണെങ്കിലും ൩൦൦൦൦ കൊടുത്താൽ ചില സ്നേഹിതന്മാർ ഒരു അമേരിക്കൻഡോളർ തന്നെന്നുവരും.

—o—

## ദക്ഷിണാഫ്റിക്കയിൽ

—o—

### വട്ടമേശസമ്മേളനമോ?

ന്യൂയാർക്ക്, ഒ: ൨൫—ദക്ഷിണാഫ്രിക്കൻ തർക്കം അവസാനിപ്പിക്കാൻ ദക്ഷിണാഫ്രിക്കാ, പകിസ്ഥാൻ, ഇന്ത്യാ പ്രതിനിധികൾ ചേർന്നു് ഒരു വട്ടമേശ സമ്മേളനം വിളിച്ചുകൂട്ടണമെന്ന "ട്രാൻസ്‌വാൾ ഇന്ത്യൻ സംഘടന"യുടെ ആവശ്യം ഒരു ഔദ്യോഗിക രേഖയാക്കണമെന്നു്, യു. എൻ. ഓ. സിക്രട്ടറി ജനറലിനോടു് ദക്ഷിണാഫ്രിക്ക ആവശ്യപ്പെട്ടുകും. എന്നാൽ പ്രസ്തുത രേഖ ഇനിയും ഐക്യരാഷ്ട്ര സംഘടനാ ആഫീസിൽ കിട്ടിയിട്ടില്ലെന്നറിയുന്നു. (റായിട്ടർ)

—o—

# നക്ഷത്ര സംഗീതം

—o—

സെബാസ്റ്റ്യൻ, പുതുവീട്

പകലിൻ ചിറകൊന്നിൽ
 ക്ഷതമേല്പിച്ചാനിരുൾ-
ക്കഴുകൻ; ചുടുചോര
 ചൊരിഞ്ഞാളിനഖഗം
പാർതെപടിഞ്ഞാറെ-
 ക്കടലിൽനിപതിച്ചി-
ട്ടാരക്തമായിനീല-
 സാഗരത്തിരപോലും!
അലമാന്നിലത്തമോ-
 ഗ്ഗർഭം വായ്പിളർന്നട-
നലകം ഗ്രസിക്കവേ,
 വെമ്പലാർന്നവന്നുള്ളിൽ!
അപ്പിടിക്കുള്ളിൽനിന്നു
 വഴുതീത്തരാവിണ്ണിൽ-
നില്പൊരത്താരങ്ങളെ-
 ക്കണ്ടുഞാൻ നിരാലംബം!
ആത്മചൈതന്യംമേന്മേ-
 ലുജ്ജ്വലിപ്പിച്ചാവിണ്ണി-
ലാർഷജീവിതാൽകൃഷ്ട-
 സംസിദ്ധികാണിച്ചവർ!

*   *   *

"എനിക്കിന്നതുത്തോള
 മുയരാൻകഴിഞ്ഞെങ്കിൽ'
തനിയെവന്നെന്നുള്ളിൽ
 വിപ്ലവം ചേർത്തിച്ചിന്ത!
കാനൽനീർകണ്ടിട്ടല്ലെൻ
 കാമിതം; മിഥ്യാബോധം
താനെത്തിച്ചുഴറുക-
 യല്ലല്ലെൻഹൃദന്തത്തെ!
അച്ചക്രവാളത്തിങ്ക-
 ലെങ്ങാനുമാണെൻചിത്തം
നിച്ചലും പ്രതീക്ഷിക്കും
 സങ്കേതം നിലക്കൊൾവൂ!
അവിടെത്തന്നെയാണെൻ-
 ജീവിതാനന്ദമിരുൾ-
ത്തുറുങ്കിൽനിന്നെൻനിത്യ-
 മോചനം ഹാ! നിർവാണം!
തഞ്ചിറകൊടിഞ്ഞൊരു
 പത്രിപോൽ പിടക്കുന്നെൻ
നെഞ്ചകമങ്ങോട്ടേക്കു-
 പറന്നങ്ങുയരുവാൻ!
ആവതില്ലിനിക്കങ്ങു-
 തനിയേ പൊങ്ങിടുവാൻ;
കേവലം ക്ഷയോന്മുഖ-
 മാത്മചേതനപോലും!
ഒന്നുതാനെന്നന്ധന-
 പവിത്രാത്മാക്കൾനിങ്ങ-
ളെന്നെയും നയിച്ചാലും
 തങ്കരങ്ങളാൽതന്നെ!

*   *   *

കേട്ടുഞാനപ്പോളൊരു
 സ്നേഹഭാഷണം "സഖേ!
പെട്ടിടായ്കഴലിൽനീ-
 ഭൗതികാക്രമണത്താൽ!
സർവവും ചമയ്ക്കുവാൻ,
 സർവവും സംരക്ഷിക്കാൻ,
സർവതും തകർക്കുവാൻ
 കെല്പുറ്റോനല്ലോഭവാൻ!
സർവസൗഭാഗ്യങ്ങളും
 സർവസംസിദ്ധികളും
നിർവ്യളീകംപോലും നിന്നിൽ-
 നിരല്പീനംനിവസിക്കേ,
നിന്നിലീനിരാശത-
 ഭീതിതൻനിഴലാട്ടം
വന്നകം ചലിപ്പിക്കാൻ
 കാരണമെന്താണാവോ!
നിധിനീവിഷപ്പാമ്പി-
 ന്നേകിയിട്ടിരക്കുമീ-
വിധിയിൽനിന്നും
 പൂർണ്ണമോചനം നേടിടാവൂ!
കൈയ്യിലെ മണിവിള-
 ക്കണച്ചുകളഞ്ഞിട്ടി-
ന്നയ്യയ്യാ തിരയുന്നു
 വെളിച്ചംവെളിച്ചംനീ!
സാഗ്രഹകവാടത്തി-
 ചെന്നിനിബ്ഭിക്ഷാടനം
സ്വാരസ്യസിമയോളം നിൻ-
 സാമ്രാജ്യം വിപുലംതാൻ!

—o—

# ചൈനയിലെ കുഴപ്പം

സി. പി. രാമകൃഷ്ണപിള്ള, ബി. എ.

ജനായത്തഭരണസിദ്ധാന്തവും കമ്യൂണിസവും ഇന്ന് ലോകത്തിലെ ശക്തിയേറിയ രണ്ടു രാഷ്ട്രീയസിദ്ധാന്തങ്ങളാണ്. ഇവ തമ്മിലുള്ള ഒരു മല്പ്പിടുത്തമാണ് ഇന്നു ചൈനയിൽ നാം കാണുന്നതു്. ജനായത്തഭരണത്തിനുവേണ്ടി എന്തും നേരിടാൻ സന്നദ്ധമായ 'കോമിൻറാങ്'പാർട്ടിയെ തോല്പിച്ച് ചൈനയിൽ ഒരു കമ്യൂണിസ്റ്റ്‌രാഷ്ട്രം സ്ഥാപിക്കുവാൻ ദൃഢനിശ്ചയം ചെയ്തിരിക്കുകയാണു അവിടുത്തെ 'ചെമ്പട'. ഈ ഗൃഹകലഹത്തിൽ കൈകടത്തി, ചില 'മാസ്മരവിദ്യ'കളെല്ലാം കാണിക്കുന്ന വിദേശശക്തികൾ ഈ കലഹത്തിന് ഒരു അന്തർദ്ദേശീയപ്രാധാന്യം കൊടുക്കാൻ ശ്രമിക്കുകയാണ്. സോവിയറ്റുയൂണിയൻതിരശ്ശീലയ്ക്കുള്ളിൽ ചൈനീസ്‌കമ്യൂണിസ്റ്റ് പാർട്ടിക്കു കൂട്ടുനില്ക്കുമ്പോൾ അമേരിക്കൻ ഐക്യനാടുകൾ 'കോമിൻറാങ്'പാർട്ടിക്കു സഹായഹസ്തം നീട്ടുന്നു.

ഈ അമേരിക്കൻ—സോവിയറ്റ് ഇടപെടലിൻെറ ഫലമായി കമ്യൂണിസ്റ്റ് ചൈനയെന്നും ജനായത്തചൈനയെന്നും രണ്ടു ചൈനകൾ ഇന്നു രൂപമെടുത്തു വരികയാണ്. ഇതിലൊക്കെ രസാവഹമായ ഒരു വസ്തുതയുണ്ട്. അമേരിക്കയും സോവിയറ്റ് യൂണിയനും പരസ്യമായി അംഗീകരിച്ചിട്ടുള്ളത് കോമിൻറാങ്‌കക്ഷിയുടെ നിയന്ത്രണത്തിലുള്ള 'നാങ്കിംഗ്' കേന്ദ്രഗവൺമെൻറിനെയാണ്. അങ്ങനെ സാങ്കേതികമായി കമ്യൂണിസ്റ്റ്‌ഭരണകൂടത്തെ ഈ രണ്ടുശക്തികളും നിരാകരിച്ചിരിക്കയാണ്. പക്ഷേ വാസ്തവത്തിൽ മോസ്കോ ചൈനയിലെ കമ്യൂണിസ്റ്റ്‌ഗവൺമെൻറിനെയും അമേരിക്ക നാങ്കിങ്‌ഗവൺമെൻറിനെയും ഗൂഢമായി സഹായിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. വെളിയിൽനിന്നുള്ള ഈ ഇടപെടൽ ഇല്ലായിരുന്നെങ്കിൽ ചൈനയിലെ കുഴപ്പം ഒരു പക്ഷേ പരിഹരിക്കപ്പെട്ടമായിരിന്നിരിക്കാം.

വിദൂരപൗരസ്ത്യദേശത്തു പ്രാമാണ്യത്തിനുവേണ്ടിയുള്ള മത്സരം ഇന്നു തുടങ്ങിയതല്ല. രണ്ടാംലോകമഹായുദ്ധത്തിനുമുമ്പ് അമേരിക്കയും ജപ്പാനുംതമ്മിൽ വാശിയേറിയ ഒരു വടംവലി നടന്നിരുന്നു. ജപ്പാൻ രംഗത്തുനിന്നു നിഷ്കാസിതമായതോടുകൂടി അമേരിക്കയ്ക്കു റഷ്യയെയാണ് അഭിമുഖീകരിക്കേണ്ടി വന്നതെന്നു മാത്രം. ഇന്നു വിദൂരപൗരസ്ത്യദേശത്ത് റഷ്യയ്ക്കോ അമേരിക്കയ്ക്കോ മുൻകൈകിട്ടേണ്ടതെന്നതിനു തീരുമാനമുണ്ടാക്കുവാൻ ചൈനാക്കാർ തമ്മിൽതല്ലുകയാണെന്നു പറഞ്ഞാൽ അതിൽ വലിയ തെറ്റില്ലെന്നു തോന്നുന്നു. ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിക്കാകട്ടെ കോമിൻറാങ്ങുപാർട്ടിക്കാകട്ടെ ഈ രാഷ്ട്രീയകുഴപ്പത്തിന് ഒരു പരിഹാരം കണ്ടുപിടിക്കാൻ സാധിക്കാത്തവിധം അവർ ഇതിൽ കുരുങ്ങിയിരിക്കയാണ്. ഒരു ദശാബ്ദത്തിനുമുമ്പ് എവിടെയും അധികാരത്തിനും മുൻകൈക്കുംവേണ്ടി രാഷ്ട്രീയകരണംമറിച്ചിലുകൾ നടത്തിയിരുന്ന രണ്ടു മഹച്ഛക്തികൾ ഉണ്ടായിരുന്നു—ജർമ്മനിയും ജപ്പാനും. അവ ഇന്നു രംഗത്തില്ല. വാസ്തവംതന്നെ. പക്ഷേ ആ സ്ഥാനത്തു പുതിയ നടന്മാർ പ്രവേശിച്ചു എന്നുമാത്രം. ഒരു വശത്തു സോവിയറ്റ് റഷ്യയും മറുവശത്തു ബ്രിട്ടനും അമേരിക്കയുംനിന്നുകൊണ്ടു ആ വടംവലി ഇന്നും നടക്കുകയാണ്.

ജപ്പാൻ താല്ക്കാലികമായിട്ടെങ്കിലും അന്തർദ്ദേശീയകാര്യങ്ങളിൽനിന്നു തള്ളിമാറ്റപ്പെട്ടു എന്നുള്ളത് ഒരു പരമാർത്ഥമാണ്. പക്ഷേ അതുകൊണ്ടു ചൈനയെ സംബന്ധിച്ചിടത്തോളം വലിയ പ്രയോജനമൊന്നുമുണ്ടായിട്ടില്ല. ഒരു ചെന്നായുടെപിടിയിൽനിന്നു രക്ഷപ്പെട്ട ഒരു മാൻകിടാവിനെ രണ്ടു വ്യാഘ്രങ്ങൾ അങ്ങോട്ടുമിങ്ങോട്ടും കടിച്ചുവലിക്കുകയാണ്. ജപ്പാൻ കീഴടങ്ങിയപ്പോൾ ഇതു സംഭവിച്ചേക്കാമെന്നു ജനറലിസ്സിമോ ചിയാങ്‌കൈഷക്ക് അഭ്യൂഹിച്ചിരുന്നിരിക്കണം. അതുകൊണ്ടാണദ്ദേഹം പറഞ്ഞതു്. 'ജപ്പാനിലെ നിരപരാധികളായ സാമാന്യജനങ്ങളുടെ മേൽ പ്രതികാരവും ആരോപണങ്ങളും ചൊരിയാനുള്ള അവസരമല്ല ഇതു്' എന്ന്.

ചിയാങ് കൈഷക്ക്, കോമിൻറാങ് കേന്ദ്രസമിതിയുടെ നാലാമത് സമ്മേളനത്തിൽ പ്രസംഗിച്ചുകൊണ്ട് ചൈനീസ് കമ്യൂണിസ്റ്റുപാർട്ടിയെ തകർക്കുന്നതിനായി ഒരു ഐക്യഅണി സൃഷ്ടിക്കുവാൻ ഒരു ആഹ്വാനം നടത്തി. മുമ്പ് ജപ്പാനും ചൈനീസ് കമ്യൂണിസ്റ്റുപാർട്ടിയുടെ നേർക്ക് ഇതേ മനോഭാവമാണ് ഉണ്ടായിരുന്നതു്. പക്ഷേ ഒരു വ്യത്യാസംമാത്രമുണ്ടായിരുന്നു. ജപ്പാൻ സ്വന്തം കാര്യസാദ്ധ്യത്തിനുവേണ്ടി ചൈനീസ് കമ്യൂണിസ്റ്റുപാർട്ടിയെ എതിർത്തു. കോമിൻറാങ് ആകട്ടെ മറ്റുചില ശക്തികളുടെ ആയുധമായി പ്രവർത്തിക്കുകയല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. റഷ്യയുടെയും അമേരിക്കയുടെയും തക്കം ചൈനയിലെ കമ്യൂണിസ്റ്റുപാർട്ടിയും കോമിൻറാങ് പാർട്ടിയും തമ്മിൽ യുദ്ധംചെയ്തു തീരുമാനിക്കുകയാണ്.

ചൈനയിലെ കമ്യൂണിസ്റ്റ്പാർട്ടി സംശയാതീതമായ ഒരു വസ്തുതയായി പരിണമിച്ചിട്ടുണ്ട്. ചൈനയിലെ ദേശീയവിപ്ലവത്തിൽ അതു് വേരുറച്ചുകഴിഞ്ഞു. ഒന്നാംലോകമഹായുദ്ധത്തിൻെറ അവസാനത്തോടുകൂടി ചൈനയിലെ ദേശീയവിപ്ലവത്തിന് ശക്തിനല്കുവാനുള്ള ഉദ്ദേശത്തോടുകൂടി ചൈനീസ് വിപ്ലവത്തിൻെറ പിതാവായ ഡോ. സൺയാറ്റ്സേൻ കമ്യൂണിസത്തെ താലോലിച്ചുവളർത്തി. അങ്ങനെ ൧൯൨൦-ൽ ഷാങ്ങ്ഹേയിൽ ചൈനീസ്‌കമ്യൂണിസ്റ്റ്പാർട്ടി സ്ഥാപിതമായി. ൧൯൨൭-ൽ അതു് അതിൻെറ പരമോച്ചകോടിയിൽ എത്തി. അന്നു പാർട്ടിയുടെ അംഗസംഖ്യ ൬൦-ലക്ഷമായിരുന്നു. അത്ഭുതകരമായ ഈ വളർച്ചയ്ക്കു കാരണം ഡോ: സൺയാറ്റ്സേൻെറ വാത്സല്യപൂർണ്ണമായ പിന്തുണയും സാമാന്യ ജനങ്ങളുടെ സഹായവുമായിരുന്നു. ൧൯൩൧—ൽ കിയാങ്സിയിൽ ജൂയിച്ചിൻ എന്ന സ്ഥലത്ത് കമ്യൂണിസ്റ്റ്പാർട്ടി ഒരു ഗവൺമെൻറ് സ്ഥാപിച്ചു. ആ അവസരത്തിലാണ് ചൈനയിൽനിന്ന് കമ്യൂണിസത്തെ ഉന്മൂലനംചെയ്യുവാൻ ഉറച്ച് ചിയാങ് മുമ്പോട്ടുവന്നതു. ൧൯൩൪—ൽ ചിയാങ് 'ചെമ്പട'യെ ജൂയിച്ചിനിൽനിന്ന് തുരത്തി. പക്ഷേ അവർ താമസിയാതെ യെനാനിൽ തലസ്ഥാനമുറപ്പിക്കുകയാണുണ്ടായതു്. ൧൯൩൭—ൽ പൊതുശത്രുവായ ജപ്പാനോടെതിരിടുന്നതിനുവേണ്ടി ഒരു താല്ക്കാലിക കമ്യൂണിസ്റ്റ്—കോമിൻറാങ് സന്ധിനിർമ്മിച്ചു.

രണ്ടാംലോകമഹായുദ്ധം അവസാനിച്ചു. കമ്യൂണിസ്റ്റ്—കോമിൻറാങ് സന്ധി കാറ്റിൽ പറപ്പിക്കപ്പെട്ടു. രണ്ടുകക്ഷികളും ഒരു സമരത്തിനുള്ള തയാറുകൾ ചെയ്തു. ൧൯൪൬ ഡിസംബർമാസത്തോടുകൂടി ഒരു നീണ്ടയുദ്ധം അനിവാര്യമാണെന്നു വ്യക്തമായി. ൧൯൪൭ മാർച്ചിൽ കോമിൻറാംഗ്സേന 'ചെമ്പട'യിൽനിന്ന് യെനാൻ പിടിച്ചെടുത്തതോടെ യുദ്ധം ശക്തി സംഭരിച്ചുകൊണ്ടു മുന്നോട്ടുകുതിച്ചു, ഉത്തരചൈനയിൽ ആകമാനം അതിഭയങ്കരമായ ഒരു സമരം നടമാടുകയാണ്. വിദേശശക്തികൾ—പ്രത്യേകിച്ചും അമേരിക്കയും റഷ്യയും ഈ അവസരം അവരുടെ കാര്യസാദ്ധ്യത്തിനായി അങ്ങേഅറ്റംവരെ ഉപയോഗിക്കുമെന്നുള്ളതു് തീർച്ചയാണ്.

ദേശീയവിപ്ലവം പെക്കിങ്ങിലെ സ്വേച്ഛാധിപത്യത്തെ അവസാനിപ്പിച്ചു. ഇന്ന് അന്തഃഛിദ്രം ഡോ: സൺയാറ്റ്സേൻ പണിപ്പെട്ടു പടുത്തുകെട്ടിയ രാഷ്ട്രീയസൗധം തകർക്കുകയാണ്. ദേശീയതാവും രാഷ്ട്രീയസ്വയംഭരണവും ജീവിതസൗകര്യങ്ങളും ഇന്ന് ചൈനയിൽ നഷ്ടപ്പെട്ടിരിക്കയാണ്. ഈ പരസ്പരകലഹം ഭയങ്കരമായ രക്തച്ചൊരിച്ചിലിൻേറയും ലജ്ജാകരമായ ഭ്രാതൃഹത്യയുടേയും ഒരു ഇരുണ്ട ചരിത്രമാണ സൃഷ്ടിക്കുന്നതു്. അയൽരാജ്യമായ ചൈനയുടെ സുസ്ഥിതി ഇന്ത്യയുടെ സുസ്ഥിതിക്ക് അത്യാവശ്യമാണ്. അതുകൊണ്ടു് ചൈനയിലെ ഈ സംഭവങ്ങൾ

(ശേഷം പത്താംപേജിൽ)

ആനന്ദമയമായ ജീവിതത്തിന് ഹൃദ്യമായ വാസനയുള്ള
"3001" ഇല്ലാത്ത ബത്തികൾ ഉപയോഗിക്കുക
സുഖജീവിതത്തിനു പരിമളം നിറഞ്ഞ
"301" ഇല്ലാത്ത ബത്തികൾ ഉപയോഗിക്കുക
ഹൃദ്യമായ പരിമളത്തിനു പേരുകേട്ട
"31" ഇല്ലാത്ത ബത്തികൾ ഉപയോഗിക്കുക
ആരോഗ്യകരമായ ജീവിതത്തിന്
പ്രസാദ് അഗർ ബത്തികൾ ഉപയോഗിക്കുക
Telegrams: "Sugantham"
S. V. MURUGESAN & BROS.,
No 39, Lakshmipuram 6th Street, MADURA
Branch: No 4, Appaji Rao Lane, BANGALORE CITY.
തിരുവനന്തപുരം സ്റ്റാക്കിസ്റ്റുകൾ: –
ശ്രീ. B K. ഗണപതിപ്പിള്ള, ചാല; മെസ്സേഴ്സ് S. M. M. A ഖാദർ & ബ്രദേഴ്സ്. ചാല; ശ്രീ R താണുപിള്ള. ചാല.
കൊല്ലം ഡിസ്ട്രിബ്യൂട്ടർ: P K കാസിം സാഹിബ്, കൊല്ലം.



കൊച്ചി വിദ്യാഭ്യാസവകുപ്പിന്റെ മേലദ്ധ്യക്ഷയായി ഒരു സ്ത്രീയെ ഇദംപ്രഥമമായി നിയമിച്ചിരിക്കുന്നു. സ്കൂൾ ഇൻസ്പെക്ടസ്സ് ജോലിയിലിരുന്ന മിസ്സിസ്സ് കെ. എം. ജാർജ്ജ് കൊച്ചി വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ അഫിഷ്യേറ്റിംഗ് ഡയറക്ടറായി നിയമിതയായിരിക്കുന്നു.

# ഉപഹാരം

കൈപ്പള്ളിൽ, കെ. പി. സാഹിതീദേവി

അലയാഴിച്ചുരുളുകളരുണാനനരാഗത്തി-
ന്നഴലിൽനിഴലുകൾ കഴുകിനിൽക്കെ,
അലരിനെത്താലോലിച്ചാരാമമാരുത-
നാലസ്മിതാസ്യയായ്ത്തീർന്നുനിൽക്കെ,
മധുവൈരീമുരളികാഗളിതമാം പ്രണയത്തിൻ
മധുരിതസംഗീതം കേട്ടനേരം
വിവിധവികാരങ്ങളോളം തുളുമ്പിയാ-
വിമലനെപ്പുണരുവാൻവെമ്പലോടേ
നിജകൃത്യവിധുരതയഖിലവുംവിസ്മരി-
ച്ചതിവേഗമാരാമമണയുവാനായ്,
കുതികൊള്ളുംകമനി,യാരാധികയ്ക്കൊപ്പമ-
സ്സുമിതനികുഞ്ജകം പൂകിഞാനും!

അനുമാത്രമെൻ ചുറവുമണിയിട്ടൊരായിരം
ദിനകൃത്യമെന്നെപ്പൊതികയാലെ,
അണിയലിന്നല്പവും നേരംലഭിച്ചിടാ-
തണയുന്നിന്നണയത്തെൻ രാഗരംഗം!

പൊടിതുടച്ചാനനം പൂർണ്ണാഭമാക്കാനും
പിടയുമെൻമാനസം ചെല്ലിയില്ല:
ചികുരത്തിലൊരുമുല്ല മലരണിമാലിക
തിരുകുവാനെൻകയ്യൊരുങ്ങിയില്ല!
തരിവള;കാൽച്ചിലമ്പിവകയൊന്നുമേ
തിരയുവാനെൻകാലനങ്ങിയില്ല!!
പതിതൻ പദാർച്ചനാഃചാദിതയാകില്ലു-
മുപഹാരമൊന്നുമെടുത്തുമില്ല!!!

മതി, മതിയെന്തിതെ,ൻവേഷഭൂഷാദിക-
ളണിയാഞ്ഞിട്ടില്ലെനിയ്ക്കുടൽതെല്ലും.
പചനാളായ്പ്പരമാർത്ഥപ്രണയത്തിൽമിഴിനീരിൽ
കഴുകിക്കഴുകിക്കറകൾനീക്കി,
പതിതവികാരത്തിൻ പാടുകൾപോക്കിന
മതിമാമകീയം താൻപോരുമല്ലോ
മമദേവപാദാബ്ജപൂജയ്ക്കു, മറ്റൊരു
സുമമില്ലിതിനുസമാനമായി!

മനതാരിൽക്കുടികൊള്ളും മൃദുലവികാരങ്ങ-
ളണപൊട്ടിയൊഴുകുന്നൊരുദകതുല്യം
മമലോചനങ്ങളിൽനിന്നുതിർക്കുന്ന
പനിനീരിൽപ്പദയുഗം ശുദ്ധമാക്കി,
തുടുതുടെപ്പിടയുമെൻ ഹൃദയവിപഞ്ചിക-
യിടവിടാതാലാപമാർന്നിടുമ്പോൾ,

മമഗളനാളത്തിൽഞെങ്ങിഞെരുങ്ങുന്ന
മഹിതമാംഗദ്ഗദമന്ത്രപൂർവ്വം,
പരിശുദ്ധപ്രണയത്തിൻ ലളിതോപഹാരമായ്
മമചിത്തം പദതാരിൽക്കാഴ്ചവെയ്ക്കും!

അഴകിനുമലിവനുമുറവിയച്ചേവടി-
യഴകിൽത്താഴ്ത്തുഞാനന്തികത്തിൽ
അഴലിനുമിരുളിനുമപ്പുറത്താനന്ദ-
പ്പുഴയൊന്നിലാറാടിയാടിനില്ക്കും

# ചിലകാലം

ജി. മാത്തുപിള്ള, വടക്കന്തല.

ഓമനക്കളുർവല്ലിതന്നിടയ്ക്കുന്നെത്രയോ
സീമയറ്റാഹ്ളാദിച്ച ലാവണ്യനിധിയായി.
ചൊല്ലെഴുംസൗരഭ്യമങ്ങെങ്ങുമേപരത്തിയും
കലരാംഭ്രമരത്തെയാകവേ മയക്കിയും
മന്ദമാരുതൻവന്നു നിന്നുടൽതലോടുമ്പോൾ
മന്ദമായാഹ്ളാദത്താൽ പുഞ്ചിരിതൂകിയുംഹാ
ഉന്നതകുലാംഗന തന്നുടെനൃത്തംപോലെ
സന്നഃശോഭയോടാടിമോടിയായ് രസിച്ചല്ലോ
എത്രയോപരാഗമല്ലെത്രയോ മധുബിന്ദു
എത്രപേക്കാഹാനൽകിവാസന്തരാവിൽപോലും.
ഇന്നിതാതൻമെയ്തന്നിൽ കാലമാംചിത്രകാരൻ
വന്നഹോമഷിതേച്ചു കാന്തിയുംമങ്ങിമങ്ങി
തണ്ടൊടിഞ്ഞയ്യോവീണു ശോകഗർത്തത്തിൽപെട്ടി
ട്ടിണ്ടലോടെന്തേ കേണുകേണുനീകഴിയുന്നു.
ഓജസ്സങ്ങൊളിക്കുകിൽ ദൂരവേതള്ളുംപ്രേമ-
ഭാജനംപോലും കഷ്ടം ഭാരമാണോക്കുന്നേരം.
പൊന്നൊളിപ്രഭവിട്ട ലോകരംഗത്തുനിന്നു
മന്നവൻപോലുംമാറും ജാലമാണുലകോർത്താൽ.
ഒന്നിലുംരതിവേണ്ട സുന്ദരവസ്തുക്കളും
മന്നിടത്തിങ്കൽദുഃഖദായകമത്രതന്നെ.
അന്യർതൻദുഃഖത്തിന്റെ നാദമോശ്രവിക്കാത്ത
മർത്ത്യരാണഹോപാരിൽ കാണ്മതിലധികവും.
സ്വാഗതാർഹമായ്നോക്കി പുഞ്ചിരിതൂകുംനല്ല
ഭോഗസാധനംപോലും ദുഷ്ടമാംചിലകാലം
പാരിടംകുളുർപ്പിക്കും പൂനിലാചൊരിയുന്ന
കൈരവമിത്രംപോലും പൂർണ്ണതാപംവെടിയുന്നു
സ്വാതന്ത്ര്യപ്പൊലിമയിൽ പൊന്തിവന്നീടുന്നോരും
പാരതന്ത്ര്യത്തിൽപെട്ടു താണിടാംചിലകാലം.

കൈനോട്ടം

## കൈവെള്ളയിലെ ആദിത്യമണ്ഡലം

—o—

പഴകുളം നാണുക്കുറുപ്പ്

കൈവെള്ളയിലെ ആദിത്യമണ്ഡലം അണിവിരലിന്റെ അടിയിലാണ്. ഇതു തുലാംരാശിയും മഹത്വസ്ഥാനവുമാണ്. പ്രസ്തുതസ്ഥാനത്തു് പുത്തനായി ഉണ്ടാകുന്ന വരകളുടേയുംമററടയാളങ്ങളുടേയും ഫലം എളുപ്പം അനുഭവപ്പെടും, അതിനു കൂടിയ അവധി അടുത്ത തുലാംമാസംവരെയും, കുറഞ്ഞ അവധി അടുത്ത ഞായറാഴ്ച വരെയുമാണ്.

ആദിത്യമണ്ഡലം പലർക്കും പലതരത്തിലിരിക്കും. അതിൽ ഒരു രൂപം വിസ്താരത്തിൽ ഉരുണ്ട്, അല്പം ഉയർന്നു പ്രസന്നമായിരിക്കുന്ന ആദിത്യമണ്ഡലമാണ് ഉത്തമം. ഇത്തരമാദിത്യമണ്ഡലമുള്ളവൻ വ്യക്തിമഹത്വമുള്ളവനാണ്. കണ്ടാൽതന്നെ അവൻ മോശമല്ലെന്ന് ആർക്കും എളുപ്പം മനസ്സിലാകും. അതിനുതക്ക ഒരു 'ഇതു്' അവന്റെ മുഖത്തുണ്ട്. എപ്പോഴും വൃത്തിയായിട്ടെ അവൻ നടക്കയുമുള്ളു.

ടി ആദിത്യമണ്ഡലമുള്ളവരിൽ പലരും കണ്ടുപിടിത്തക്കാരാണ്. പ്രവൃത്തിക്കനുസരിച്ച കണ്ടുപിടിത്തമായിരിക്കും അവരുടേതു്. അതുകൊണ്ട അവർ ജനസമ്മതരും കീർത്തിമാന്മാരുമായിത്തീരും. കവികൾ,ചിത്രകാരന്മാർ, നടന്മാർ യന്ത്രപ്പണിക്കാർഅഭിഭാഷകന്മാർ, അദ്ധ്യാപകന്മാർ, ദൈവജ്ഞന്മാർ,പടനായകന്മാർ രാജാക്കന്മാർ, മന്ത്രിമാർ മുതലായവർക്കെല്ലാം ഉത്തമമായ ആദിത്യമണ്ഡലമാണുള്ളതു്.

അപൂർവ്വം ചിലർക്ക വളരെ മുഴച്ച സൂര്യമണ്ഡലമുണ്ട്. അവർ തണ്ടന്മാരാണ്. കുറെ കാര്യബോധവും അവർക്കില്ലാതില്ല. എങ്കിലും വലിയ 'എഴനേററം' ഒന്നും ഈ 'കൊസറന്മാർക്ക' ഉണ്ടാകയില്ല.

പരന്ന സൂര്യഗ്രഹം പലർക്കുമുണ്ട്. അവർ എല്ലാകാര്യങ്ങളേക്കുറിച്ചും ചിന്തിക്കാൻ പ്രാപ്തിയുള്ളവരും കർമ്മകുശലന്മാരും ഭാഗ്യശാലികളുമാണ്. എങ്കിലും ഇവർ അത്ര ഹരിശ്ചന്ദ്രന്മാരൊന്നുമല്ല. കള്ളത്തരങ്ങളും സമ്പ്രദായങ്ങളും ഇവർക്കുവേണ്ടുവോളംകാണും. ചുരുക്കം ചില 'വായിനോക്കി'കളും ഈ കൂട്ടത്തിൽ ഇല്ലാതില്ല.

പകുതിക്കു ഇടതുവശം കീഴമേൽ വരമ്പുപോലെ മുഴച്ചുനീണ്ട നില്ക്കുന്നതും വലതുവശം പരന്നിരിക്കുന്നതുമായ സൂര്യമണ്ഡലം ഏതാനുംപേർക്കുണ്ട്. അവർ ജ്ഞാനികളും ചിന്തകന്മാരും വലിയ കലാരസികന്മാരുമാണ്. പക്ഷെ പരിതഃസ്ഥിതി അനുകൂലമല്ലാത്തതുകൊണ്ട ആശക്കനുസരിച്ച പുരോഗതിയൊന്നും അവർക്കുണ്ടാകയില്ല, മരണംവരെ 'മുട്ടത്തുമില്ല മുഴക്കത്തുമില്ല' എന്ന ഫലമാണ് അവരെക്കുറിച്ച പ്രധാനമായി പറയാനുള്ളതു്.

വിസ്താരംകുറഞ്ഞതും കുഴിച്ചതുമായ സൂര്യമണ്ഡലം വളരെപ്പേർക്കുണ്ട്. അവർ അദ്ധ്വാനികളും വിദ്യാഭ്യാസശൂന്യരും, വായാടികളും ക്ഷിപ്രകോപികളുമാണ്. 'വാലുംകൊമ്പുമെഴാതുള്ള മഹിഷങ്ങ'ളാണെന്നുമാത്രം അവരെ കരുതിയാൽമതി.

കുഴിഞ്ഞ സൂര്യമണ്ഡലം കുറെപ്പേർക്കുണ്ട്. അവർ നുണയന്മാരും ചെറുക്കൻ ചമയാൻ മിടുക്കന്മാരുമാണ്. മിക്കവാറും അടുക്കളത്തിണ്ണയിൽ പെണ്ണുങ്ങളുടെ ഇടയ്ക്കു 'ശിങ്കാരം'പറഞ്ഞിരിക്കാനെ ഇവർക്കുകഴിവുള്ളു! ആണുങ്ങളുടെഅടുത്തു ഒരക്ഷരം മിണ്ടാൻപോലും ഇവർക്ക നാക്കുപൊങ്ങുകയില്ല.

കുഴിഞ്ഞ സൂര്യമണ്ഡലമുള്ളവരെല്ലാം വൃത്തികെട്ടവരും, ലാക്കുള്ളപ്പോഴൊക്കെ കക്കുന്നവരും, ഭാര്യയുമായി മുറക്ക അടിപിടിയുണ്ടാക്കുന്നവരും, മൗത്തലയന്മാരും കൂട്ടിയാണെന്ന വിവരവും മറച്ചുവയ്ക്കാവുന്നതല്ല.

ഇനി ആദിത്യമണ്ഡലത്തിലെ രേഖകൾ നോക്കാം. അതിൽ പ്രധാനപ്പെട്ടതു ആദിത്യരേഖ, വൃത്തരേഖ, ചതുരരേഖ, മുക്കോണരേഖ, കുരിശുരേഖ, ശംഖുരേഖ, പത്മരേഖ, നക്ഷത്രരേഖ എന്നിവയും ആണ്. ഇതിൽ ആദിത്യന്റെ ഒത്ത നടുവിൽ താഴെനിന്നു മേലോട്ട് സൂചിപോലെ നീണ്ടനിൽക്കുന്ന രേഖയാണ് ആദിത്യരേഖ. ഇതുള്ളവൻ പഠിപ്പുള്ളവനും എഴുത്തുജോലിയിൽ ജന്മവാസനയുള്ളവനും ഒരുവിധം ശുദ്ധഹൃദയനുമാണ്. ഈ രേഖ വളഞ്ഞുകിടന്നാൽ ഗുണമല്ല. അങ്ങനെയുള്ളവനു വിവാഹശേഷം ഗുണം പിടിക്കയില്ല. അഷ്ടിക്കുവേണ്ടി അവൻ കഷ്ടപ്പെട്ടു പോകും. പിന്നെ ഏതെങ്കിലും വളഞ്ഞവഴിയിലായിരിക്കും വല്ലതും 'നക്കാപ്പിച്ച' ഉണ്ടാകുന്നതു്.

വൃത്തരേഖ ആദിത്യനിൽ വളരെ ഉത്തമമാണ്. പുത്തനായി ഈ മണ്ഡലത്തിൽ ഒരു വൃത്തരേഖ വീണാൽ തീർച്ചയായും ൧൨ ദിവസത്തിനകം കുറെ വസ്തു കിട്ടും. അതിനു തർക്കമില്ല.

ചതുരവര സൂര്യഗ്രഹത്തിലുള്ളവൻ സ്ഥിരിയായിത്തീരും. എങ്കിലും സ്ഥാനഭ്രംശവും ദാരിദ്ര്യവും അവനുണ്ടാകും.

സൂര്യനിൽ മുക്കോണമുള്ളവൻ മള്ളൂരിനെപ്പോലെ അനുഗൃഹീതനായ അഭിഭാഷകനോ, ചങ്ങമ്പുഴയെപ്പോലെ ഓമനകവിതകൾ എഴുതുന്ന കവിയോ ആയിത്തീരും. പക്ഷെ ഈ മുക്കോണത്തിനു വെട്ടുണ്ടെങ്കിൽ അനുഭവം മറിച്ചായിപ്പോകയും ചെയ്യും.

കുരിശുരേഖ സൂര്യമണ്ഡലത്തിൽ തണ്ടാൽ വളരെ ദോഷമുണ്ട്. അതിൽ പ്രധാനപ്പെട്ടതു വലിയ നഷ്ടവും, രാജകോപവുമാണ്. ഈ രേഖയുള്ള സ്ത്രീകളിൽ അൻപതു ശതമാനവും 'ഉർവ്വശി'യേപ്പോലെ ഭർത്തൃസുഖം അനുഭവിക്കുന്നവരായിരിക്കും.

'ശംഖുരേഖ' സൂര്യനിൽ ഏററവും ഉത്തമമാണ്. രാജതിരുവുള്ളവും ധനപുഷ്ടിയും, സൽക്കീർത്തിയുമാണ് അതുണ്ടാക്കുന്നതു്.

സൂര്യനിൽ പത്മരേഖയുള്ളവൻ ചെററക്കുടിലിൽ പിറന്നവനായാലും ശരി ഒടുവിൽ അവൻ കുബേരപദത്തിലെത്തുകതന്നെ ചെയ്യും

നക്ഷത്രചിഹ്നം ആദിത്യനിൽ തെളിഞ്ഞുനിന്നാൽ കുറെക്കാലം അലഞ്ഞുനടക്കും. എങ്കിലും ഒടുവിൽ കാശുണ്ടാക്കും. മുപ്പതുവയസ്സുകഴിയുമ്പോൾ മുതലാണ് ഈ രേഖയുടെ ഫലം അനുഭവപ്പെടുന്നതെന്ന സംഗതിയും പ്രത്യേകം പ്രസ്താവ്യമാണ്.

ഇനി സൂര്യഗ്രഹത്തിലെ പുള്ളികളെക്കുറിച്ചാണ് പറയാനുള്ളതു്. ഈ മണ്ഡലത്തിൽ ചിലപ്പോൾ ചിലർക്ക് വെള്ളപ്പുള്ളിയോ കരിംപുള്ളിയോ കാണും. ഇതിൽ വെള്ളപ്പുള്ളി വളരെ വിശേഷമാണ്. പുതിയ വെള്ളപ്പുള്ളി സൂര്യന്റെ നടുവിൽ വീണാൽ ഉദിഷ്ടകാര്യം ഒരു മണ്ഡലത്തിനുള്ളിൽ സാധിക്കും. പ്രധാനമായി വ്യവഹാരിക്ക് കേസിൽ ജയം, ഉദ്യോഗസ്ഥന് ശമ്പളക്കൂടുതൽ മുതലായ അനുഭവങ്ങളെല്ലാമാണ് ഈ പുള്ളി ഉണ്ടാക്കുന്നതു്.

കരിംപുള്ളി സൂര്യനിൽ ഒട്ടും നല്ലതല്ല. അതു് സ്വജനനാശം, സ്ഥാനഭ്രംശം, ശത്രുവർദ്ധന, തീവ്രമായ മനോവേദന, കടം, വ്യവഹാരത്തിൽ തോൽവി മുതലായ ദോഷഫലങ്ങളായിരിക്കും ഉണ്ടാക്കുന്നതു്.

—o—

(ഒൻപതാംപേജിൽനിന്നും തുടർച്ച)

താല്പര്യത്തോടുകൂടിയാണ് ഇന്ത്യ വീക്ഷിക്കുന്നതു്. അതിപുരാതനവും മഹത്തുമായ പാരമ്പര്യങ്ങളുള്ള ഈ രണ്ടു മഹാരാഷ്ട്രങ്ങൾ ഒരുമിച്ചെങ്കിൽ മാത്രമേ ലോകത്തിനു് പൗരസ്ത്യസംസ്കാരത്തിന്റെ നേതൃത്വം വിജയകരമായി നൽകുവാൻ സാധിക്കുകയുള്ളു. വിദേശികളുടെ കെണിയിൽനിന്നും രക്ഷപെട്ടു് സ്വന്തം കാലിൽ നില്ക്കുന്ന ഒരു ചൈന ഭാരതത്തിനു് വിലയേറിയ ഒരു അയൽക്കാരിയായിരിക്കും. അങ്ങിനെ ഒരു പരിതഃസ്ഥിതി എത്രയും വേഗം സംജാതമാകട്ടെ.

[ഒരു ഇംഗ്ലീഷ് ലേഖനത്തിൽനിന്നു് സംഗ്രഹിച്ചതു്.]

—o—

# 'സസ്യങ്ങളിലെ ധാതുവർഗങ്ങൾ'

പെരുമ്പുഴ, ടി. എൻ. വാസുദേവ്, യൂണിവേഴ്സിറ്റി കാളേജ്.

സസ്യജീവിതത്തിൽ ധാതുക്കളുടെ പ്രാധാന്യത്തെ ചൂണ്ടിക്കാണിച്ച ശാസ്ത്രീയഗവേഷണവിജയം മററ പലതിനേയും അപേക്ഷിച്ച് സാമ്പത്തികപ്രാധാന്യമുള്ള ഒന്നാണ്. ശാസ്ത്രീയവളങ്ങളുടെ ഉല്പാദനം ഇതിൽനിന്നും (Fertilizers) ആവിർഭവിച്ചിട്ടുള്ള നവീനവും പ്രധാനവുമായ ഒരു രസതന്ത്രശാഖയാണ്. നമ്മുടെ കാർഷികഭൂമിയിൽ ഏതെല്ലാം ധാതുക്കളാണ് ഇല്ലാത്തതെന്നും അവയുടെ അഭാവത്തെ വേണ്ടവണ്ണം പരിഹരിക്കുന്നതിന് ഏതെല്ലാം ശാസ്ത്രീയവളങ്ങളാണ് ഉപയോഗിക്കേണ്ടതെന്നും മററും കർഷകൻ അവശ്യം അറിഞ്ഞിരിക്കേണ്ടതാകുന്നു.

ഏകദേശം ഒരു നൂറാണ്ടുമുമ്പാണ് ലീബിഗ്ഗ് (Liebig) എന്ന ജർമ്മൻശാസ്ത്രപണ്ഡിതൻ സസ്യങ്ങളിലെ ധാതുപോഷണസിദ്ധാന്തം പ്രഖ്യാപനംചെയ്തത്. തൽഫലമായി ഉണ്ടായ പ്രായോഗിക പരീക്ഷണങ്ങളും ശാസ്ത്രീയാന്വേഷണങ്ങളും സസ്യങ്ങളിലെ ധാതുപോഷണത്തെക്കുറിച്ചും സസ്യോല്പാദനത്തിൽ ധാതുക്കൾ നിർവഹിച്ചുപോരുന്ന പ്രധാനസ്ഥാനത്തേയും വേണ്ടത്ര തെളിയിച്ചു. ചെടികളുടെ വളർച്ചയ്ക്ക് അവശ്യങ്ങളായ മൂലകങ്ങൾ (Elements) ഏതെല്ലാമാണെന്ന് ചില പ്രത്യേക പരീക്ഷണങ്ങൾമൂലം കണ്ടുപിടിച്ചു. അതിനുശേഷം നിരന്തരമായി നടത്തിയിട്ടുള്ള തീവ്രങ്ങളായ ഗവേഷണങ്ങൾ, ധാതുവർഗ്ഗങ്ങളുടെ അഭാവത്തെയും അവയുടെ നിവാരണമാർഗ്ഗങ്ങളേയും വിശദമായി വ്യക്തമാക്കിക്കഴിഞ്ഞിരിക്കുന്നു. സസ്യശാസ്ത്രത്തിലെ അപൂർവ്വവും അമൂല്യവുമായ ഈ നേട്ടം കർഷകജീവിതത്തെ പ്രത്യേകിക്കുന്നതിന് ഏറാവും പര്യാപ്തമായതാണെന്ന് പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ.

സസ്യപോഷണപ്രശ്നസംബന്ധിച്ച വിവിധങ്ങളായ മൂന്നു പ്രധാന ഉപാധികളിലൂടെയാണ് ശാസ്ത്രീയപരീക്ഷണങ്ങൾ നടത്തിയിട്ടുള്ളത്. കൃഷിസ്ഥലങ്ങളിലെ വിളവുകൾമുഖാന്തിരം വൻതോതിൽ നടത്തപ്പെട്ടതും, സൂക്ഷ്മമായ നിയന്ത്രണത്തിൽ വെള്ളവും മററു ചില ചെറിയ ശാസ്ത്രീയോപകരണങ്ങളും മാത്രം ഉപയോഗിച്ച് നടത്തിയിട്ടുള്ളതും അവസാനമായി പ്രത്യക്ഷ രസതന്ത്രത്തിലേയും സസ്യശരീരശാസ്ത്രത്തിലേയും ഉന്നതരം സമ്പ്രദായങ്ങൾ ഉപയോഗപ്പെടുത്തി ഗവേഷണശാലകളിൽ നടത്തിയ സൂക്ഷ്മതരമായ പരീക്ഷണങ്ങളുമാണ് ഇവമൂന്നും.

ചെടികളുടെ വളർച്ചയ്ക്കും സംരക്ഷണത്തിനും ആവശ്യമായ മൂലകങ്ങളെ പൊതുവെ മൂന്നായി വിഭജിക്കാം.

൧. നൈട്രജൻ (Nitrogen) ഫാസ്ഫറസ് (Phosphorus) കാൽസിയം (Calcium) മഗ്നീസിയം (Magnesium) പൊട്ടാസ്യം (Potassium) ഗന്ധകം (Sulphur) തുടങ്ങിയ വൻതോതിൽ ആവശ്യമുള്ള മൂലകവസ്തുക്കൾ.

൨. ഇരുമ്പ് (Iron മാങ്ഗനീസ് (Manganese) ബോറൻ (Boron) ചെമ്പ് (Copper) നാകം (Zinc) മുതലായ ഒഴിച്ചുകൂടാൻ പാടില്ലാത്തവയും തീരെ തുച്ഛമായ ചെറിയതോതിൽമാത്രം ആവശ്യമുള്ളവയുമായ മൂലകങ്ങൾ:

൩. സോഡിയം (Sodium) ക്ലോറിൻ (Chlorine) സിലിക്കൺ (Silicon) അലൂമിനിയം (Aluminium) എന്നീ നാലു മൂലകങ്ങൾ. ഇവ അത്യാവശ്യമല്ലെങ്കിലും ഏതാനും ചില ചെടികൾക്ക് ഗുണകരമാണ്.

നമ്മുടെ സസ്യവർഗ്ഗങ്ങളിൽ ഈവക മൂലകങ്ങൾ ഇല്ലാതെവരുന്നത് ഒന്നിലധികം കാരണങ്ങൾകൊണ്ടാണ്. ചില പ്രത്യേക മൂലകങ്ങൾ മണ്ണിൽ ഇല്ലാതെ വരുമ്പോഴോ അല്ലെങ്കിൽ ഒരൊററ മൂലകത്തിന്റെ വർദ്ധനവുകൊണ്ടോ ഇങ്ങനെ സംഭവിക്കും. പൊട്ടാസ്യം എന്ന ധാതുവിന്റെ കുറവ് നൈട്രജന്റെയോ ഫാസ്ഫാസിന്റെയോ ക്രമാതീതമായ വർദ്ധനവുകൊണ്ട് സംഭവിക്കാവുന്നതാകുന്നു. ഏതായാലും സസ്യത്തിന്റെ പൊതുവായ പരിതഃസ്ഥിതിയെ ആശ്രയിച്ചാണ് ധാതുക്കളുടെ ഏററക്കുറച്ചിൽ സ്ഥിതിചെയ്യുന്നത്. മണ്ണ്, ശീതോഷ്ണസ്ഥിതി, ഈർപ്പം, വായു തുടങ്ങിയ ചില പ്രത്യേക ഘടകങ്ങളെ അനുസരിച്ചാണ് ധാതുക്കളുടെ സ്ഥിതിയും. ധാതുപരിപോഷണമാർഗ്ഗങ്ങൾ വിവിധങ്ങളാണ്. ചെടികളിലെ സ്വാഭാവികമായ ചില പ്രത്യേക ലക്ഷണങ്ങൾ ധാതുക്കളുടെ അഭാവത്തെ വിളിച്ചുപറയുന്നു. ഈവിധ ലക്ഷണങ്ങൾ കർഷകന് വളരെ സഹായകരമായിരുന്നതിന് യാതൊരു സംശയവും ഇല്ല.

ഒരു ചെടിയിൽ (Nitrogen) നൈട്രജന്റെ അംശം ഒട്ടും ഇല്ലാതാകുമ്പോൾ അതു പിന്നീടുള്ള വളർച്ചയെ സാരമായി സ്പർശിക്കുന്നു. ഇത്തരം ചെടികളുടെ ഇല വെളുത്തതോ വെളുത്ത മഞ്ഞനിറമുള്ളതോ ആയി കാണപ്പെടുന്നു (Nitroge) 'നൈട്രജൻ' ഇല്ലാതെവരുന്ന ചെടികളിൽ പിന്നീട് കായോ പൂവോ ഉണ്ടാകുന്നില്ല. ഫാസ്ഫാസ് എന്ന ധാതുവിന്റെ അഭാവത്തിലും ഇതേ ലക്ഷണങ്ങൾതന്നെയാണ് കാണുന്നത്. എന്നാൽ 'ഫാസ്ഫാസ്' ഇല്ലാത്ത ചെടികളിലെ ഇലകൾ ഉരുളക്കിഴങ്ങിലെ ഇലകൾപോലെ ചുരുണ്ടുവരുന്നതായി കാണാൻ കഴിയും. 'കാൽസ്യം' (calcium) ഇല്ലായ്മയുടെ ലക്ഷണങ്ങൾ ആദ്യമായി വേരുകളിലാണ് ദൃശ്യമാകുന്നത്. ഇലകൾ കതിയില്ലാത്തവയും ചുരുണ്ടുമായി മടങ്ങിപ്പോകയും ചെയ്യുന്നു. 'മഗ്നീസിയം' (maguesium) കുറഞ്ഞുവരുമ്പോൾ അത് ഇലത്തണ്ടിനെയാണ് ബാധിക്കാറുള്ളത്. ഉണങ്ങുന്നതിനുമുമ്പുതന്നെ ഇലകൾ കൊഴിഞ്ഞുപോകുന്നു. 'പൊട്ടാസ്യം' ആവശ്യമുള്ളതിൽനിന്നും ഒരു ചെറിയ അളവ് കുറയുമ്പോൾ അത് ശാഖകളുടേയും ചെടിയുടെ തടിയുടേയും വളർച്ചയെ തടയുന്നു. ഈ ധാതു അശേഷം ഇല്ലാതാകുമ്പോൾ ജീവഹാനിയും സംഭവിക്കുന്നു. ഇത്തരം ചെടികളിലെ കായ്കൾ രോഗവും എണ്ണത്തിൽ പ്രായേണ കുറവുമായിരിക്കും. മധുരക്കിഴങ്ങ്, തുടങ്ങിയ ചിലതരം സസ്യങ്ങളിൽമാത്രമേ 'സോഡിയം' (Sodium) ഇല്ലാതെ കാണാറുള്ളു. ഇലകൾ കട്ടും പച്ചനിറമുള്ളതാകുകയെന്നതാണ് ഇതിന്റെ ലക്ഷണം. നൈട്രജന്റെ ലക്ഷണങ്ങളും പലതും ഗന്ധക (Sulphus) ത്തിന്റെ കാര്യത്തിലും സാമ്യം വഹിക്കുന്നുണ്ട്.

ഇരുമ്പിന്റെ (Iron) അയാംശം) അംശം ഇല്ലാത്ത ചെടികളുടെ തളിരിലകളുടെ ആദ്യം മഞ്ഞനിറമുള്ളതായികാണപ്പെടും. അതിനുശേഷം ചെറിയ ശാഖകളും ഉണങ്ങി നശിച്ചുപോകുന്നു. ക്രമേണ എല്ലാ ഇലകളിലും ഈ നിറഭേദം ഉണ്ടാകുന്നു. മാങ്ഗനീസ്, Manganese ഇരുമ്പിന്റെ (Iron) കാര്യത്തിൽനിന്നും ഒട്ടും വ്യത്യാസപ്പെടുന്നില്ല. ചെമ്പ് നാകം, (Zinc) ഈ ധാതുക്കളുടെ അഭാവം പരക്കെ വ്യാപിച്ചിട്ടുള്ള ഒന്നല്ല.

സാധാരണ കണ്ടുവരാറുള്ള എല്ലാ ധാതു അഭാവത്തേയും അവയുടെ ലക്ഷണസഹിതം അറിഞ്ഞതിനുശേഷം, നമ്മുടെ കൃഷിസ്ഥലങ്ങളിൽ ഏതെല്ലാം ധാതുക്കളാണ് ഇല്ലാത്തതെന്നും അവയുടെ നിവാരണാർത്ഥം ഏതുതരം കൃത്രിമവളങ്ങളാണ് നാം സ്വീകരിക്കേണ്ടതെന്നുംമററും ചിന്തിക്കുന്നത് വിജ്ഞാനപ്രദമായിരിക്കും.

ഏതുതരം ഭൂമിയിലും നൈട്രജൻ (Nitrogen) ഇല്ലാതെ വരാവുന്നതാണ്. നൈട്രജൻധാതു അടങ്ങിയിട്ടുള്ള ശാസ്ത്രീയവളങ്ങൾ (Nitrogenous Fertilizers) ഉപയോഗിച്ചാൽ അതെത്ര പ്രത്യക്ഷമാണ്. ഇതിന്റെ പ്രതിപ്രവർത്തനം (Reaction) വളരെ പ്രത്യക്ഷവുമാണ്. വലിയ വർഷപാതമുള്ള പ്രദേശങ്ങളിലാണ് ഫാസ്ഫാസ് ഇല്ലാതാകുന്നത്. മണ്ണിൽ ഈ മൂലകവസ്തു ഉല്പാദിപ്പിക്കുന്നതിനുള്ള രസദ്രവ്യങ്ങൾ Chemicals സുലഭങ്ങളാണ്. ചെറിയ തോതിൽ മാത്രം ഉല്പാദിപ്പിച്ചാൽ മതിയെങ്കിൽ സൂപ്പർഫാസ്ഫേററ് (Super Phosphate) തുടങ്ങിയ നല്ലതുപോലെ ലേയത (Solubility) യുള്ള ശാസ്ത്രീയവളങ്ങൾ ഉപയോഗിച്ചാൽ മതിയാകും. വൃക്ഷങ്ങളുടെ കാര്യത്തിലാണെങ്കിൽ മണ്ണിൽ വളരെ ആഴത്തിൽ കുഴിച്ച് ഈ വളം ഇട്ടുകൊടുക്കുകയാണ് വേണ്ടത്. അവയുടെ വേരുകൾ ആഴത്തിൽ പോകുന്നതുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നതിനുള്ള കാരണം. 'കാൽസിയം' ഇല്ലാതെവരുന്നത് ആ ധാതു വർഷകാലങ്ങളിൽ വെള്ളത്തിൽ ലയിച്ച് ഒഴുകിപ്പോകുന്നതുകൊണ്ടാണ്. പാടങ്ങളിൽ ഇതിന്റെ അഭാവം കണ്ടുപിടിക്കാൻ അത്ര സുസാദ്ധ്യമല്ല. ഇതിന്റെ ഏകപരിഹാരമാർഗ്ഗം ചുണ്ണാമ്പ് (Lime) (കുമ്മായം) നല്ലതുപോലെ ചേർത്ത് ഉഴവുകയെന്നതാണ്. 'കാൽസിയം' കുറഞ്ഞ മണ്ണിൽത്തന്നെ മഗ്നീസ്യവും കാണുകയില്ല. ഇതിന് മഗ്നീസ്യം സൽഫേററ് (Magnesium Sulphate) ആണ് സാധാരണഉപയോഗിക്കാറുള്ളത്. (Potazh) പൊട്ടാഷ് (സസ്യക്ഷാരം) കൂടുതൽ ഉപയോഗിച്ചാൽ മഗ്നീസ്യത്തിന്റെ അംശം മണ്ണിൽ ഒട്ടുംതന്നെ ഇല്ലാതാകുന്നതാണ്. പൊട്ടാസ്യത്തിന്റെ കുറവ് നല്ലപോലെ പശിമയുള്ള മണ്ണിൽ മാത്രമേ സംഭവിക്കുന്നുള്ളു. (Potassium Sulphate) പൊട്ടാസ്യം സൽഫേററ്, പൊട്ടാസ്യം നൈട്രേററ്, മുതലായവയാണ് നിവാരണാർത്ഥം ഉപയോഗിക്കപ്പെടുന്ന ശാസ്ത്രീയവളങ്ങൾ. ചാണകം ഈ ആവശ്യത്തിന് വളരെ യോജിച്ചതാണ്. സോഡിയം (Sodium) ക്ലോറിൻ (Chlorine) എന്നീ രണ്ടു ധാതുക്കളുടേയും അഭാവത്തിൽ നാം കൃഷിക്കുപയോഗിക്കുന്ന ഉപ്പാണ് പ്രതിക്രിയാമാർഗ്ഗമായി സ്വീകരിക്കേണ്ടത്. ചെമ്പ് (Copper) നാകം (Zinc) മുതലായ ധാതുക്കളുടെ അഭാവം ഏതുതരം മണ്ണിലാണ് ഉണ്ടാകുന്നതെന്ന് ഇതുവരെ ശാസ്ത്രജ്ഞന്മാർ സൂക്ഷ്മമായി അഭിപ്രായപ്പെട്ടിട്ടില്ല. ഫാസ്ഫറസ് (Phosphorous) കുറവായുള്ള മണ്ണിൽ നാക(Zinc)ത്തിന്റെ അംശം കുറവായിരിക്കുമെന്ന് ന്യായമായി അനുമാനിക്കുന്നു. മിക്കവാറും മണൽ പ്രദേശങ്ങളിലാണ് ചെമ്പിന്റെ (Copper) കുറവുകാണാറുള്ളത്. താമ്രസൾഫേററ് (Copper Sulphate) ഉപയോഗിച്ചാൽ ഈ ധാതുവും വീണ്ടെടുക്കാം.

—o—

## നടനകലാമണ്ഡലം



കഥകളി ഭാഗവതർ ശ്രീ. ആർ. കെ. പണിക്കരുടെ നേതൃത്വത്തിൽ സ്ഥാപിച്ചു നടത്തപ്പെട്ടുവരുന്ന ചെമ്പകശ്ശേരി നടനകലാമണ്ഡലത്തിലെ വിദ്യാർത്ഥിവിദ്യാർത്ഥിനികൾ. വലത്തെ അററം നിൽക്കുന്നതു ശ്രീ. കുഞ്ഞൻപണിക്കരും, പിന്നിൽ ശ്രീ. അയ്യപ്പൻപിള്ള, ആർ. കെ. പണിക്കർ എന്നിവരുമാണ്.

ഇൻഡ്യാഗവമെന്റ ടെക്സ്റ്റൈൽ കമ്മീഷണർ മി: ശിവശങ്കർ ഐ സി. എസ്.



മി: ധർമ്മവീര ഐ. സി. എസ്-നു പകരം ഇദ്ദേഹത്തെ ഇൻഡ്യാഗവർമ്മെൻറിന്റെ ടെക്സ്റ്റൈൽ കമ്മീഷണറായി നിയമിച്ചിരിക്കുന്നു.

## പിത്തകുലാന്തകൻ


—o—

എല്ലാവിധ പിത്തരോഗങ്ങൾക്കും ഒരു ദിവ്യൌഷധം
30-നേരത്തെ മരുന്നടങ്ങിയ ഡപ്പി
ഒന്നുക്ക് വില രൂപ 2.
ബോംബെ മെഡിക്കൽ ഹാൾ, കൊല്ലം


## M. P. PAUL'S COLLEGE,
### CHANGANACHERRY.
**Hostels attached.**

B. A. & B. Sc. classes in working order
Intermediate TVR & MDS classes begin on 3rd November.

M. P. Paul M. A.
*Principal.*



ഇടത്ത്—ജപ്പാനുമായുള്ള സമാധാനഉടമ്പടിയെപ്പറ്റി പ്രാരംഭആലോചനകൾ നടത്തി കാൻബറാ (ആസ്ട്രേലിയാ)യിൽവച്ച് സമ്മേളിച്ച കാമൺവെൽത്തു രാഷ്ട്രങ്ങളുടെ പ്രഥമയോഗം. വലത്തുനിന്ന ഇടത്തോട്ട്—സർ ഫ്രെഡറിക് പാറ്റിക്ക്ളെ, സർ രാമറാവു (ഇൻഡ്യ), മെ: കെ. എം. ഗ്രീൻ, ബ്രൂക്ക് ക്ലാക്സ്റ്റൺ (കാനഡാ), തകിൻലുൻബാ (ബർമ്മാ), മേജർ പ്ലിംസോൾ, മി. ആർ. പോളാർഡു, ഡി. വി. എവാററ, ജെ. ജെ. ഡെൻമാൻ (ആസ്ട്രേലിയ) ഷാർട്ട്ഹാൻ മൊട്ടർ, അഡിസൻ പ്രഭു, ഫാക് ടർമാക്നീൽ, ഇ. ജെ. വില്യംസ് (ബ്രിട്ടൻ).



വലത്ത്—രാജകുടുംബം ഹൈലൻഡിൽ—ബ്രേമർഹൈലൻഡു സമ്മേളനത്തിൽ സംബന്ധിക്കുന്നതിന രാജകുടുംബാംഗങ്ങൾ സ്കോട്ട്ലൻഡു സന്ദർശിച്ച അവസരത്തിൽ എടുത്ത ഫോട്ടോ. രാജാവും രാജ്ഞിയും അബർഡീൻപ്രഭുവുമായി സംസാരിച്ചുകൊണ്ടു നിൽക്കുന്നു. രാജാവും പ്രഭുവും സ്കോട്ടിഷ് ഹൈലൻഡേഴ്സിന്റെ വേഷമാണു ധരിച്ചിരിക്കുന്നതു്.

# ലോകജാതകത്തിലെ കാളസർപ്പയോഗം

പ്രൊഫസർ, കെ. സി. കേശവൻ.

ജ്യോതിശ്ശാസ്ത്രത്തിന്റെ ഫലനിരൂപണവകുപ്പിൽ യോഗങ്ങൾക്ക് ഒരു സുപ്രധാനമായ സ്ഥാനമുണ്ടു. നിർദ്ദിഷ്ട സ്ഥാനത്തു നിർദ്ദിഷ്ടഗ്രഹങ്ങൾ നിർദ്ദിഷ്ടമായ നിലയിൽ പ്രകാരം നിൽക്കുന്നവെങ്കിൽ ജ്യോതിശ്ശാസ്ത്രത്തിലെ സാമാന്യനിയമങ്ങൾക്കതീതമായി എന്തു സംഭവിക്കുന്നുവെന്നാണു യോഗങ്ങൾ കാണിച്ചുതരുന്നതു്. വിശേഷവിധിയെന്നു നിർവചിക്കാവുന്ന ഈ യോഗങ്ങളെ പലവിധത്തിൽ തരം തിരിക്കേണ്ടതുണ്ടു്. എന്നാൽ വളരെ അപൂർവമായി മാത്രം ഒത്തുവരാവുന്ന യോഗങ്ങൾ പ്രത്യേകം ഗണനീയങ്ങളാണു്. ഈ ലേഖനത്തിനു വിഷയമായ 'കാളസർപ്പയോഗം' അങ്ങനെയുള്ള അസാധാരണ യോഗങ്ങളിൽ ഒന്നാകുന്നു.

രാഹു കേതുക്കൾ നിൽക്കുന്നതിന്റെ പരിധികളിൽ സൂര്യാദി സപ്തഗ്രഹങ്ങൾ വന്നുചേരുമ്പോഴാണു് കാളസർപ്പയോഗമുണ്ടാകുന്നതു്. ഇതുതന്നെ, രാഹു കേതുക്കൾ നിൽക്കുന്ന കേന്ദ്രങ്ങളുടെ ഇരുവശങ്ങളുമായി രണ്ടുവിധത്തിൽ സംഭവിക്കാം. ഇതിൽ കേതുപാർശ്വമുഖമായി ഏഴു ഗ്രഹങ്ങൾ സഞ്ചരിക്കുമ്പോഴുണ്ടാകുന്ന കാളസർപ്പയോഗം വിനാശോന്മുഖമായ പരിവർത്തനത്തെയും, മറ്റേതു് അഭ്യുദയകരമായ പരിവർത്തനത്തെയുമാണു് വഹിക്കുക.

സൂര്യാദിസപ്തഗ്രഹങ്ങൾ കഴിഞ്ഞതാണ്ടു കർക്കടകമാസംമുതൽ ഈ യോഗത്തിലാണു നിൽക്കുന്നതു്. ചന്ദ്രൻമാത്രം ചിലപ്പോഴെല്ലാം ഈ പരിധിവിട്ടു സഞ്ചരിക്കുന്നുണ്ടെങ്കിലും, ക്ഷണികനായ ചന്ദ്രൻ വീണ്ടും അതിലേക്കുതന്നെ നിപതിച്ചുപോകുന്നതുകൊണ്ടു ലോകജാതകത്തിന്റെ ഈ യോഗഫലത്തെ കീഴ്പ്പെടുത്തുവാൻ ചന്ദ്രൻ അശക്തനായിത്തീരുന്നു.

ഗ്രഹങ്ങളിൽ മന്ദഗതികളായ ശനിയും വ്യാഴവും, രാഹു കേതുക്കളാൽ സൃഷ്ടിക്കപ്പെട്ട ഈ ബ്രാക്കറ്റിനുള്ളിൽ അകപ്പെട്ടുപോയതെന്ന കാളസർപ്പയോഗമാകുന്ന നാടകത്തിന്റെ തിരശ്ശീല നീക്കുകഴിഞ്ഞു. ൧൧൨൦-ഇടവമാസത്തിലാണതുണ്ടായതു്. കാളസർപ്പയോഗത്തിന്റെ ഫലമായ ഒരു സമൂലപരിവർത്തനത്തിന്റെ പ്രാരംഭമായിരുന്നു അതു്.

ഒരു പ്രാചീനമായ ജ്യോതിഷഗ്രന്ഥത്തിൽ കാളസർപ്പയോഗഫലത്തെ ഇങ്ങനെ ചിത്രീകരിച്ചിരിക്കുന്നു:—

"സ്ഥാനാൽ ഭ്രഷ്ടശ്ച ദുഃഖീ ജളമതിരടനോ-
ചഞ്ചലശ്ചിത്തവൃത്തി-
ർഭ്രാതൃദ്വേഷീ ച ഗർവ്വീ കൃശതനുരധനഃ
കാളസർപ്പാഖ്യയോഗേ"

ഒരു ജാതകത്തിൽ കാളസർപ്പയോഗമുണ്ടായാൽ അവന്റെ അനുഭവങ്ങളെയാണിവിടെ വശദീകരിച്ചിരിക്കുന്നതു്. സാർവലൗകികമായ അനുഭവങ്ങളിലും ഈ പ്രമാണത്തെ അംഗീകരിക്കാൻ പാടില്ലെന്നില്ല. ലോകത്തിലെവിടെയും സമൂലമായ ഒരു പരിവർത്തനം ഈ സന്ദർഭത്തിൽ ഉണ്ടാവുകതന്നെ ചെയ്യും. ഭരണകൂടങ്ങൾ മാറുകയും, അഭിപ്രായങ്ങൾക്കും ആദർശങ്ങൾക്കും സാരമായ വ്യതിയാനം വരികയും ചെയ്യുന്നതിനുപുറമേ, അസമാധാനം, അസന്തുഷ്ടി, അമൈത്രി, അന്തഃഛിദ്രം മുതലായവ ഈ അവസരത്തിൽ എവിടെയും നടമാടുകതന്നെ ചെയ്യുന്നതാണു്. സാമ്പത്തികമായ വൈഷമ്യങ്ങളും ആരോഗ്യഹാനിയും ആഹാരസാധനങ്ങളുടെ ദുർഭിക്ഷതയും ആ ദുരനുഭവങ്ങൾക്കു സഹായകമായിരിക്കും. കൃഷി, വ്യാപാരം, വ്യവസായം തുടങ്ങിയ മണ്ഡലങ്ങളും ഇക്കാലത്തു ക്ഷീണിക്കുവാനേ അവകാശമുള്ളൂ.

൧൧൨൩-വൃശ്ചികം ൨൬-നു രാഹു മേടത്തിലേക്കും കേതു തുലാത്തിലേക്കും മാറുന്നതോടുകൂടി കാളസർപ്പയോഗം അവസാനിക്കുന്നു. ലോകമൊട്ടാകെയുള്ള ദുരിതങ്ങൾ അതോടെ പര്യവസാനിക്കുമെന്നു ആശിക്കാം.

—ഠ—

## ബാംഗ്ളൂർ കേരളസമാജം

—ഠ—

അക്ടോബർ ൨൦—ബാംഗ്ളൂർ കേരളസമാജം സാഹിത്യവകുപ്പിന്റെ ഒരു അസാധാരണയോഗത്തിൽവച്ച് ശ്രീ. ക്യാപ്റ്റൻ കെ. യു. മേനോൻ എം. എ, മന്നോർ പി. കെ. അച്യുതൻനായർ, എന്നീ മാന്യന്മാരെ യഥാക്രമം ആ വകുപ്പിന്റെ സ്ഥിരാദ്ധ്യക്ഷനായും ഉപാദ്ധ്യക്ഷനായും ശ്രീ. പി. എം. ജോർജ്, പ്രൊഫസർ ഗോപാലൻ പരമേശ്വരയ്യർ ബി. എ. എൽ. റ്റി, എന്നിവരെ യഥാക്രമം കാര്യദർശി, ഉപകാര്യദർശി, ഖജാൻജി എന്നീ സ്ഥാനങ്ങളിലേക്കും ഐകകണ്ഠ്യേന തിരഞ്ഞെടുത്തിരിക്കുന്നു.

ശ്രീ: കെ. യു. മേനോൻ എം. എ. യുടെ അദ്ധ്യക്ഷതയിൽ അക്ടോ: ൨൬-ാം തീയതി കൂടിയ സാഹിത്യസമ്മേളനത്തിൽ ശ്രീ: പി. കെ. അച്യുതൻനായർ 'മഹാകവി കുമാരനാശാനും കരുണയും' എന്ന വിഷയത്തെക്കുറിച്ച് സുദീർഘമായ ഒരു വാചാപ്രസംഗം നടത്തുകയും അതിനെത്തുടർന്ന് മെസ്സേഴ്സ് എൻ. ആർ. കെ. പിള്ള, ജി. എസ്സ്. പിള്ള, ആന്റണി, ദാമോദരൻനായർ, കുട്ടൻ എന്നിവർ അഭിപ്രായപ്രകടനം നടത്തുകയും ചെയ്തു. നവംബർ ൧൫-ാംനു-യാണു് സമ്മേളിക്കാൻ നിശ്ചയിച്ചിരിക്കുന്ന സമാജം വാർഷികയോഗത്തിനോടു് അനുബന്ധിച്ച് ഒരു കഥകളിയും, പാഠകവും കൂടി നടത്തണമെന്നും, അതിനെസംബന്ധിച്ചു കൂടുതൽ അന്വേഷണങ്ങൾ നടത്തുന്നതിനു് ഈ കമ്മററി ചുമതലപ്പെടണമെന്നും തീരുമാനിച്ചിരിക്കുന്നു. സാഹിത്യവകുപ്പിന്റെ ഒരു നാടകവും കേരളപുത്രി വിശേഷാൽപ്രതിയുടെ സമർപ്പണവും ഈ ദിവസങ്ങളിൽ ഉണ്ടായിരിക്കണമെന്നും നിശ്ചയിച്ചു.

### രാഷ്ട്രീയസമ്മേളനം

അക്ടോബർ ൧൯—തെക്കൻ തിരുവിതാംകൂറിലെ തമിഴ് കാൺഗ്രസ്സും ഇതര തമിഴ് സംഘടനകളും തിരുവിതാംകൂറിനെ വെട്ടിമുറിക്കുന്നതിനു് ശ്രമിക്കുന്നു എന്നും, രാഷ്ട്രീയനേതാക്കന്മാർ അതിനുള്ള സൌകര്യം ഉണ്ടാക്കുന്നതു് വഞ്ചിനാട്ടിന്റെയും കേരളത്തിന്റെയും പൊതുവായ നന്മയ്ക്കു് വിഘാതമാണെന്നും ഉള്ള പ്രസ്താവനയോടുകൂടി മി. എൻ. രാമകൃഷ്ണപിള്ള നടത്തിയ പ്രസംഗത്തിൽ 'മലയാളികളും അവരുടെ വിദേശസംഘടനകളും അതാതു നാട്ടുകാരോടൊത്തു് പ്രവർത്തിക്കുകയും, അതാതു ദേശത്തിലെ ഭൂരിപക്ഷസമുദായത്തിന്റെ പ്രവർത്തനങ്ങളോടു് സഹകരിക്കുകയും ചെയ്യണമെന്നു് ഉദ്ബോധിപ്പിച്ചു. കേരളീയസംഘടനകൾ ത്രിശങ്കുസ്വർഗ്ഗംപോലെ നിൽക്കുന്നതു് നമ്മുടെ സംഘടനകളുടെ ആരോഗ്യത്തിനു് കോട്ടംതട്ടിക്കുന്നു. നമ്മെ ഒരു ഇതരസമുദായമായി അഥവാ ഒരു ഭാരതീയനായിത്തന്നെ വീക്ഷിക്കുവാൻ സാധിക്കാത്ത ഒരു നില നമുക്കു് വിദേശത്തു വരുത്തവച്ചാൽ അതിന്റെ ഫലം ഇന്നത്തെ ആംഗ്ലോഇൻഡ്യൻ സമുദായത്തിന്റെ നിലയായിരിക്കുമെന്നും ചൂണ്ടിക്കാണിച്ചു.

ഈ അഭിപ്രായത്തെ പലരും അനുകൂലിക്കുകയും, അക്ടോബർ ൨൪-ാംനു-മൈസൂർദിനം കൊണ്ടാടണമെന്നു് ഐകകണ്ഠ്യേന തീരുമാനിക്കുകയും ചെയ്തിരിക്കുന്നു. ഈ ദിനത്തിൽ മൈസൂറിലെ പല രാഷ്ട്രീയനേതാക്കന്മാരുടെ പ്രസംഗങ്ങളും ഘോഷയാത്ര പതാകവന്ദനം മുതലായവയും ഉണ്ടായിരിക്കുന്നതാണെന്നു് അറിയുന്നു.

—•—


## വായനശാലയ്ക്കും വായനക്കാർക്കും?

| ചെറുകഥകൾ | | നാടകങ്ങൾ | |
|---|---|---|---|
| മുരളീഗാനം N. P. | 1—8—0 | രാഗിണി | 1—8—0 |
| തണ്ണീർപ്പന്തൽ N. P. | 1—8 0 | കവയുടെമകൾ | 1—4—0 |
| നിത്യകന്യക | 1—8—0 | ജീവിതം | 1—0—0 |
| ഒരുറപ്പിക | 1—0—0 | പ്രണയതസ്കരൻ | 1—8—0 |
| നിർമ്മല | 1—0—0 | കലാവതി | 0-12—0 |
| കാളേജുകുമാരി | 0-12—0 | രസബിന്ദു | 0-12—0 |

## മലയാളംബുക്കഹൌസ്,

രങ്കയ്യഗൌഡർതെരുവു്, കോയമ്പത്തൂർ.

H. O. റായപ്പേട്ട—മദ്രാസ്.


Printed and Published by N. Chandrasekharan Nair at the Sree Rama VilasPress, Quilon.